
LIGHTED TO LIGHTEN

പ്രകാശനായ
പ്രകാശിതഃ

# മലങ്കര സഭാതാരക

MALANKARA SABHA THARAKA

September 2021 Volume 129 Issue 9 വില: 8.50



# മധുരം വാർദ്ധക്യം




കാലം ചെയ്ത മലങ്കര ഓർത്തോഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവക്ക് അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ അന്തിമോപചാരങ്ങൾ അർപ്പിക്കുന്നു.



ഭാരത് സേവക് സമാജവും പി.എൻ. നമ്പൂതിരി ഫൗണ്ടേഷനും സംയുക്തമായി സംഘടിപ്പിച്ച ഓണനിലാവ് - മാനവമൈത്രീ സംഗമം അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉത്ഘാടനം ചെയ്യുന്നു. സ്വാമി നിർവിണാനന്ദ, ഡോ. രമേശ് ഇളമൺ നമ്പൂതിരി, ശ്രീ. ബാബു തിരുവല്ല എന്നിവർ സമീപം

## ആദരാഞ്ജലികൾ



**മലങ്കര കത്തോലിക്കാ സഭ ഡൽഹി ഗുരുഗ്രാം രൂപത അധ്യക്ഷൻ അഭിവന്ദ്യ ഡോ.ജേക്കബ് മാർ ബർണബാസ്**





മലങ്കര യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ ബസേലിയസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവക്ക് അഭിവന്ദ്യ ഡോ.തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത 93 - മത് ജന്മദിനാശംസകൾ നേരുന്നു. സഭാ സെക്രട്ടറി റവ. കെ. ജി. ജോസഫ് മെത്രാപ്പോലീത്തയുടെ ഒപ്പമുണ്ടായിരുന്നു. യാക്കോബായ സുറിയാനി സഭയുടെ മാത്യൂസ് മാർ അന്തീമോസ് മെത്രാപ്പോലീത്ത, വൈദീക ട്രസ്റ്റി സ്ലീബാ പോൾ വട്ടവേലിൽ കോറെപ്പിസ്കാപ്പ എന്നിവരും സന്നിഹതരായിരുന്നു.

# മലങ്കര സഭാതാരക

പുസ്തകം 129 ലക്കം 09 സെപ്റ്റംബർ 2021


## ജാലകം


04 മെത്രാപ്പോലീത്തായുടെ കത്ത്

08 വിചാരദീപ്തി

09 എഡിറ്റോറിയൽ

10 വാർദ്ധക്യവും വിളവെടുപ്പുകാലവും
ഫാ. സഖേർ

13 നിസ്സഹായ വാർദ്ധക്യം: സഭയ്ക്ക് പുതിയ ദൗത്യരംഗം
എം. തോമസ് മാത്യു

15 എഴുപത്തിയഞ്ച്
സച്ചിദാനന്ദൻ

17 സാധാരണാനന്തര കാലവും വാർദ്ധക്യ വിചാരങ്ങളും
റവ. അലക്സ് മൈലച്ചൽ

19 മുതിർന്ന പൗരന്മാരും ക്ഷേമസംരക്ഷണ നിയമങ്ങളും
ജസ്റ്റിസ് കെ. റ്റി. തോമസ്

21 'വൈകിയും പുഷ്പിക്കാം': അമ്മമാർക്കൊരു ലുത്തിനിയ
റോസ് ജോർജ്ജ്

23 കോവിഡ് 19ന്റെ കാലത്ത് വയോജനങ്ങൾ
ഡോ. മർക്കോസ് അറയ്ക്കൽ

25 The Silver Stars in the Autumn Sky
Dr. Mary Binsu Abraham

26 ഗുരുദക്ഷിണ
റവ. തോമസ് പി. കോശി


27 വിലയ്ക്കുവാങ്ങുന്ന തടവറകൾ
ഡോ. ലിബൂസ് ജേക്കബ് ഏബ്രഹാം

30 'Death Cleaning': Growing Old, Living Responsibly
Deepa Rachel Thomas

32 ഓർമ്മയിലെ പൂമരം
തോമസ് മാത്യു, വടവാതൂർ

35 ദൗത്യ യാത്രയുടെ കനൽ ദൂരങ്ങൾ
പി.റ്റി.തോമസ്




## പത്രാധിപസമിതി

**ചെയർമാൻ**
**റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ്**
**സഫ്രഗൻ മെത്രാപ്പോലീത്താ**

**ചീഫ് എഡിറ്റർ**
റവ. ഡോ. മോത്തി വർക്കി

**മാനേജർ**
റവ. ജേക്കബ് ജോർജ് സി.

**പത്രാധിപസമിതി**
റവ. അലക്സാണ്ടർ തരകൻ റ്റി.കെ.
ശ്രീ. ജോർജ് തോമസ്, മെൽബൺ
പ്രൊഫ. ഡോ. കോശി മത്തായി
ശ്രീ. ജേക്കബ് ഇമ്മാനുവേൽ

**മാനേജിംഗ് കമ്മിറ്റി**
റവ. തോമസ് മാത്യു (വിലങ്ങറ)
ശ്രീമതി അനി കോശി
ശ്രീ. എൻ. സണ്ണി
ശ്രീ. സന്തോഷ് ഏബ്രഹാം
ശ്രീ. എ. എം. മാണി



**വരിസംഖ്യ ഇന്ത്യയിൽ**
(തപാൽ ചെലവ് ഉൾപ്പെടെ) വാർഷികം ₹ **200.00**
ആയുഷ്ക്കാലം ₹ **3500.00** (25 വർഷം)
സ്ഥിരകാലം (സ്ഥാപനങ്ങൾക്ക്) ₹ **5000.00** (40 വർഷം)
**വിദേശങ്ങളിൽ**: Air Mail Charge ₹ **1500/-**
ഒരുവർഷത്തേയ്ക്ക് (വരിസംഖ്യ കൂടാതെ)

സഭാതാരകയ്ക്കുള്ള വരിസംഖ്യ, മാസിക സംബന്ധമായ കത്തുകൾ, ഇവ അയയ്ക്കുമ്പോൾ സബ്സ്ക്രൈബർ നമ്പർ കാണിച്ചിരിക്കണം. പണവും, കത്തുകളും, **റവ. ജേക്കബ് ജോർജ് സി., മാനേജർ, സഭാതാരക, തിരുവല്ല,** കേരളം, പിൻ: 689 101. ഫോൺ: 0469 - 2630968 (O) എന്ന വിലാസത്തിൽ അയയ്ക്കുക.

പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം:
**റവ. ഡോ. മോത്തി വർക്കി, ചീഫ് എഡിറ്റർ, സഭാതാരക, മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല 689 101,**
**Ph: 0469 - 2630968 (OFFICE)**
tharakachiefeditor@gmail.com • sabhatharaka@yahoo.com

മുഖചിത്രം: **മധുരം വാർദ്ധക്യം**
പ്രിന്റിംഗ്: മാർത്തോമ്മാ പ്രസ്സ്
Cover Design & Layout: Crayons Media, +91 9495901381

Mar Thoma Syrian Church: www.marthomasyrianchurch.org



സെപ്റ്റംബർ 2021

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം

കള്ളവും ചതിയുമില്ലാത്ത ഒരു സാമൂഹ്യക്രമം ഓർമ്മിപ്പിച്ചുകൊണ്ട് വീണ്ടും ഒരു ഓണക്കാലം കടന്നുപോയി. മാനുഷരെല്ലാവരും ഒന്നുപോലെ എന്നു കരുതിയിരുന്ന ഒരു നല്ല കാലത്തിന്റെ സ്മരണ ഇന്നത്തെ സാമൂഹ്യക്രമങ്ങളെ പുനഃക്രമീകരണം ചെയ്യാൻ നമ്മെ സജ്ജരാക്കേണ്ടതാണ്. മഹാമാരി മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ട് നമ്മുടെ മധ്യേയുള്ള ലക്ഷോപലക്ഷം ആളുകളെ, അതിഥി തൊഴിലാളികളെ, ജോലി നഷ്ടപ്പെട്ട് വിദേശത്തു നിന്നും തിരിച്ചെത്തുന്നവരെ, കരുതുവാൻ ഓണത്തിന്റെ സ്മരണ നമ്മെ സജ്ജരാക്കിയിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കുന്നു.

കഴിഞ്ഞ അധ്യയന വർഷത്തെ എസ്. എസ്. എൽ. സി., ഹയർ സെക്കണ്ടറി പരീക്ഷകളിൽ നമ്മുടെ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിലെ കുട്ടികൾ ഉന്നത വിജയം കരസ്ഥമാക്കി എന്നത് അഭിമാനകരമാണ്. എസ്. എസ്. എൽ. സി. ക്ക് നമ്മുടെ 10 സ്കൂളുകൾ 100 ശതമാനവും അഞ്ചു സ്കൂളുകൾ 98 ശതമാനത്തിൽ കൂടുതലും വിജയം കരസ്ഥമാക്കി. ഹയർ സെക്കണ്ടറിയിൽ 3 സ്കൂളുകളിലെ വിജയശതമാനം 97 ഉം മറ്റ് അഞ്ചു സ്കൂളുകളിലെ വിജയശതമാനം 85 ൽ കൂടുതലും, മറ്റൊരു സ്കൂളിലെ വിജയ ശതമാനം 75 ഉം ആണ്. സി. ബി. എസ്. ഇ., ഐ. സി. എസ്. ഇ. എന്നീ സ്ട്രീമുകളിലുള്ള സ്കൂളുകളും ഉന്നത വിജയം കരസ്ഥമാക്കിയത് അഭിമാനകരമാണ്. ഈ നേട്ടത്തിൽ ഭാഗഭാക്കുകളായ അധ്യാപകർ, വിദ്യാർത്ഥിനി-വിദ്യാർത്ഥികൾ, മറ്റു സ്നേഹിതർ എല്ലാവരെയും സഭയുടെ അഭിനന്ദനം അറിയിക്കുന്നു. ഹയർ സെക്കണ്ടറി വിഭാഗത്തിൽ, പത്തനംതിട്ട മാർത്തോമ്മാ ഹയർ സെക്കണ്ടറി സ്കൂളിലെ വന്ദന വേണുവും, തിരുവല്ല സിറിയൻ ക്രിസ്ത്യൻ സെമിനാരി ഹയർ സെക്കണ്ടറി സ്കൂളിലെ സംഗീത് ജെ. പ്രമോദും, അനീന മേഴ്സി സാമും കൊമേഴ്സ് വിഭാഗത്തിൽ 1200 ൽ 1200 മാർക്കും നേടി അഭിമാനകരമായ വിജയം കരസ്ഥമാക്കി. അവരെയും അവർക്കു പരിശീലനം നൽകിയ അധ്യാപകരെയും പ്രത്യേകം അഭിനന്ദിക്കുന്നു. തലവടി റ്റി. എം. റ്റി. ഹൈസ്കൂളിലെ പ്രഥമാധ്യാപികയായിരുന്ന ശ്രീമതി. വിൻസി ഫിലിപ്പ് 'ഗുരുശ്രേഷ്ഠ' അവാർഡ് കരസ്ഥമാക്കി എന്നതിലുള്ള അഭിനന്ദനം അറിയിക്കുന്നു. സ്കൂളുകളിൽ അധ്യാപകരെ നിയമിക്കുന്നതിന് കേരള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതിനാൽ നമ്മുടെ മാനേജ്മെന്റിൽ ഉൾപ്പെട്ട വിവിധ സ്കൂളുകളിലായി 58 അധ്യാപകരെ നിയമിക്കുവാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.

2019-20, 2020-21 വർഷങ്ങളിലെ സഭാ പ്രതിനിധി മണ്ഡലയോഗം 2021 ഒക്ടോബർ 13, 14, 15 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ഓഡിറ്റോറിയത്തിൽ വച്ച് ഓൺലൈൻ പ്ലാറ്റ്ഫോം വഴി നടത്തുന്നതിനും, സഭാ കൗൺസിൽ അംഗങ്ങൾ, സഭാ സെക്രട്ടറി. വൈദിക ട്രസ്റ്റി, ആത്മായ ട്രസ്റ്റി & ട്രഷറാർ, വൈദിക തെരഞ്ഞെടുപ്പ് കമ്മിറ്റി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കുന്നതിനുമുള്ള ക്രമീകരണങ്ങൾ ചെയ്തുവരികയാണല്ലോ. തെരഞ്ഞെടുപ്പുകളുടെയും മീറ്റിംഗുകളുടെയും ക്രമീകൃതമായ നടത്തിപ്പിന് എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും ഉണ്ടാകണം. മണ്ഡലാംഗങ്ങൾ തങ്ങളുടെ ഉത്തരവാദിത്വം ഏറ്റവും ജാഗ്രതയോടെ ദൈവനാമ മഹത്വത്തിനും സഭയുടെ ഫലകരമായ കെട്ടുപണിക്കും ഉതകത്തക്കവിധം നിർവഹിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. സഭയുടെ ഏതാനും ഔദ്യോഗിക സംഘടനകളുടെ വാർഷിക പൊതുയോഗവും ചുമതലക്കാരുടെയും കേന്ദ്രകമ്മിറ്റികളുടെയും തെരഞ്ഞെടുപ്പും ഈ നാളുകളിൽ ക്രമീകരിച്ചിരിക്കുകയാണല്ലോ. ഭദ്രാസനങ്ങളുടെ വാർഷിക അസംബ്ലി മീറ്റിംഗുകളും നടത്തുന്നതിന് ക്രമീകരണം തുടരുന്നു. ഇവയിലെല്ലാം ദൈവകൃപവ്യാപരിക്കുന്നതിനായി ഏവരും പ്രാർത്ഥിക്കണം.

ആഗസ്റ്റ് മാസം 6 മുതൽ 17 വരെയുള്ള തീയതികളിൽ ഡൽഹി ഭദ്രാസനത്തിൽ പോകുന്നതിനും, Gaziabad, Palmgarh, Korba, Delhi, Bharatpur, Jaisinghnagar, Beohari എന്നീ സ്ഥലങ്ങളിലുള്ള നമ്മുടെ സ്കൂളുകളും, ഫരീദാബാദിലുള്ള ധർമ്മജ്യോതി വിദ്യാപീഠ് സെമിനാരിയും, സീഹോറാ ആശ്രമവും സന്ദർശിക്കുന്നതിനും അവസരം ലഭിച്ചു. വടക്കേ ഇൻഡ്യയിലെ ഗ്രാമപ്രദേശങ്ങളിൽ നമ്മുടെ സ്കൂളുകൾ ആരംഭിച്ചതിലൂടെ അനേകം കുഞ്ഞുങ്ങൾക്കും അവരുടെ ഭവനങ്ങൾക്കും അറിവിന്റെ വെളിച്ചം പകരുന്നതിന് ഇടയായിത്തീർന്നിട്ടുണ്ട്. ഈ പ്രദേശങ്ങളിൽ സീഹോറാ ആശ്രമത്തിലെ അംഗങ്ങളും പട്ടക്കാരും നിർവഹിച്ച സേവനങ്ങൾശ്ലാഘനീയമാണ്. കേരളത്തിനു വെളിയിൽ ഗ്രാമജ്യോതി സ്കൂളുകൾ, ബാലവാടികൾ എന്നിവ ആരംഭിച്ചതിലൂടെ ഈ മേഖലകളിൽ വിദ്യാഭ്യാസ രംഗത്തുള്ള നമ്മുടെ പ്രവർത്തനങ്ങൾ കൂടു

തൽ ഫലകരമായി. വളർന്നുകൊണ്ടിരിക്കുന്ന നമ്മുടെ പല സ്കൂളുകൾക്കും പ്രാരംഭ ബുദ്ധിമുട്ടുകൾ ഇനിയും അതിജീവിക്കുവാനായിട്ടുണ്ട്. കേരളത്തിൽ നിന്നുമുള്ള അധ്യാപകരെ ആ പ്രദേശത്തുള്ള സമൂഹങ്ങൾ ഇപ്പോഴും വിലമതിക്കുന്നു. താത്പര്യമുള്ള യുവതിയുവാക്കൾ ആ പ്രദേശങ്ങളിലേക്ക് ശുശ്രൂഷാ മനോഭാവത്തോടെ സേവനത്തിനായി പോകുന്നത് അഭിലഷണീയമാണ്. സീഹോറാ ആശ്രമത്തിലെ ഈശോ മാർ തിമൊഥെയോസ് ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്നതിന് മിഷൻ ഫീൽഡുകളിൽ നിന്നും ഈ വർഷം കൂടുതൽ ആളുകളെ ലഭിക്കുന്നുണ്ട്. അവരുടെ പഠനത്തിന് സ്കോളർഷിപ്പ് കണ്ടെത്തി നൽകുന്നതിന് ആളുകൾ താത്പര്യപ്പെടണം. ആശ്രമാംഗങ്ങളിൽ ചിലർ ഇപ്പോൾ വയോധികരാണ്. അവരുടെ ക്ഷേമത്തിനായി പ്രാർത്ഥിക്കുകയും സമർപ്പണമുള്ള സ്ത്രീ പുരുഷന്മാർ ആശ്രമത്തിൽ താമസിച്ച് പ്രവർത്തിക്കുവാൻ താത്പര്യപ്പെടുകയും വേണം. ഭാരതത്തിലുള്ള എല്ലാ മിഷൻ ഫീൽഡുകളെയും ഓർത്ത് പ്രാർത്ഥിക്കാം.

അഫ്ഗാനിസ്ഥാൻ വീണ്ടും കലുഷിതമാകുന്നു എന്ന വാർത്ത ഏറെ ഉത്ക്കണ്ഠയോടെയാണ് ലോക രാഷ്ട്രങ്ങൾ ശ്രവിച്ചത്. മതമൗലിക വാദം ഉയർത്തി താലിബാൻ വീണ്ടും അഫ്ഗാന്റെ മണ്ണിൽ ഭരണത്തിൽ വരുമ്പോൾ സാധാരണ ജനത തങ്ങളുടെ ജീവൻ സംരക്ഷിക്കുവാനുള്ള നെട്ടോട്ടത്തിലാണ്. പറന്നുയരുന്ന വിമാനത്തിൽ നിന്നും ഈയാംപാറ്റകളെപ്പോലെ താഴെവീണു മരിക്കുന്ന മനുഷ്യർ ഈ ദശകത്തിലെ ഏറ്റം വലിയ ദുരന്തങ്ങളിലൊന്നാണ്. ആ രാജ്യത്തു നിന്ന് ആഗസ്റ്റ് അവസാനത്തോടെ പൂർത്തിയാകുന്ന അമേരിക്കൻ സൈനിക പിന്മാറ്റത്തിന് ശേഷമുള്ള സ്ഥിതി ഏറെ അനിശ്ചിതത്വം സൃഷ്ടിക്കും. സ്ത്രീകളുടെയും മത ന്യൂനപക്ഷങ്ങളുടെയും അടിസ്ഥാന അവകാശങ്ങൾ ധ്വംസിക്കപ്പെടും എന്ന ഭയവും ശക്തമായുണ്ട്. 1996 മുതൽ 2001 വരെയുള്ള അഫ്ഗാനിസ്ഥാനിലെ തീവ്രവാദി വാഴ്ചയുടെ കാലഘട്ടത്തിൽ പെൺകുട്ടികൾക്ക് വിദ്യാലയങ്ങളിൽ പ്രവേശനം നിഷേധിക്കുകയും സ്ത്രീകൾക്ക് തൊഴിൽ ചെയ്യുന്നതിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഇത്തവണയും ഈ സാഹചര്യങ്ങൾ ആവർത്തിക്കുമോയെന്ന ഭയത്തിലാണ് ആ രാജ്യത്തെ ജനങ്ങൾ.

മതം ഭരണക്രമത്തിൽ ഒരു ഘടകമേ അല്ലാതെയിരുന്ന അഫ്ഗാനിസ്ഥാനിൽ സാമ്രാജ്യാധിപത്യ ശക്തികളുടെ രാഷ്ട്രീയ താല്പര്യങ്ങൾക്കുവേണ്ടി സന്നിവേശിപ്പിക്കപ്പെട്ട മത ഭ്രാന്താണ് ഇന്ന് വിഷലിപ്തമായി തിരിച്ചുകൊത്തുന്നത്. സാമ്രാജ്യാധിപത്യ ശക്തികളോടും മതാധിപത്യ ശക്തികളോടും ഒരുപോലെ എതിർത്തുനിൽക്കേണ്ട ദുരവസ്ഥയിലാണ് അഫ്ഗാനിസ്ഥാനിലെ ജനം. അന്താരാഷ്ട്ര സമൂഹം നിസ്സഹായരായി നോക്കുകുത്തികളാകുമ്പോൾ ആരും തങ്ങൾക്കൊപ്പമില്ല എന്ന തിരിച്ചറിവിൽ സ്വയം പ്രതിരോധത്തിന്റെ സങ്കേതങ്ങൾ കണ്ടെത്തുകയാണ് ഈ ജനത. രാജ്യം ഒരു ആഭ്യന്തര യുദ്ധത്തിലേക്കെന്ന് ദ്യോതിപ്പിക്കുന്ന സൂചനകൾ കണ്ടുതുടങ്ങി. അഫ്ഗാൻ ജനത ഒരു നൊമ്പരമായി നമ്മുടെ മനസ്സിൽ തുടരുമ്പോൾതന്നെ, സമാധാനവും, മതസ്വതന്ത്ര്യവും, സഹിഷ്ണതയും ലിംഗസമത്വവും ഏവർക്കും ലഭ്യമാക്കുവാൻ വേണ്ടിയും വിശേഷാൽ അഫ്ഗാനിസ്ഥാനുവേണ്ടിയും നാം പ്രാർത്ഥിക്കണം. ജനാധിപത്യ വ്യവസ്ഥകളെ ആകെ വിഴുങ്ങിക ളയത്തക്ക രീതിയിൽ മതമൗലികവാദം ശക്തിപ്രാപിക്കുമ്പോൾ, സാമൂഹ്യ ബന്ധങ്ങളെ ഊട്ടിയുറപ്പിക്കുന്ന, ആധിപത്യത്തിന്റെ വികലഭാവങ്ങളെ വെല്ലുവിളിക്കുന്ന മത സങ്കേതങ്ങളെ വീണ്ടെടുക്കുവാനുള്ള ആത്മാർത്ഥ ശ്രമം മതങ്ങൾക്കുള്ളിൽ തന്നെ രൂപപ്പെടണം. മനുഷ്യന്റെയും പ്രകൃതിയുടെയും വീണ്ടെടുപ്പിനു മതങ്ങൾ രാസത്വരകമാകേണം. ഈ കാലഘട്ടത്തിന്റെ വെല്ലുവിളി ഇതത്രെ.

അനേകം പ്രതിസന്ധികളുടെ മധ്യത്തിലും ടോക്കിയോയിൽ നടന്ന ഒളിമ്പിക്സ് മത്സരങ്ങൾ സമാധാനപരമായി സമാപിച്ചു. അതിൽ ഇന്ത്യ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചു എന്നത് ഏറെ സന്തോഷം പകരുന്ന ഒന്നാണ്. മത്സരങ്ങളിൽ ഇന്ത്യയെ പ്രതിനിധീകരിച്ച എല്ലാവരെയും പ്രത്യേകിച്ച് മെഡലുകൾ ലഭിച്ചവരെയും അഭിനന്ദിക്കുന്നു. വിവിധ താലന്തുകളുള്ള യുവതി യുവാക്കന്മാരെ പ്രോത്സാഹിപ്പിച്ച്, പരിശീലിപ്പിച്ച് അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുപ്പിക്കുവാൻ ഏറെ ശ്രദ്ധിക്കണം. ജാതി മത വർഗ്ഗ ലിംഗ വേർതിരിവുകളില്ലാത്ത ഇത്തരം കൂടിവരവുകൾ ആഗോളാടിസ്ഥാനത്തിൽ ഉണ്ടാകേണ്ട ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. സമാധാനത്തിന്റെയും ഐക്യത്തിന്റെയും സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് ഒളിമ്പിക്സ് പ്രസ്ഥാനം തുടർന്നും ശക്തമായി നിലനിൽക്കട്ടെ എന്ന് നമുക്ക് ആശംസിക്കാം.

നാഷണൽ ഡിഫെൻസ് അക്കാദമി (എൻ.ഡി.എ.) അഡ്മിഷനിൽ സ്ത്രീകൾക്കും പ്രവേശന പരീക്ഷ എഴുതാം എന്ന സുപ്രീം കോടതി വിധി പ്രതിരോധ മേഖലയിൽ സ്ത്രീകൾക്ക് കൂടുതൽ പ്രാതിനിധ്യം ലഭ്യമാക്കുവാൻ സാധ്യത ഒരുക്കും. തൊഴിൽ മേഖലകളിലെ ലിംഗ വിവേചനം അവസാനിപ്പിക്കേണ്ടതാണ് എന്ന സൂചന നൽകുന്ന ഈ വിധി ദൂരവ്യാപകമായ പ്രതിഫലനങ്ങൾ ഉണ്ടാക്കാൻ പ്രേരകമായേക്കാം. മതങ്ങളുമായി ബന്ധപ്പെട്ട മേഖലകളിലും ലിംഗവിവേചനം ഏറെയാണ്. സ്ത്രീ സ്വാന്ത്ര്യത്തെയും അവരുടെ അന്തസ്സിനേയും ഉയർത്തിപ്പിടിക്കുന്ന ജീവിത ശൈലി ഭവനം മുതൽ തന്നെ നാം രൂപപ്പെടുത്തിയെടുക്കണം. സാക്ഷരത ഏറെയുണ്ടെന്ന വകാശപ്പെടുന്ന കേരളത്തിലും സ്ത്രീകൾ അക്രമങ്ങൾക്കേറെ വിധേയമാകുന്നു എന്നത് സത്യമല്ലേ. സ്ത്രീധനം മുതൽ ലൈംഗിക അതിക്രമങ്ങൾ വരെ സ്ത്രീത്വത്തെ അപമാനിക്കുന്ന ഒട്ടേറെ സംഭവങ്ങൾക്കു കേരളം സാക്ഷിയാകുന്നു എന്നത് ഒട്ടും ആശാസ്യമല്ല.

കേന്ദ്ര ഗവൺമെന്റിന്റെ റൂസ്സാ പദ്ധതിയുടെ സാമ്പത്തിക സഹായത്തോടെ തിരുവല്ല ടൈറ്റസ് സെക്കൻഡ് ടീച്ചേർസ് കോളേജിന് വേണ്ടി പുതുതായി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന്റെ ശിലാസ്ഥാപനം ആഗസ്റ്റ് മാസം 5 -ാം തീയതി നടത്തി. തിരുവല്ല എസ്. സി. എസ്. ഹയർ സെക്കൻഡറി സ്കൂൾ, എൽ. പി. സ്കൂൾ, കോർപ്പറേറ്റ് മാനേജരുടെ ആഫീസ് എന്നിവയ്ക്ക് വേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം ഭംഗിയായി പുരോഗമിക്കുന്നു. തിരുവനന്തപുരം പാറ്റൂർ

സെന്റ് തോമസ് മാർത്തോമ്മാ ഇടവകയുടെ പുതുക്കി പണിത ദേവാലയത്തിന്റെ കൂദാശ ആഗസ്റ്റ് മാസം 24-ാം തീയതി നിർവഹിച്ചു. 1921 ൽ കേരളത്തിന്റെ തലസ്ഥാന നഗരിയിൽ ആരംഭിച്ച പ്രസ്തുത ദേവാലയത്തിന്റെ ശതാബ്ദി വർഷത്തിലാണ് ആധുനിക സംവിധാനങ്ങളോടു കൂടിയുള്ള പുതിയ ദേവാലയത്തിന്റെ പൂർത്തീകരണം സാധ്യമാക്കിയത്. വ്യാപരിച്ച ദൈവകൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. ഇതിന്റ പിന്നിൽ അധ്വാനിച്ച വികാരിമാർ, ഇടവക ചുമതലക്കാർ, കൈസ്ഥാന സമിതി അംഗങ്ങൾ, പള്ളിപണി കമ്മിറ്റിക്കാർ എല്ലാവരെയും അഭിനന്ദിക്കുന്നു.

നമ്മുടെ മാർത്തോമ്മാ വൈദിക സെമിനാരിയുടെയും ഫരീദാബാദ് ധർമ്മജ്യോതി വിദ്യാപീഠിന്റെയും പുതിയ അധ്യയന വർഷത്തേക്കുള്ള ക്ലാസ്സുകൾ ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ അധ്യയന വർഷത്തിൽ നമ്മുടെ സെമിനാരി വിദ്യാർത്ഥികൾക്ക് കോവിഡ് ലോക്ഡൗൺ കാരണം 6 മാസത്തിലധികം സെമിനാരിയിൽ താമസിച്ച് പഠിക്കുന്നതിന് സാധിക്കാതെ വന്നിട്ടുണ്ട്. എന്നാൽ അവർക്ക് സെമിനാരി തലത്തിൽ നഷ്ടപ്പെട്ട നാളുകൾക്ക് പകരം ഒരു കമ്യൂണിറ്റിയായി പഠിച്ച് വളരുന്നതിനുള്ള അവസരം നല്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. വൈദിക സെമിനാരികളുടെ ആഭിമുഖ്യത്തിൽ കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സുകൾ നടത്തിവരുന്നു എന്നത് ഫലപ്രദമായ സംരംഭമാണ്. കൂടുതൽ ആളുകൾ ഇതിൽ പങ്ക് ചേരുന്നത് പ്രയോജനപ്രദമായിരിക്കും. ഇതിന് നേതൃത്വം നല്കുന്ന സെമിനാരി അധ്യാപകരെയും സാങ്കേതിക സഹായം നല്കുന്നവരെയും അഭിനന്ദിക്കുന്നു.

സെപ്തംബർ 5 അധ്യാപക ദിനമായി നാം ആചരിക്കുമ്പോൾ അധ്യാപകരുടെ നിസ്തുലമായ പ്രവർത്തനങ്ങളെ ഓർത്തു ദൈവത്തെ സ്തുതിക്കാം. തലമുറകളെ രൂപപ്പെടുത്തുന്നതിൽ അധ്യാപകരുടെ പങ്കു ഏറെ പ്രാധാന്യമുള്ളതാണല്ലോ. സ്കൂളുകളിലും കോളേജുകളിലും വിദ്യാർത്ഥികൾക്ക് കൂടിച്ചേരുവാനുള്ള സാഹചര്യം ആയിട്ടില്ലാത്തതിനാൽ ഓൺലൈൻ പഠനം തുടരുകയാണല്ലോ. പലയിടങ്ങളിലും കുട്ടികളുടെ പഠനം സുഗമമായി നടക്കുന്നുണ്ടെങ്കിലും ആവശ്യമായ ഫോൺ, കമ്പ്യൂട്ടർ, ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ ഇല്ലാതെ വലയുന്ന ഒരു വലിയ പങ്ക് വിദ്യാർത്ഥികൾ ഉണ്ടെന്ന യാഥാർഥ്യം നാം ഓർത്തിരിക്കണം. ഇവർക്ക് വേണ്ട സൗകര്യങ്ങൾ എത്തിക്കുവാൻ പലയിടങ്ങളിലും അധ്യാപകരും രക്ഷിതാക്കളും പൂർവ വിദ്യാർത്ഥികളും ഒരുമിച്ചു പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ അടിസ്ഥാന അവകാശമായ വിദ്യാഭ്യാസം സാർവലൗകികമായി ലഭ്യമാകുന്നു എന്ന് ഉറപ്പാക്കേണ്ടത് സർക്കാരിന്റെ മാത്രമല്ല സഭയുടെയും കടമയാണ്.

സെപ്റ്റംബർ 10 ആത്മഹത്യാ പ്രതിരോധ പ്രവർത്തന ദിവസമായി ലോക ആരോഗ്യ സംഘടന വേർതിരിച്ചിരിക്കുന്നു. കോവിഡിന്റെ രണ്ടാം തരംഗം ജനജീവിതം താറുമാറാക്കിയിരിക്കയാണല്ലോ. ലോക്ക്ഡൗൺ മൂലം കടക്കെണിയിലായ ചെറുകിട കർഷകരും ചെറുകിട വ്യവസായികളും കടക്കെണിയിൽനിന്നൊളിച്ചോടാൻ ആത്മഹത്യയിൽ അഭയം തേടുന്ന പ്രവണത കൂടിവരുന്നു. ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല എന്ന തിരിച്ചറിവ് എല്ലാവർക്കും ഉണ്ടായിരുന്നെങ്കിൽ? ആത്മഹത്യ ചെയ്യുമ്പോൾ അവർ തങ്ങളുടെ കുടുംബങ്ങളെ കൂടുതൽ ദുരിതങ്ങളിലേക്ക് തള്ളിവിടുകയാണെന്നോർക്കണം. പ്രയാസത്തിലിരിക്കുന്നവർക്കു കരുതലിന്റെ സന്ദേശം നൽകുവാൻ ഇടവകകളായി ശ്രമിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കോവിഡ് രോഗവ്യാപന ചങ്ങല തകർക്കുന്നതിന് കർശന നിയന്ത്രണങ്ങൾ തുടരുവാൻ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങൾ നിർബന്ധിതരായിരിക്കുന്നു. രോഗലക്ഷണങ്ങളും അപകട സാധ്യതകളും തിരിച്ചറിഞ്ഞ് സ്വയം പരിരക്ഷ നേടുകയും വ്യാപനം തടയുകയുമാണ് വേണ്ടത്. കട കമ്പോളങ്ങളും ഓഫീസുകളും മറ്റും തുറന്ന് സാമൂഹ്യ ജീവിതം കൂടുതൽ സജീവമാകുമ്പോഴും ജാഗ്രത തുടരേണ്ടത് അത്യാവശ്യമാണ്. സെപ്റ്റംബർ മാസം 27 -ാം തീയതി സി. എസ്. ഐ. സഭയുടെ സ്ഥാപകദിനമാണ്. ദക്ഷിണേന്ത്യാ സഭയെയും അതിന്റെ നേതൃത്വത്തെയും വിവിധങ്ങളായ ശുശ്രൂഷാ സരണികളെയും ഓർത്ത് പ്രത്യേകം പ്രാർത്ഥിക്കാം.

പ്രശസ്ത വേദപണ്ഡിതനും മാർത്തോമ്മാ സെമിനാരിയുടെ മുൻ പ്രിൻസിപ്പാളുമായിരുന്ന റവ. ഡോ. എം. വി. ഏബ്രഹാം നിര്യാതനായി. ദൈവശാസ്ത്ര അധ്യാപന രംഗത്ത് അച്ചനിലൂടെ ഗണ്യമായ സംഭാവനകൾ വിവിധ വൈദിക പാഠശാലകൾക്ക് ലഭിച്ചിട്ടുണ്ട്. കൽക്കട്ട ബിഷപ്സ് കോളേജ്, ജബൽപ്പൂർ ലിയോണാർഡ് തിയോളജിക്കൽ കോളേജ്, ബാംഗളൂർ യുണൈറ്റഡ് തിയോളജിക്കൽ കോളേജ് എന്നിവിടങ്ങളിൽ പുതിയനിയമം വിഭാഗത്തിൽ അധ്യാപകനായി അച്ചൻ ദീർഘകാലം ശുശ്രൂഷ നിർവഹിച്ചു. മാർത്തോമ്മാ സെമിനാരി പ്രിൻസിപ്പാൾ എന്ന ചുമതലയിൽ നിന്നും, സഭയുടെ സജീവസേവനത്തിൽ നിന്നും വിരമിച്ച ശേഷവും ഏകദേശം 15 വർഷത്തിലധികം മാർത്തോമ്മാ സെമിനാരിയിലും എഫ്. എഫ്. ആർ. ആർ. സി യിലും തന്റെ ശുശ്രൂഷ തുടർന്നു. നമ്മുടെ സഭയിലെ സീനിയർ വൈദികരിലൊരാളായ റവ. റ്റി. സി. ജോർജ്ജ് നിര്യാതനായി. അച്ചനും കുടുംബവും സഭ അയച്ച എല്ലാ ഇടവകകളിലും താമസിച്ച് സ്തുത്യർഹമായ ശുശ്രൂഷകൾ നിർവ്വഹിച്ചു. ഈ വൈദികരിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ച ധന്യമായ ശുശ്രൂഷകളെ ഓർത്ത് ദൈവത്തിന് നന്ദി കരേറ്റുകയും അവരുടെ കുടുംബാംഗങ്ങളുടെ ദുഖത്തിൽ ആത്മാർഥമായി പങ്ക് ചേരുകയും ചെയ്യുന്നു.

മലങ്കര കത്തോലിക്കാ സഭയുടെ ഡൽഹി ഗുരുഗ്രാം രൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജേക്കബ് മാർ ബർണബാസ് മെത്രാപ്പോലീത്താ കാലം ചെയ്തു. വചനാനുസരണമായി സഭയിലും സമൂഹത്തിലും ജീവിക്കുകയും, അശരണരായവർക്കുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കുകയും ചെയ്തിട്ടുണ്ട്. റാന്നി കരിക്കുളം സ്വദേശിയാണ്. സഭയുടെ ആദരാഞ്ജലികൾ. അറിയപ്പെടുന്ന ദൈവശാസ്ത്രജ്ഞനും നമ്മുടെ സഭയുടെ ഉറ്റ സുഹൃത്തുമായിരുന്ന

ഡോ. ഡേവിഡ് സ്കോട്ട്  കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ജബൽപൂരിലും ബാംഗ്ലൂരിലുമുള്ള വൈദിക സെമിനാരികളിൽ ദീർഘ ദശാബ്ദങ്ങൾ അധ്യാപകനായിരുന്ന ഡോ. സ്കോട്ട് മതങ്ങളുടെ ദൈവശാസ്ത്രം, മതങ്ങൾ തമ്മിലുള്ള സംവാദം, നവോത്ഥാന പ്രസ്ഥാനങ്ങൾ എന്നിങ്ങനെ വിവിധ മേഖലകളിൽ ഗണ്യമായ സംഭാവനകൾ നൽകി. ഈ പ്രിയപ്പെട്ട എല്ലാവരുടെയും വേർപാടിൽ അനുശോചനം രേഖപ്പെടുത്തുന്നു.

സെപ്റ്റംബർ 5 -ാം തീയതി ഞായറാഴ്ച സഭ വിദ്യാഭ്യാസ ദിനമായി വേർതിരിച്ചിരിക്കുന്നു. 'ശ്രേഷ്ഠഗുരുവായ യേശു' (യോഹ. 13: 12-17) എന്നതാണ് ധ്യാനവിഷയം. പെസഹാ അത്താഴത്തിൽ യേശു തന്റെ ശിഷ്യരുടെ കാൽ കഴുകുന്നതിലൂടെ നിലവിലുള്ള ഗുരു-ശിഷ്യ സങ്കൽപങ്ങളെ രൂപാന്തരപ്പെടുത്തി. അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് നയിക്കുന്ന ഗുരുധർമ്മം യേശു നിവർത്തിക്കുന്നു. ദൈവരാജ്യത്തിന്റെ പുതിയ ദർശനങ്ങളും മനോഭാവവും ജീവിതശൈലിയും പങ്കിട്ടു നല്കിയാണ് യേശു ശ്രേഷ്ഠഗുരുവാകുന്നത്. യഥാർത്ഥ വിദ്യാഭ്യാസം എല്ലാവരുടെയും ഒരുമിച്ചുള്ള വളർച്ചയ്ക്ക് വേണ്ടിയുള്ളതാണ്. പരസ്പരമുള്ള ആതിഥേയത്വത്തിന്റെയും സ്വീകരണത്തിന്റെയും ബന്ധത്തിലാണ് അത് സാധ്യമാകുന്നത്. നമ്മുടെ വിദ്യാഭ്യാസരീതികളും മനോഭാവങ്ങളും യേശുവിന്റെ മാതൃക സ്വീകരിച്ച് രൂപാന്തരപ്പെടേണ്ടിയിരിക്കുന്നു. കോവിഡ് മഹാവ്യാധി വിദ്യാഭ്യാസ മേഖലയിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുമ്പോൾ ഏവർക്കും പരസ്പരതയിലും നീതിയിലും അടിസ്ഥാനപ്പെട്ട വിദ്യാഭ്യാസ അവസരങ്ങൾ ലഭ്യമാക്കുവാൻ നമുക്ക് പരിശ്രമിക്കാം.


സേവികാ സംഘദിനമായി സഭ വേർതിരിച്ചിരിക്കുന്ന സെപ്റ്റംബർ 12-ാം തീയതി ഞായറാഴ്ച 'സ്ത്രീകൾ ദൈവിക പദ്ധതിയിലെ പങ്കാളികൾ' (മർക്കോസ് 14: 3-9) എന്നതാണ് ചിന്താവിഷയം. ബഥാന്യയിൽ ശിമയോന്റെ ഭവനത്തിൽ യേശുവിനെ തൈലം കൊണ്ട് അഭിഷേകം ചെയ്യുന്ന സ്ത്രീയുടെ പ്രവർത്തി അവിടെ കൂടി വന്നവരുടെ നിശിതമായ വിമർശനത്തിന് വിധേയമാകുന്നു. അവിവേകമെന്നും അനാവശ്യമെന്നും വിശേഷിപ്പിക്കപ്പെടുന്ന സ്ത്രീയുടെ പ്രവർത്തി യേശുവിന്റെ മുക്തകണ്ഠ പ്രശംസയ്ക്ക് പാത്രമാകുന്നു. ദൈവിക രക്ഷിക പദ്ധതിയുടെ ഭാഗമായ ക്രൂശീകരണത്തിന്റെ അഭിവാജ്യഘടകമായി യേശു സ്ത്രീയുടെ പ്രവർത്തിയെ വിശേഷിപ്പിക്കുന്നു. അഭിഷേകം ചെയ്യുന്നതിലൂടെ യേശുവിനെ ദൈവത്തിന്റെ അഭിഷിക്തനായ മ്ശിഹാ എന്നതാണ് സ്ത്രീ പ്രഖ്യാപിക്കുന്നത്. സ്ത്രീവിരുദ്ധ മനോഭാവം നിലനിൽക്കുന്ന സമൂഹത്തിൽ സ്ത്രീത്വം ആദരിക്കപ്പെടുവാനും സ്ത്രീകളുടെ ശുശ്രൂഷകളുടെ മഹത്വം തിരിച്ചറിയുവാനും സഭയേയും സമൂഹത്തെയും പ്രാപ്തരാക്കുന്ന നിയോഗമാണ് സേവികാസംഘത്തിന്റേത്. സ്ത്രീകൾ കേവലം കാഴ്ചക്കാർ മാത്രമല്ലെന്നും ദൈവിക പദ്ധതിയിൽ പുരുഷന്മാരെപ്പോലെ തന്നെ പങ്കാളികളാണെന്നുമുള്ള ബോധ്യം നമുക്ക് എല്ലാവർക്കും ഉണ്ടാകേണ്ടിയിരിക്കുന്നു.

വയോജനദിനമായി സഭ വേർതിരിച്ചിരിക്കുന്ന സെപ്റ്റംബർ 19-ാം തീയതി ഞായറാഴ്ച 'നരച്ച തല ശോഭയുള്ള കിരീടം' എന്നതാണ് ചിന്താവിഷയം. പൈതലായ യേശുവിനെ യെരുശലേം ദൈവാലയത്തിൽ സമർപ്പിക്കുവാൻ എത്തുന്ന വിവരണത്തിലാണ് ശിമ്യോൻ, ഹന്ന എന്നിവരെ സുവിശേഷകൻ പരിചയപ്പെടുത്തുന്നത് (ലൂക്കോസ് 2: 25-38). അതിവാർദ്ധക്യത്തിലുള്ള ഇരുവരുടെയും ജീവിതം യേശുവിന്റെ ജീവിത നിയോഗം വെളിപ്പെടുത്തുന്നതും അത്യന്തം പ്രതീക്ഷാനിർഭരവുമാണ്. വാർദ്ധക്യത്തിന്റെ സ്വാഭാവിക പരിമിതികളെ അതിജീവിക്കുവാൻ അവർക്ക് ഇടയാകുന്നത് ദൈവിക കണക്കുകൂട്ടലിനായുള്ള അവരുടെ കാത്തിരിപ്പാണ്. യേശുവിന്റെ ജീവിത നിയോഗത്തിനായി അവന്റെ മാതാപിതാക്കളെ സജ്ജരാക്കുവാനും തങ്ങളുടെ സാന്നിധ്യത്തിലൂടെ അവർക്ക് ഇടയാകുന്നു. വയോജനങ്ങളുടെ ജീവിതാനുഭവങ്ങളും വിശ്വാസദൃഢതയും പുത്തൻ തലമുറയ്ക്ക് പ്രതീക്ഷയും പ്രോത്സാഹനവും നൽകുവാൻ പര്യാപ്തമാണ്. അപ്പോൾ തലമുറകൾ നമ്മിലൂടെ ദൈവരാജ്യത്തിന്റെ അനുഭവത്തിൽ വളരുവാൻ ഇടയായിത്തീരും.

സെപ്റ്റംബർ 26-ാം തീയതി ഞായറാഴ്ച 'വിശുദ്ധ കുർബാന: സ്തോത്രാർപ്പണത്തിന്റെ കൂദാശ' (ലൂക്കോസ് 22: 14-20) എന്ന വിഷയം സഭ ധ്യാനിക്കുന്നു. കൂദാശകളുടെ കൂദാശയും ആഘോഷവുമാണ് വി. കുർബാന. വിടുതലിന്റെ അനുസ്മരണയായ പെസഹ ഭോജനത്തിനു യേശു പുതിയ അർത്ഥം നല്കി, അതിനെ ക്രൂശിലെ മരണത്തിന്റെയും വീണ്ടെടുപ്പിന്റെയും ഓർമ്മയും അനുഭവവുമായി രുപാന്തിരപ്പെടുത്തി. 'ഇത് എന്റെ ശരീരം, ഇത് എന്റെ രക്തം' എന്ന പ്രഖ്യാപനത്തിലൂടെ സഭയ്ക്കുവേണ്ടി വി. കുർബാന യേശുകർത്താവ് നിയമിച്ചാക്കുന്നു. പാപത്തിന്റെ മേലുള്ള വിജയത്തിന്റെയും ക്രൂശിലൂടെ ലഭ്യമായ വീണ്ടെടുപ്പിന്റെയും ആഘോഷവും സ്തോത്രവുമാണ് വിശുദ്ധ കുർബാനയിലൂടെ സഭ നിരന്തരം പങ്ക് വെയ്ക്കുന്നത്. അപ്പം മുറിക്കപ്പെടുന്നതുപോലെയും മുന്തിരി രസം പകരപ്പെടുന്നതുപോലെയും ലോകത്തിന് വേണ്ടി നുറുക്കപ്പെടുകയും പകരപ്പെടുകയും ചെയ്യുമ്പോൾ സഭ ലോകത്തിന്റെ കൂദാശയായി രൂപാന്തരപ്പെടുന്നു. മനുഷ്യന്റെ സ്വാർത്ഥതയും മഹാമാരിയും യുദ്ധങ്ങളും ഭീകരവാദവും മൂലം മുറിവേറ്റ ലോകത്തിൽ ദൈവത്തിന്റെ സൗഖ്യലേപനമായിത്തീരണം വി. കുർബാനയെന്ന സ്തോത്രാർപ്പണം. ആ പ്രാർത്ഥനയോടെ നമുക്കും അതിൽ പങ്കുചേരാം.


നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

ഹൃദയപൂർവ്വം,



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**

പുലാത്തീൻ
26.08.2021



# സാഫല്യം



വേദപുസ്തകത്തിൽ സങ്കീർത്തനക്കാരൻ ആയുസ്സിന് നാലു വിരൽനീളം എന്നാണ് കുറിച്ചിരിക്കുന്നത്. നന്നായി ജീവിക്കുന്നതിന് വേണ്ട തെല്ലാം ദൈവം തന്നിരിക്കുന്നു. ചോദിക്കാതെ ലഭിച്ച ആയുസ്സ് അത് പുഷ്ടിപ്പെടുത്തുന്നതിന് സ്രഷ്ടാവായ ദൈവം ഏറെ കനിഞ്ഞ് തന്നിരിക്കുന്ന അനുഗ്രഹങ്ങൾ എത്രമാത്രമാണ്? പലപ്പോഴും നാം അത് ഗൗരവത്തിൽ എടുത്തിട്ടില്ല. ജീവിതം സുന്ദരവും മനോഹരവുമാക്കുന്നതിന് നമ്മെ ഏറെ സഹായിക്കുന്നതാണ് ദൈവ വിശ്വാസം. ജീവിതമെന്ന ചെടി ദൈവവിശ്വാസമെന്ന പന്തലിൽ പടർന്നു കയറി ഫലം കായിക്കണം. സൃഷ്ടിയുടെ രഹസ്യം അഥവാ സൃഷ്ടി എന്ന രഹസ്യം നമ്മുടെ ബുദ്ധിക്ക് എത്ര അതീതമാണ്. ദൈവമെന്ന വലിയ ജ്ഞാനത്തിലേക്കും അറിവിലേക്കും നമ്മെ നയിക്കുന്ന നീർച്ചാലുകളായിരിക്കട്ടെ വിശ്വാസം. സ്വന്ത ബുദ്ധിയിൽ ആർജ്ജിച്ചെടുക്കാൻ കഴിയാത്തതാണ് വിശ്വാസം. ദൈവ കാരുണ്യവും കനിവും കൂടാതെ നമുക്ക് വിശ്വാസത്തിൽ വളരാൻ കഴിയുകയില്ല. അപ്പോസ്തോലന്മാർ യേശുവിനോട് അപേക്ഷിക്കുന്നു, "ഗുരോ ഞങ്ങൾക്ക് വിശ്വാസം വർദ്ധിപ്പിച്ചു തരിക, ഞങ്ങളുടെ അവിശ്വാസം പൊറുക്കുക" - അതായിരിക്കട്ടെ (അതുതന്നെയായിരിക്കട്ടെ) നമ്മുടെയും പ്രാർത്ഥന.

നമുക്ക് ദൈവം നൽകിയിരിക്കുന്ന ജീവിതം കൂടുതൽ അർത്ഥപൂർണ്ണമാക്കി ജീവിക്കുന്നതിന് ശ്രമിക്കുക. ഈ ലോകത്തിൽ നമ്മുടെ സാന്നിധ്യം കൂടുതൽ ഉറപ്പുവരുത്തുക. ദൈവ വിശ്വാസത്തിൽ നിന്ന് അകന്ന് ജീവിക്കുന്നവർക്കായി ദൈവ സന്നിധിയിൽ അഭയയാചന കഴിക്കുക. സഭയിലും സമൂഹത്തിലും രാഷ്ട്രിയത്തിലും പ്രവർത്തിപ്പാൻ തക്ക താലന്തുള്ളവരെ കണ്ട് പ്രോത്സാഹിപ്പിക്കുക. ഇങ്ങനെ ദൈവത്തിന്റെ അനുഗ്രഹങ്ങളുടെ നല്ല വിനിയോഗം ഈ ഭൂമിയിൽ നമുക്ക് നൽകാം. ഇതത്രെ നമ്മളെക്കുറിച്ചുള്ള ദൈവ ഇഷ്ടം.

**ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ**
**മെത്രാപ്പോലീത്താ**

സെപ്റ്റംബർ 25, 2021

എഡിറ്റോറിയൽ

*The hand remembers: I was a wing*

ദേഹത്തിന് ഭാരം തോന്നിത്തുടങ്ങുമ്പോഴാണ് മനുഷ്യർ വൃദ്ധരാവുന്നത്. അതുവരെ അത് ചുമക്കുന്ന വസ്തുക്കൾക്കേ ഭാരമുള്ളൂ. വാർദ്ധക്യം അസുഖമല്ല, പൂക്കൾ വേരിനെ ചുംബിക്കുന്ന പോലെയൊരു അവസ്ഥയാണ്.

യാക്കോബിന്റെ ഗോവേണിപോലെയാണ് നമ്മുടെ മാതാപിതാക്കളുടെ കണ്ണീരിൽ കുതിർന്ന തലയിണകൾ. മോശയുടെ മുൾപ്പടർപ്പുപോലെ എത്രയെത്ര രാത്രികളിൽ അവ വെന്തുപോകാതെ കത്തിയെരിഞ്ഞിട്ടുണ്ടാവും! അവരുടെ എണ്ണിയാലൊടുങ്ങാത്ത പേറ്റുനോവുകളുടെ ചിറകിലേറി നാം സഞ്ചരിച്ചത് ജന്മാന്തരങ്ങളുടെ കനൽ ദൂരങ്ങളാണ്. അവരുടെ മുഖത്തെ ചുളിവുകൾ നമ്മുടെ കടപ്പാടിന്റെ (വീട്ടാക്കടങ്ങളുടെ) കണക്കുപുസ്തകങ്ങളാണ്. അവർ നമ്മുടെ ഉണ്മയുടെ നഭസ്സിലെ 'നരച്ച' നക്ഷത്രങ്ങളാണ്. നമ്മുടെ നിയോഗവഴികളിലെ കാവൽ മാലാഖമാരും!!



കടപ്പാട്: കെ.എസ്.രതീഷ് (പ്രശസ്ത കഥാകൃത്ത്)
ഫോട്ടോയിലുള്ളത്: തങ്കമ്മ, കെ.എസ്.രതീഷിന്റെ അമ്മൂമ്മ

"സത്യത്തിന് യുഗങ്ങളുടെ വാർദ്ധക്യമുണ്ടായിരുന്നു. ജര സത്യത്തെ ഒരു പുതപ്പുപോലെ മൂടിയിരുന്നു. എങ്കിലും അതിനുള്ളിൽഅതിവിദൂരതയിൽ എന്തോ പ്രകാശിക്കുന്നുണ്ടായിരുന്നു. അത് സത്യത്തിന്റെ സൗന്ദര്യമായിരിക്കണം."

(കൽപ്പറ്റ നാരായണൻ, *എവിടമിവിടം*)

**യാക്കോബിന്റെ ഗോവേണിപോലെയാണ് നമ്മുടെ മാതാപിതാക്കളുടെ കണ്ണീരിൽ കുതിർന്ന തലയിണകൾ. മോശയുടെ മുൾപ്പടർപ്പുപോലെ എത്രയെത്ര രാത്രികളിൽ അവ വെന്തുപോകാതെ കത്തിയെരിഞ്ഞിട്ടുണ്ടാവും!**

# മധുരം വാർദ്ധക്യം

ഫാ. സഖേർ



**'നിന്നെ ജനിപ്പിച്ച അപ്പന്റെ വാക്കു കേൾക്ക; നിന്റെ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത്.'** (സദൃ. 23: 22)

# വാർദ്ധക്യവും വിളവെടുപ്പു കാലവും

ഇക്കാലത്ത് പുത്രധർമ്മമെന്ന് പറഞ്ഞാൽ മാതാപിതാക്കൾക്ക് ആഹാരം കൊടുക്കുക എന്ന് മാത്രമാണ് ജനങ്ങൾ ധരിച്ചിട്ടുള്ളത്. പക്ഷേ, അയാൾ അയാളുടെ നായ്ക്കൾക്കും കുതിരകൾക്കും ആഹാരം കൊടുക്കുന്നുണ്ടല്ലോ! അയാൾ വൃദ്ധരോട് ആദരവ് കാണിച്ചില്ലെങ്കിൽ ആ മൃഗങ്ങളും അവരും തമ്മിൽ എന്താണ് വ്യത്യാസം?" (Confucius, *Conversations*)

പണ്ടേയ്ക്ക് പണ്ടേ പറഞ്ഞതാണെങ്കിലും ഇത് നമുക്ക് വേണ്ടിയും നമ്മുടെ കാലത്തിന് വേണ്ടിയും പറഞ്ഞത് പോലെ തോന്നുന്നു. പെരുകുന്ന വൃദ്ധസമൂഹത്തെയാണ് ഇന്ന് നാം ചുറ്റും കാണുന്നത്. നാളെ നാം അതിലൊരാളാവുമെന്ന സത്യം ശ്രദ്ധിക്കപ്പെടാതെ പോകുന്നുമുണ്ട്. ജരാനരകൾ എക്കാലവും ഭീഷണിയുയർത്തുന്നുണ്ട്. യയാതി പോലും എത്രയധികം ഭയപ്പെടുന്നു. ലജ്ജയുടെ കണികപോലുമില്ലാതെയാണയാൾ പുത്രന്മാരോട് കെഞ്ചിയത്. യൗവന ദാനത്തിനായി തന്റെ മനോഹര വാർദ്ധക്യത്തെ



ഒരു ഭിക്ഷാപാത്രമാക്കുന്ന ദൈന്യത ഒട്ടും സുന്ദരമാകുന്നില്ല. തീർച്ചയായും വാർദ്ധക്യത്തെക്കുറിച്ചൊരു തെറ്റായ ധാരണയുണ്ടായിരുന്നിരിക്കും അയാൾക്ക്. നമുക്കുള്ളതുപോലെ തന്നെ.

എങ്ങനെയാണൊരാൾ വൃദ്ധനാകുക. സത്യത്തിൽ വൃദ്ധിയുണ്ടാകുന്ന അവസ്ഥയാണ് വാർദ്ധക്യം. എല്ലാത്തിലും വർദ്ധിച്ച് വരുന്നവരാണ് വൃദ്ധന്മാർ. പെട്ടെന്ന് പറഞ്ഞാൽ പാകം വന്നവർ. അങ്ങനെയാണവരെ മൂപ്പന്മാരെന്നൊക്കെ വിളിക്കുക. ഗുരു നിത്യ ചൈതന്യ യതിയുടെ ഭാഷയൊന്ന് കടമെടുക്കട്ടെ: "ധീരനും ശൂരനുമായ ഒരു യൗവ്വനക്കാരനെ കാണുന്നതിനേക്കാൾ നൂറ് മടങ്ങ് പ്രചോദനം നൽകും നല്ല പഴുത്ത് പാകമായ ഒരു അപ്പൂപ്പനെയോ അമ്മൂമ്മയെയോ കണ്ടാൽ! പുളിമാങ്ങ പഴുത്ത് ഓറഞ്ചും ചുവപ്പും നിറമുള്ള പഴമാകുമ്പോൾ പുളിയെല്ലാം മാറി മാമ്പഴം തേനിനെ ജയിക്കും. അതുപോലെയാണ് ചില മുത്തശ്ശന്മാരും മുത്തശ്ശിമാരും. എന്നാൽ മിക്ക മാങ്ങയും അത്രത്തോളം എത്തുകയില്ല. അതിന് മുമ്പ് തോല് കെട്ടുപോകും. മാങ്ങയിലിരിക്കുന്ന പുഴു തോട് കരണ്ടു തിന്ന് പുറത്തുവന്ന് മാങ്ങയെ ചീയിച്ച് കളയും. നല്ല മാമ്പഴമുണ്ടാകുന്നതു പോലെ വേണം നല്ല മുത്തശ്ശനോ മുത്തശ്ശിയോ ആകാൻ!"

വാർദ്ധക്യം ഒരു തേന്മാവിൻ തോട്ടമാണ്; ഇളമുറക്കാർക്ക് രുചിക്കാനേറെയുള്ള ഒരു മാമ്പഴത്തോട്ടം. എന്നിട്ടും നാം എത്ര നിരാകുലമായിട്ടാണ് അതിനെ കല്ലെറിയുന്നത്? ശരിക്കും ദുഃഖിക്കാനേറെയുണ്ട് നമ്മുടെ യൗവനത്തിന്!

നിർഭാഗ്യവശാൽ നമ്മുടെ വൃദ്ധന്മാർക്ക്

വൃദ്ധിയേക്കാളേറെ ക്ഷയവും വീക്കവുമാണ് ഇന്ന ധികവും. വലിയും കുടിയും മാത്രമല്ല അതിന് കാരണമെങ്കിലും! ശാരീരിക ബലക്ഷയം ഒരു സ്വാഭാവിക പരിണാമമാണ്. എന്നാൽ ആന്തരിക ബലക്ഷയം ഒരു ആത്മീയ പ്രതിസന്ധിയാണ്. ആന്തരിക മനുഷ്യന്റെ ബലപ്പെടലിനെക്കുറിച്ചൊക്കെ അപ്പോസ്തലന്മാർ പറയുന്നുണ്ടല്ലോ! ഉൾക്കരത്തില്ലാതെ പോയേക്കാവുന്ന നമ്മുടെ വാർദ്ധക്യങ്ങളെ നാമെങ്ങനെ നേരിടും. ഏതിലാണ് വർദ്ധിച്ച് വരേണ്ടത്? ബൈബിൾ ഭാഷയിൽ 'സൽഗുണപൂർണ്ണത'യിലാണ്. ക്ഷമയിലും കരുണയിലും സ്നേഹത്തിലും വിശ്വസ്തതയിലുമൊക്കെ വർദ്ധിച്ചു വരുമ്പോഴാണ് നിങ്ങൾ തേജസ്സുള്ള വൃദ്ധന്മാരാകുക. അപ്പോഴാണ് "നരച്ച തല ശോഭയുള്ള കിരീടമാവുന്നത്". (സദൃ. 16: 31) അസൂയയിലും വെറുപ്പിലും ശണ്ഠയിലും ഒക്കെ വർദ്ധിച്ച് വരുമ്പോഴാണ് വാർദ്ധക്യം ശാപമായിത്തീരുക. പറയുമ്പോൾ മുഷിയരുത്, പിറക്കാനിരിക്കുന്ന നിങ്ങളുടെ ചെറുമകന്റേത് കൂടെയാണ് ഈ ലോകം. നിങ്ങളിലാവും വിധം ഇതിനുള്ളിലെ പകയും പിണക്കവുമൊക്കെ തീർക്കാനാവില്ലേ. ഈ ലോകം കുറെക്കൂടി ശുദ്ധമാകും; നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ! മോതിരക്കൈ മരവിച്ചാലും മോഹങ്ങൾ മുരടിക്കാത്ത ഒരു ലോകത്തിൽ നമ്മുടെ പുരുഷായുസ്സുകൾ ശുദ്ധമാകാൻ എത്രയധികം മനസ്സുവയ്ക്കണം.



**വാർദ്ധക്യം വിളവെടുപ്പുകാലമാണ്. വിതച്ചതത്രയും കൊയ്യുന്ന വലിയ പാടശേഖരമാണ്. പറിക്കാതിരുന്ന കളകളെയോർത്ത് അനുതപിക്കാനുള്ള നേരമാണ്. പ്രാർത്ഥിക്കുന്നതിനേറെ സമയവും അതിലേറെ കാരണങ്ങളുമുള്ള 'തക്കസമയം' ഇത് തന്നെയാണ്.**

ഒരു സ്നേഹിതൻ മലയാളം അദ്ധ്യാപകനാണ്. ഒന്നാം വർഷം ബിരുദ വിദ്യാർത്ഥികളുടെ ക്ലാസ്സിൽ അദ്ദേഹം ചോദിച്ചു. ശ്രീ ശങ്കരാചാര്യർക്ക് എത്ര പ്രായമുണ്ടായിരുന്നു? ആചാര്യന്റെ ദേശാടനത്തെക്കുറിച്ചും അദ്ദേഹം ചമച്ച ഗ്രന്ഥങ്ങളെക്കുറിച്ചുമൊക്കെ ആവോളം വർണ്ണിച്ച ശേഷമാണ് ചോദ്യം. ഒരു കുട്ടി എണീറ്റ് പറഞ്ഞു. "സർ, ഒരു എൺപതു വയസ്സെങ്കിലും ആയിട്ടുണ്ടാവും മരിക്കുമ്പോൾ!" പെട്ടെന്നുണ്ടായ ഞെട്ടൽ പുറത്തുകാട്ടാതെ സൗമ്യമായി അദ്ദേഹം പറഞ്ഞു. "മുപ്പത്തിരണ്ടു വയസ്സാണ് ആചാര്യസ്വാമികളുടെ ആയുർദൈർഘ്യം. ഇതിനോടകമാണ് സർവജ്ഞപീഠം കയറിയതും". വിവേകാനന്ദനെക്കുറിച്ച് കുട്ടികളോട് ചോദിക്കാൻ പിന്നെ സാറിന് ഭയമായിരുന്നു.

വാർദ്ധക്യത്തെപ്പറ്റിയുള്ള നമ്മുടെ യൗവനത്തിന്റെ ധാരണകൾ ഇനിയും തിരുത്തേണ്ടിയിരിക്കുന്നു. 'ബാലന്മാരിൽ വൃദ്ധന്മാരും വൃദ്ധന്മാരിൽ ബാലന്മാരുമുണ്ടെന്ന് കേട്ടതോർമ്മയുണ്ടല്ലോ! വൃദ്ധരെ ബഹുമാനിക്കണം. ഏറെ കാരണങ്ങളുണ്ട്. ഭൂമിയിൽ ദീർഘായുസ്സോടെ ഇരിക്കുന്നതിന് മാത്രമല്ല എന്നറിയുക.

വാർദ്ധക്യം വിളവെടുപ്പുകാലമാണ്. വിതച്ചതത്രയും കൊയ്യുന്ന വലിയ പാടശേഖരമാണ്. പറിക്കാതിരുന്ന കളകളെയോർത്ത് അനുതപിക്കാനുള്ള നേരമാണ്. പ്രാർത്ഥിക്കുന്നതിനേറെ സമയവും അതിലേറെ കാരണങ്ങളുമുള്ള 'തക്കസമയം' ഇത് തന്നെയാണ്. സഹോദരാ, ഈ പഴഞ്ചൊല്ല് അറിയാതെപോലും മറക്കരുത്, 'പഴുത്തപ്ലാവില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കും!'

## സഭാ സെക്രട്ടറിയുടെ അറിയിപ്പ്

നവംബർ മാസത്തിൽ പ്രസിദ്ധീകരിക്കുന്ന 2022 സഭാ ഡയറിയിൽ ഏതെങ്കിലും വിധത്തിലുള്ള തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ ഒക്ടോബർ മാസം 15-ാം തീയതിക്കകം രേഖാമൂലം (കത്ത് മുഖേനയോ, ഈമെയിൽ മുഖേനയോ) സഭാ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**സഭാ സെക്രട്ടറി,** മാർത്തോമ്മാ സഭാ ഓഫീസ്, തിരുവല്ല - 1
E-mail: diary@marthoma.in • sabhaoffice@marthoma.in

**റവ. കെ.ജി.ജോസഫ്** (സഭാ സെക്രട്ടറി)

# സഭയെ ജീവനെക്കാൾ സ്നേഹിച്ച മഹിതാചാര്യൻ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ 2021 ജൂലൈ 21-ന് കാലം ചെയ്തു. കബറടക്കം ദേവലോകം അരമന ചാപ്പലിൽ പൂർണ്ണ സംസ്ഥാന ബഹുമതികളോടെ നടന്നു. 2006-ലാണ് പരി. പൗലോസ് ദ്വിതീയൻ ബാവയെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിയുക്ത കാതോലിക്ക ബാവയായി പരി. സുന്നഹദോസ് തെരഞ്ഞെടുക്കുന്നത്. തുടർന്ന് 2010-ൽ പരി. ദിദിമോസ് പ്രഥമബാവ ആരോഗ്യപരമായ കാരണങ്ങളാൽ പദവിയിൽ നിന്ന് ഒഴിഞ്ഞതോടെ പൗലോസ് ദ്വിതീയൻ ബാവയെ എട്ടാം കാതോലിക്കയായി വാഴിക്കുകയായിരുന്നു.

കാതോലിക്കാ സ്ഥാനത്തെത്തി ചെറിയ കാലത്തിനുള്ളിൽ അശരണർക്ക് സാന്ത്വനമാകുന്ന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കി. പരുമല കാൻസർ സെന്ററാണ് ഇതിൽ ഏറെ പ്രധാനം. നിർധനരായ കാൻസർ രോഗികൾക്കുള്ള സൗജന്യ ചികിൽസാ പദ്ധതി 'സ്നേഹസ്പർശം' ആരംഭിച്ചു. സ്ത്രീകളെ സഭാഭരണത്തിന്റെ പങ്കാളികളാക്കിയെന്നത് ബാവായുടെ ശ്രദ്ധേയമായ ഭരണപരിഷ്ക്കാരമായിരുന്നു. പുരുഷന്മാർക്കൊപ്പം സ്ത്രീകൾക്കും 2011-ൽ വോട്ടവകാശം ഏർപ്പെടുത്തി. മദ്യം, ലഹരിമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ Human Empowerment പരിപാടിയിലൂടെ കർമ്മ പദ്ധതികൾ നടപ്പിലാക്കി. സൈബർ യുഗത്തിലെ അമിതാസക്തിക്കു നേരെ വിരൽ ചൂണ്ടുന്നതായി ദു:ഖവെള്ളിയാഴ്ചകളിലെ 'സൈബർ ഫാസ്റ്റ്'.

മലങ്കര ഓർത്തഡോക്സ് സഭയെ പൗലോസ് ദ്വിതീയൻ ബാവ അത്യന്തം സ്നേഹിച്ചു: "ഒരു കൈയ്യിൽ സഭയും മറുകൈയ്യിൽ സ്വന്തം ജീവനുംവെച്ച്, ഒന്നു തെരഞ്ഞെടുക്കേണ്ടിവന്നാൽ രണ്ടാമതൊന്ന് ആലോചിക്കാതെ എന്റെ സഭയെ ഞാൻ തെരഞ്ഞെടുക്കും." ബാവയുടെ എല്ലാ പ്രവർത്തനങ്ങളും കലർപ്പില്ലാത്ത സഭാസ്നേഹത്തിന്റെ നിദർശനങ്ങളായിരുന്നു. കത്തോലിക്കാ സഭയുമായുള്ള അടുത്ത ബന്ധം കൂടുതൽ ഊഷ്മളമാക്കുന്നതായിരുന്നു ഫ്രാൻസിസ് മാർപ്പാപ്പയുമായി വത്തിക്കാനിൽ നടത്തിയ കൂടിക്കാഴ്ച.

പരിശുദ്ധ കാതോലിക്കാ ബാവായുടെ ദേഹവിയോഗത്തിലുള്ള അഗാധമായ ദുഃഖത്തിൽ മലങ്കര മാർത്തോമ്മാ സുറിയാനി സഭയും സഭാതാരക കുടുംബവും പങ്കുചേരുന്നു. ആദരാഞ്ജലികൾ!!!

ലേഖനം

എം. തോമസ് മാത്യു



# നിസ്സഹായ വാർദ്ധക്യം: സഭയ്ക്ക് പുതിയ ദൗത്യരംഗം

1947-ൽ സ്വാതന്ത്ര്യം നേടുമ്പോൾ ഇന്ത്യാക്കാരന്റെ ശരാശരി വയസ്സ് മുപ്പത്തിയേഴു വയസ്സായിരുന്നു. എഴുപത്തിയഞ്ചു വർഷം പിന്നിടുമ്പോൾ അത് ഇരട്ടിയിൽ ഏറെയായി. അത് തീർച്ചയായും ഒരു വളർച്ചയാണ്. ഈ വളർച്ചയ്ക്കിടയിൽ വ്യക്തിയുടെയും സമൂഹത്തിന്റെയും ജീവിതത്തിലും ജീവിതബോധത്തിലും ഉണ്ടായ മാറ്റങ്ങൾ വലുതാണ്. കാർഷികവൃത്തി ജീവിതോപാധി അല്ലാതാക്കിതീർത്തതോടെ കൂട്ടുകുടുംബ വ്യവസ്ഥ തകർന്നു. പകരം വന്നത് അണുകുടുംബമാണ്. അച്ഛനും അമ്മയും മക്കളും അടങ്ങുന്ന ചെറിയ കുടുംബം. ഒരു സ്കൂട്ടറിൽ ഒരുമിച്ചു യാത്ര ചെയ്യാവുന്നത്ര ചെറുതായിരിക്കുക എന്നതാണ് കുടുംബത്തിലെ അംഗസംഖ്യയുടെ ആദർശം. ഈ മക്കൾ പ്രായപൂർത്തിയായി സ്വന്തമായി ജീവിതം ആരംഭിക്കുമ്പോൾ അവർക്ക് അകലേക്കകലേക്ക് അകന്നുപോകാതെ നിർവാഹമില്ലാതെ വരുന്നു. കുടുംബത്തിൽ അവശേഷിക്കുന്ന പ്രായസ്ഥരായ മാതാപിതാക്കൾക്ക് അന്യാശ്രയമില്ലാതെ ജീവിക്കുക സാധ്യമല്ല. അവരെയും പിരിച്ചകറ്റാൻ കാലം ഗൂഢതന്ത്രങ്ങൾ മെനഞ്ഞുകൊണ്ടിരിക്കുകയാണ്. ഇതൊക്കെ കാലം കൊണ്ടുവരുന്ന അനിവാര്യതയാണ്.

അനിവാര്യതകളെപ്പറ്റി പറഞ്ഞതുകൊണ്ട് പ്രയോജനമില്ല; അത് ഒരു പ്രശ്നത്തിന്റെയും പരിഹാരമല്ല. മക്കൾ ഓരോരുത്തരായി അകന്നു പോകുമ്പോഴും ഒരാളെ കുടുംബ കാര്യങ്ങൾ നോക്കുവാൻ പിടിച്ചു നിർത്തിയാണ് വളരെക്കാലം പ്രശ്നം പരിഹരിച്ചിരുന്നത്. ഇന്നത്തെ നിലയ്ക്ക് അത് അസാദ്ധ്യമാണ്. ഒരാളെ പിടിച്ചു നിർത്തി പോയിട്ടുള്ളവർ പൊയ്ക്കൊള്ളട്ടെ എന്ന് വയ്ക്കാൻ മാത്രം മക്കൾ എവിടെ? ആകെയുള്ളത് ഒന്നോ ഒന്നരമുറിയോ ആണ്. വീടിനടുത്തുതന്നെ ജോലി എന്നത് ആശിക്കാൻ കൊള്ളാവുന്ന ആദർശമായിരുന്നു. ആ സ്വപ്നം കാണുന്നവർ ഇന്നില്ല. നാടും വീടും വിട്ടുപോവുകയില്ല എന്ന് ശഠിക്കുന്നവർ ജീവിതം തുലയ്ക്കാൻ വ്രതമെടുത്തവരാണ്. വിദൂരത്തോ വിദേശത്തോ ആണ് ഉദ്യോഗം എന്നത് മക്കളെക്കുറിച്ചുള്ള അഭിമാനത്തിന്റെ ഭാഗമായിരുന്നില്ലേ ഒരു കാലത്ത്? ഇപ്പോഴും അങ്ങനെയല്ലേ? മക്കളെ എക്സ്പോർട്ട് ക്വാളിറ്റിയായി വേണം വളർത്താനും വിദ്യാഭ്യാസം കൊടുക്കുവാനും എന്നല്ലേ എല്ലാ രക്ഷിതാക്കളുടെയും മോഹം. പിറന്ന മണ്ണിൽ ജീവിക്കാൻ കൊള്ളാത്തവരാകുകയെന്നത് നമ്മുടെ വിദ്യാഭ്യാസത്തിന്റെയും ആദർശമാണ്.

ജരാനരകൾ വന്ന് ഞെരുങ്ങിത്തുടങ്ങുമ്പോഴാണ് തങ്ങൾ അനാഥരായി ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന ചിന്ത മറ്റ് അനേകം രോഗങ്ങളോടൊപ്പം ആക്രമണം തുടങ്ങുന്നത്. "ഏകാകിത്വമാണ് ഏറ്റവും ഭീകരമായ മരണം, തന്നെ ആരും സ്നേഹിക്കുന്നില്ല എന്ന വിചാരവും" എന്ന് മദർ തെരേസ പറഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ അങ്ങനെ ഉപേക്ഷിക്കപ്പെട്ടവർ വളരെ കുറച്ചേയുള്ളു. ആളുകൾ ചുറ്റും കൂടി നിൽക്കുന്നില്ലായിരിക്കാം; വേണ്ടപ്പെട്ടവരെല്ലാം കാണാമറയത്തും ആയിരിക്കാം. എന്നാൽ, എത്രയോ ആളുകളുടെ മനസ്സിൽ ഇടം ഉള്ളവരാണ് ഭൂരിപക്ഷവും. എത്രയോ പേരുടെ പ്രാർത്ഥനയുടെ കാവലിൽ സുരക്ഷിതരാണ് ഓരോരുത്തരും. ഏകാകിത്വത്തിന്റെ വിഹ്വലതയിൽ വിറയ്ക്കുമ്പോൾ അതിനെ മറികടക്കാനുള്ള ഒരു മാർഗ്ഗം തങ്ങളെ കരുതുകയും തങ്ങളുടെ ക്ഷേമത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുകയും ചെയ്യുന്നവരുണ്ട് എന്ന് ചിന്തിക്കലാണ്. അനേകം വ്യഗ്രതകളിൽപ്പെട്ട് ഉഴറുമ്പോഴും നമ്മെക്കുറിച്ചുള്ള വിചാരത്തെ ഒരു തേങ്ങലായി ഉള്ളിൽ സൂക്ഷിക്കുന്നവരാണ് അവർ എന്ന് ആലോചിച്ചു നോക്കുന്നതു തന്നെ എന്തൊരു സുഖമാണ്. നമ്മിൽത്തന്നെ ഉറച്ചുപോയ ചിന്തയെ അവിടെ നിന്ന് പിഴുതെടുത്ത് കളയുവാൻ അത് ഉപകരിക്കും.



രോഗം പിടിപെടുമ്പോഴുള്ള എറ്റവും വലിയ കുഴപ്പം ചിന്ത മുഴുവൻ അവനവനിൽ ഒതുങ്ങും എന്നതാണ്. വാർദ്ധക്യത്തിനും ഈ കുഴപ്പമുണ്ട്. അതുകൊണ്ടാണ് വാർദ്ധക്യം രോഗമാണെന്നു പറയുന്നത്. ശരീരത്തിന്റെ ബലഹീനതകൾക്കൊപ്പം ഇങ്ങനെയൊരു രോഗംകൂടി തന്നെ പിടികൂടിയിരിക്കുന്നു എന്ന് അറിയുകയില്ല. മനസ്സെത്തുന്നിടത്ത് മെയ്യ് എത്താതെയിരിക്കുന്നു എന്ന തിരിച്ചറിയുകയും, ആ തിരിച്ചറിവ് മനസ്സിനെ ദുർബലമാക്കുവാൻ സമ്മതിക്കുകയില്ലെന്ന് ഉറയ്ക്കുകയും ചെയ്യുന്നതാണ് ഇതിനു ചെയ്യാവുന്ന ലഘുചികിത്സ. അങ്ങനെ താൻ ആഗ്രഹിക്കാതെ തന്റെ മേൽ വന്ന ബലഹീനതയോട് പൊരുത്തപ്പെടുവാൻ ഒരളവുവരെ കഴിയുകയും ചെയ്യും. അപ്പോൾ എല്ലാ ചിന്തകളും ചുറ്റിതിരിയുന്നത് തന്നെ വലംവച്ചാണ് എന്ന അവസ്ഥ ഒഴിഞ്ഞുവരും.

എത്ര പാടുപെട്ടും ത്യാഗങ്ങൾ സഹിച്ചുമാണ് മക്കളെ വളർത്തിയത്. അവർക്ക് ആ വിചാരം വല്ലതുമുണ്ടോ? എന്ന പരാതിയും മുറുമുറുപ്പും എത്രയോ സാധാരണമാണ്. പാടുപെട്ടതിന്റെയും ത്യാഗം സഹിച്ചതിന്റെയും കണക്ക് ശരിയായിരിക്കാം. എന്നാൽ, ഈ കണക്കിൽ ചേർക്കാതെ വിട്ടു ചില കണക്കുകൾ കൂടിയുണ്ട്. മക്കൾക്ക് വേണ്ടി ഈ ക്ലേശങ്ങൾ സഹിച്ചത് ഒട്ടും ക്ലേശമില്ലാതെയാണ്. അതിൽ വലിയ ആനന്ദം ഉണ്ടായിരുന്നു. ആ ആനന്ദത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും കണക്ക് ആര് സൂക്ഷിച്ചിട്ടുണ്ട്? മക്കൾ അവർക്ക് ദൈവം കൊടുത്ത മക്കൾക്കുവേണ്ടി ആനന്ദത്തോടെ ക്ലേശങ്ങൾ സഹിക്കുന്നുണ്ടോ എന്ന് നോക്കിയാൽ മതി. അത് അവരുടെ ഉത്തരവാദിത്വങ്ങളാണ്, ദൈവത്തിന്റെ നീക്കുപോക്കില്ലാത്ത നിയോഗമാണ്. മാതാപിതാക്കൾ ഉത്തരവാദിത്വബോധത്തോടെ സന്തോഷത്തോടെ ത്യാഗങ്ങൾ സഹിച്ച് മക്കളെ വളർത്തിയതിനുള്ള പ്രതിഫലം ആ മക്കൾ അവരുടെ മക്കളെ അതേ ആത്മാവിന്റെ നിറവിൽ വളർത്തുന്നു എന്ന് കാണുമ്പോഴുള്ള ചാരിതാർത്ഥ്യവും സന്തോഷവുമാണ്.

**പത്രമാധ്യമങ്ങളിൽ കണ്ടുവരുന്ന ബീഭത്സതകളെ അപ്പാടെ വിശ്വസിച്ച് അതാണ് സമൂഹത്തിന്റെ അവസ്ഥ എന്ന് വിധിക്കരുത്. പത്രങ്ങളിൽ വാർത്തയാകുന്നതുതന്നെ ആ സംഭവങ്ങൾ സാധാരണല്ലാത്തതു കൊണ്ടാണ്.**

മാതാപിതാക്കളെ അവരുടെ വാർദ്ധക്യത്തിന്റെ ക്ഷീണാവസ്ഥയിൽ മക്കൾ നോക്കാതിരിക്കുന്നതിന്


**മക്കളെ നിസ്സഹായരാക്കുന്ന ജീവിത പരിസ്ഥിതികളിലും ഉത്തരവാദിത്വങ്ങളിലും അവർ അകപ്പെട്ടിരിക്കുന്നു എന്ന് വിവേകത്തോടെ ചിന്തിക്കാനും തിരിച്ചറിയാനും വൃദ്ധരായ മാതാപിതാക്കൾക്കും ചുമതലയുണ്ട്.**

സാധൂകരണമുണ്ടെന്ന് സമർത്ഥിക്കാനല്ല ഇങ്ങനെ പറഞ്ഞത്. തീർച്ചയായും അത് തെറ്റു തന്നെ. എന്നാൽ, മക്കളെ നിസ്സഹായരാക്കുന്ന ജീവിത പരിസ്ഥിതികളിലും ഉത്തരവാദിത്വങ്ങളിലും അവർ അകപ്പെട്ടിരിക്കുന്നു എന്ന് വിവേകത്തോടെ ചിന്തിക്കാനും തിരിച്ചറിയാനും വൃദ്ധരായ മാതാപിതാക്കൾക്കും ചുമതലയുണ്ടെന്ന് ഓർമ്മിപ്പിക്കാനാണ് ഞാൻ ശ്രമിക്കുന്നത്. വൃദ്ധസദനങ്ങളെക്കുറിച്ചും അവിടുത്തെ നിസ്നേഹമായ പരിചരണ സമ്പ്രദായങ്ങളെക്കുറിച്ചും ഉയരുന്ന പരാതികളും വിമർശനങ്ങളും ചെന്നു നിൽക്കുന്നത് മിക്കപ്പോഴും മക്കളുടെ സ്നേഹമില്ലായ്മയേയും നന്ദിയില്ലായ്മയേയും കുറിച്ചുള്ള ആവലാതികളാണ്. അതിന് വളരെയൊന്നും സാധൂകരണമില്ല എന്നതാണ് സത്യം. സ്നേഹശൂന്യരായി സ്വാർത്ഥം നോക്കിപ്പോയ മക്കൾ ഉണ്ടാകാം. പക്ഷേ, അത് അപവാദമാണ്, പൊതു നിയമമല്ല.

ഞാൻ പറയാൻ ശ്രമിക്കുന്നത് വൃദ്ധ മാതാപിതാക്കളെ ശുശ്രൂഷിച്ച് അവരോടൊപ്പം കഴിയണമെന്ന് മക്കൾ ആഗ്രഹിച്ചാലും കഴിയാത്ത സാഹചര്യങ്ങൾ ഉണ്ട് എന്ന കാര്യമാണ്. ആ സാഹചര്യങ്ങളിൽപ്പെട്ടവരാണ് ബഹുഭൂരിപക്ഷവും. പത്രമാധ്യമങ്ങളിൽ കണ്ടുവരുന്ന ബീഭത്സതകളെ അപ്പാടെ വിശ്വസിച്ച് അതാണ് സമൂഹത്തിന്റെ അവസ്ഥ എന്ന് വിധിക്കരുത്. പത്രങ്ങളിൽ വാർത്തയാകുന്നതു തന്നെ ആ സംഭവങ്ങൾ സാധാരണല്ലാത്തതു കൊണ്ടാണ്.

ഇങ്ങനെ അനിവാര്യമായി ഉരുത്തിരിയുന്ന സാമൂഹ്യ പശ്ചാത്തലത്തിൽ എന്ത് ചെയ്യാൻ കഴിയും എന്നാണ് ആലോചിക്കേണ്ടത്. ഇവിടെയാണ് സഭ ഉണർന്നു പ്രവർത്തിക്കേണ്ടത്. അഗതിമന്ദിരങ്ങൾ ഉണ്ടാക്കിയാൽ മാത്രം പോരാ; അഗതികളല്ലാത്ത നിസ്സഹായരുടെ സമൂഹം വലുതായിക്കൊണ്ടിരിക്കുന്നു. അവരെ എങ്ങനെ പരിപാലിക്കാം, അവർക്ക് എങ്ങനെ കൂട്ടായ്മ കൊടുക്കാം എന്ന് ഗൗരവമായി ആലോചിക്കണം. ഒരു പുതിയ മിഷൻ രംഗം രൂപപ്പെട്ടിരിക്കുന്നു; അത് ഏറ്റെടുക്കാനുള്ള ദർശനവും ഉത്തരവാദിത്വവും സഭ കാണിക്കണം.

കവിത



സച്ചിദാനന്ദൻ

# എഴുപത്തിയഞ്ച്

എഴുപത്തഞ്ചിൽ
വളവൊക്കെയും നിവരുന്നു,
മുള പൂത്തതു പോലെ
ചുളിയും തൊലിയുടെ-
യടിയിൽ നിന്നും മെല്ലെ
വാക്കുകളുയരുന്നു:

സൗവർണസുരഭിലം,
മൃദുലം, സ്നിഗ്ധം, പക്വം
വിരിഞ്ഞു വരികയായ്
ബാല്യത്തിൻ നറും പച്ച
ചിരിയാൽ നിറയ്ക്കയായ്
യൗവനമതിൻ കോപ്പ.
മിഴികൾക്കിപ്പോൾ കാണാം
ഇനിയും പന്തീരാണ്ടു
കഴിയെത്താഴ്വാരത്തെ-
ക്കടലാക്കീടും നീല-
ക്കുറിഞ്ഞിപ്പൂവിൽ വര-
വറിയിച്ചീടും മേഘം;
പിറക്കാൻ ത്രസിക്കുന്ന
ചെറുനക്ഷത്രങ്ങൾ തൻ
തുടിക്കും കിരണങ്ങൾ;
അകലത്തുനിന്നെത്തും
ഭാവി തൻ കാലിൻ
പെരുവിരലിൻ ശ്യാമച്ഛായ.

ചെവികൾക്കിപ്പോൾ കേൾക്കാം
ഇല വാടിടും ശബ്ദം,
പുഴു പാടിടും ശബ്ദം,
മഴ ആവിയാം ശബ്ദം,
വനദേവത ജല-
പാതം പോൽ ദൂരത്തെങ്ങോ
വളകൾ കിലുക്കുന്ന
പേലവകളകളം,
ഒരു ഗർഭിണിക്കുള്ളിൽ
ശിശുവിൻ ചെറുചിരി-
യതിന്റെ പ്രതിധ്വനി
ശലഭച്ചിറകേറി
വായുവിൽ വീഴ്ത്തും സ്പന്ദം

തൊലിയിൽ നിലാത്തരി
വിയർപ്പിൽ ചേരും സ്പർശം,
മരുഭൂമി തൻ പൊടി-
മണലിൻ ദിവാസ്പർശം,
നഗ്നപാദത്തിൽ കേറും
മുള്ളിന്റെ രക്തസ്പർശം....

അസ്ഥിരതാരുണ്യത്തിൻ
കയ്പുമുപ്പുമെൻ നാവിൽ.
പുര തൻ തെക്കേപ്പുറം
തേന്മാവിലാദ്യം പൂത്ത
ചെറുമാങ്ങ തൻ ചുന
കിനിയും പുളിരസം,
കറുമ്പൻതോടിൻ തീര-
വയലിൽ പൂക്കും നെല്ലിൻ
കതിരിൽ നിറയുന്ന
പാലിന്റെ നറും രുചി,
വിരലിൽ മുറി നക്കും
ലവണോഷ്മളരസം,
ഇലഞ്ഞിപ്പഴത്തിന്റെ
ചവർപ്പൻ മധുരവും.

ഊഷരഭൂവിൽ പുതു-
മഴ തൻ ഗന്ധം
നാട്ടുപൊന്തയിൽ പാമ്പിൻ
മുട്ട തൻ മദഗന്ധം,
അരളി ഇരുളിലേ-
യ്ക്കുച്ഛ്വസിച്ചിടും മണം,
കരിഞ്ഞ കുരുത്തോല,
കദളിപ്പഴത്തൊലി,
ചകിരിക്കുഴി, മൂത്രം-
ഇവ കായലിൻ കാറ്റിൽ
പുണരും ശവഗന്ധം.

എഴുപത്തഞ്ചിൽ വടു-
വോരോന്നും ഓരോ രാജ്യം,
എഴുപത്തഞ്ചിൽ ഭാഷ
അഭയം നൽകും ദ്വീപം.
മായാത്ത ചിരിയുമായ്
കാത്തിരിപ്പൂ ഞാൻ നിന്നെ,
ഹേ, മൃത്യു, ഒളിപ്പിക്കു-
കെന്നെ നിൻ മുടിക്കെട്ടിൽ
കാണാത്ത കൈതപ്പൂവിൻ
രൂക്ഷമാം സുഗന്ധമായ്!!

(കടപ്പാട്: *മാതൃഭൂമി*, 2021 മെയ് 30)

# അബുദാബി മാർത്തോമ്മാ ഇടവക

## തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സഹായം

അബുദാബി മാർത്തോമ്മാ ഇടവകയുടെ സുവർണ്ണജൂബിലി വർഷത്താടനുബന്ധിച്ച് സഭയിലെ അർഹരായ സുവിശേഷകരുടെ മക്കൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സഹായത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു. പ്രസ്തുത അപേക്ഷ മതിയായ രേഖകൾ സഹിതം **2021 സെപ്റ്റംബർ 30ന്** മുമ്പ് സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ അടങ്ങിയ അപേക്ഷഫാറം ഇടവകയുടെ ഗോൾഡൻ ജൂബിലി വെബ്സൈറ്റിൽ ലഭ്യമാണ്.

Website: www.admtc50.com
Email: educationaid@admtc50.com

In connection with the Golden Jubilee Year, the Abu Dhabi Mar Thoma Church invites applications for vocational education assistance to the children of deserving evangelists. The application should be submitted before **September 30, 2021,** along with the required documents. Detailed application form is available on the Golden Jubilee Website.

Website: www.admtc50.com
Email: educationaid@admtc50.com

# CANCER CARE ASSISTANCE CELL (CCAC)

**(A Joint Venture of ABU DHABI MAR THOMA YUVAJANA SAKHYAM & CRITICAL ILLNESS CARE CELL of Abu Dhabi Mar Thoma Church)**

അബുദാബി മാർത്തോമ്മാ യുവജന സഖ്യവും Critical Illness Care Cell (CCC) ഉം സംയുക്തമായി വർഷം തോറും നൽകി വരുന്ന കാൻസർ ചികിത്സാ ധനസഹായത്തിന് നിർദ്ധരരായ രോഗികളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

- അപേക്ഷകൾ താഴെ പറയുന്ന രേഖകൾ സഹിതം 2021 ഒക്ടോബർ 31 നകം അബുദാബി മാർത്തോമ്മാ ഇടവക വികാരിയുടെ പക്കൽ (Normal post preferred) സമർപ്പിക്കേണ്ടതാണ്.
- രോഗിയുടെ സാമ്പത്തികസ്ഥിതിയും മറ്റു വിശദ വിവരങ്ങളുമടങ്ങിയ അപേക്ഷയിൽ താഴെപ്പറയുന്ന രേഖകൾ ഉൾപ്പെടുത്തേണ്ടതാണ്:

  • രോഗിയുടെ താമസ സ്ഥലത്തിനടുത്തുള്ള മാർത്തോമ്മാ സഭയുടെ പ്രാദേശിക ഇടവക വികാരിയുടെ ശുപാർശ കത്ത് • രോഗിയെ ചികിത്സിക്കുന്ന ഡോക്ടറിൽ നിന്നും രോഗവിവരവും ചികിത്സാ ചെലവും വിശദമാക്കുന്ന സർട്ടിഫിക്കറ്റ് • അപേക്ഷകന്റെ/അപേക്ഷകയുടെ ഫോൺ നമ്പർ, ബാങ്ക് അക്കൗണ്ട് വിവരങ്ങളും നൽകേണ്ടതാണ്
- അപേക്ഷകൾ അനുവദിക്കുന്നതിനായി യുവജനസഖ്യം നിയോഗിച്ചിട്ടുള്ള കമ്മിറ്റി അറിയിക്കുന്ന പ്രകാരം ചികിത്സക്ക് ചെലവായ തുകയുടെ അസ്സൽ ബില്ലുകൾ തുക ലഭിക്കുന്നതിലേക്ക് അയച്ചുതരേണ്ടതാണ്.

CCACക്കുവേണ്ടി,

**Rev. Jiju Joseph** (Vicar, Abu Dhabi Mar Thoma Church) **Sunil John Samuel** (CCAC Convener )
Postal Address: Rev. Jiju Joseph, The Mar Thoma Church,P.O.Box.3058,Abu Dhabi, U.A.E.

ലേഖനം

റവ. അലക്സ് മൈലച്ചൽ
(യുവദീപം, ചീഫ് എഡിറ്റർ)



# സാധാരണാനന്തര കാലവും വാർദ്ധക്യ വിചാരങ്ങളും

സാധാരണനാന്തര (post-normal) കാലഘട്ടത്തിൽ മനുഷ്യൻ ചെറിയ തുരുത്തുകളായി ചുരുങ്ങുന്നു. സാമൂഹിക ബന്ധങ്ങളുടെ ഇഴകൾ അകലുന്നു. അതിൽ ഏറ്റവും ഏകാന്തതയും ഒറ്റപ്പെടലും അനുഭവിക്കുന്നത് വാർദ്ധക്യമാണ്. കോവിഡ് കാലഘട്ടത്തിൽ വയോജനങ്ങളുടെ ജീവിതം കൂടുതൽ സങ്കീർണ്ണമാവുകയാണ്. വാർദ്ധക്യം കേവലം കൊച്ചുമക്കളെ സംരക്ഷിക്കുന്നതിനുള്ള റോബോട്ടുകളായും, വൃദ്ധമന്ദിരങ്ങളിൽ അനാഥമാക്കപ്പെടുന്നവരായും, വീടുകളുടെ കാവൽക്കാരായും ചുരുങ്ങിയ ആഗോളവത്ക്കരണത്തിന്റെ കാലഘട്ടത്തെക്കാൾ അധികം സങ്കീർണ്ണമാവുകയാണ്.

### വാർദ്ധക്യം: വേദപുസ്തകദർശനം

വാർദ്ധക്യം ഒരു അനുഗ്രഹമാണ്. "നരച്ചതല ശോഭയുള്ള കിരീടം" (സദൃ. 16: 31) എന്നത് വേദപുസ്തക ചിന്തയാണ്. ദീർഘായുസ് ദൈവത്തിന്റെ ദാനമാണ്. ശിമ്യോനും ഹന്നായും (ലൂക്കൊ. 2:22-39) വാർദ്ധക്യത്തിന്റെ ഫലദായകത്വത്തിന് ഉദാഹരണമാണ്. വാർദ്ധക്യം ആദരിക്കപ്പെടേണ്ടതാണ്. "നരച്ചവന്റെ മുമ്പാകെ എഴുന്നേൽക്കുകയും വൃദ്ധന്റെ മുഖം ബഹുമാനിക്കുകയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം" (ലേവ്യ. 19:32). അനുഭവസമ്പത്തിന്റെ കലവറയാണ് വയോജനങ്ങൾ. 'വൃദ്ധന്മാരുടെ പക്കൽ ജ്ഞാനവും വയോധികന്മാരിൽ വിവേകവും ഉണ്ട്' (ഇയ്യോ. 12:12). വാർദ്ധക്യത്തിലും ദൈവം കൂടെയുണ്ട്.. "നിങ്ങളുടെ വാർദ്ധക്യം വരെ ഞാൻ അനന്യൻ തന്നെ; നിങ്ങൾ നരയ്ക്കുവോളം ഞാൻ നിങ്ങളെ ചുമക്കും; ഞാൻ ചെയ്തിരിക്കുന്നു; ഞാൻ വഹിക്കുകയും ഞാൻ ചുമന്നു വിടുവിക്കുകയും ചെയ്യും" (യെശ. 46:4). വാർദ്ധക്യം തലമുറകളെ രൂപപ്പെടുത്തുന്ന നാളുകളാണ്. വിശ്വാസത്തിന്റെ പകരപ്പെടലാണ് സാധ്യമാകേണ്ടത്. ദൈവമേ അടുത്ത തലമുറയോട് ഞാൻ നിന്റെ ഭുജത്തെയും വരുവാനുള്ള എല്ലാവരോടും നിന്റെ വീര്യപ്രവർത്തിയേയും അറിയിക്കുവോളം വാർദ്ധക്യവും നരയുമുള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ" (സങ്കീ. 71:18).

### ഡിജിറ്റൽ ലോകത്തിൽ അന്യരാക്കപ്പെടുന്ന വയോജനങ്ങൾ

ശാരീരിക അകലം പാലിക്കാൻ നിർബന്ധിതരാകുന്ന ഈ കാലഘട്ടത്തിൽ ആധുനിക സാങ്കേതിക വിദ്യയിലൂടെയാണ് ബന്ധങ്ങളുടെ കണ്ണികൾ മെടയുന്നത്. എന്നാൽ സൂം, ഗൂഗിൾ മീറ്റ്, ഗ്രൂപ്പ് കോളുകൾ, യൂട്യൂബ്, വാട്സാപ്പ്, ഫെയ്സ്ബുക്ക് ഇവ ആരാധനയ്ക്കും കൂട്ടായ്മയ്ക്കും സഹായകരമായി എന്നത് യാഥാർത്ഥ്യമാണ്. ഇന്റർനെറ്റ് എന്ന ആഗോളശൃംഖല ലോകത്തെ കൂടുതൽ ചെറുഗ്രാമമാക്കുന്ന കാലമാണിത്. എന്നാൽ അത്തരം നവ സാങ്കേതിക വിദ്യയിൽ നിന്നും ബഹുഭൂരിഭാഗം വയോജനങ്ങളും അന്യരാക്കപ്പെടുന്നു. ദേവാലയ ആരാധനകൾക്കൊപ്പം നവമാധ്യമങ്ങളിലൂടെയുള്ള ഓൺലൈൻ ആരാധനയിൽ നിന്നും പുറന്തള്ളപ്പെടുന്നവരിൽ ഭൂരിഭാഗവും വയോജനങ്ങളാണ്. കൈവശമുള്ള ഫോണിൽ നമ്പരമർത്തി വിളിക്കാനറിയാത്തതുമൂലം മക്കളുടെ വിളിയും കാത്തിരിക്കുന്നവർ അനേകരാണ്. ഓൺലൈൻ കുർബാനയുടെ ലിങ്ക് അമർത്തി അതിൽ പങ്കുകാരാകാൻ കഴിയാത്തവരും അനേകരാണ്. ഒരു ഭാഗത്ത് ബന്ധങ്ങളെ പുനർജീവിപ്പിക്കുന്നതാകുമ്പോൾ മറുഭാഗം ഒഴിവാക്കലിന്റേതുമാണ്. മനുഷ്യൻ ഒരു സാമൂഹിക ജീവിയാണ്. സാമൂഹിക ബന്ധങ്ങളെ യന്ത്രവത്കൃത ഉപകരണങ്ങൾക്ക് തൃപ്തിപ്പെടുത്താനാകില്ല എന്നതും യാഥാർത്ഥ്യമാണ്. ഇത്തരം



ജീവിതപരിസരങ്ങൾ അനേകരെ വിഷാദരോഗത്തി ന് അടിമയാക്കുന്നു. നെറ്റ്‌വർക്കിന്റെ ആഗോളയുഗ ത്തിൽ ഭൂരിഭാഗം വയോധികരും ഒറ്റപ്പെടുന്നവരായി വൃദ്ധമാതാപിതാക്കൾ മാറുന്നു.

**കണ്ണീരുണങ്ങാത്ത ആർത്തനാദങ്ങൾ**

"ആർക്കും വേണ്ട" മൂന്നു കുടുംബസ്ഥരായ മക്ക ളുള്ള ഒരമ്മയുടെ വാക്കുകളാണ്. ഇതു പറയു മ്പോൾ ആ കണ്ണിൽ നിന്നൊഴുകുന്നത് തീമഴ യാണ്. "ഇന്ന് ശനിയാഴ്ചയല്ലേ. മോനെ കണ്ടില്ല ല്ലോ" എല്ലാ ദിവസവും ഒരേ ചോദ്യം ആവർത്തി ക്കുന്ന തൊണ്ണൂറ് വയസുള്ള അമ്മ. വൃദ്ധസദനത്തി ന്റെ ജനലഴിയിലൂടെ ദൂരെ കവാടത്തിൽ നോക്കി നിൽക്കുന്ന മാതാവിന്റെ ചിത്രവും ചോദ്യവും മനസ്സിൽ നിന്നും മായുന്നില്ല. അനാഥമാക്കപ്പെട്ട അന്തേവാസിയുടെ ലേബൽ പേറുന്ന ആ മാതാവിന് അല്പം കഞ്ഞിയും അച്ചാറും പകർന്നു കൊടുത്തപ്പോൾ കിട്ടിയത് ഉള്ളം കൈയ്യിൽ ഒരു ചുടുചുംബനം! ഒപ്പം നിലയ്ക്കാത്ത മഴപെയ്ത്ത്! ഒരു അമ്ലമഴ! കണ്ണീരെന്ന ആസിഡ് മഴ!!!

"പത്ത് മാസം ചുമന്നതല്ലേ അവനെ... തള്ളേന്നാ അവനെന്നെ വിളിക്കണത്." ഒരമ്മയുടെ ഉള്ളുരു ക്കമാണത്. "ഇവനെന്നെ തല്ലി, ഇവന്റെ അപ്പനല്ലേ ഞാൻ... ഞാനവനൊന്നും സമ്പാദിച്ചു കൊടുത്തില്ല പോലും..." എൺപത്തഞ്ചുകാരൻ അപ്പന്റെ കണ്ണിൽ പ്രളയമഴയും നൊമ്പരത്തിന്റെ കൊടുങ്കാറ്റും! "വീട്ടിൽ കിടന്നു കണ്ണടയ്ക്കണമെന്നാ ആഗ്രഹിച്ചത്, എന്തു ചെയ്യാനാ. വിധി അല്ലാതെ ന്താ?" വയോവൃദ്ധന്റെ വാക്കുകൾ നെടുവീർപ്പിന്റെ കൊടുങ്കാറ്റാണ്.

"എല്ലാം ഉണ്ട്. ആവശ്യത്തിന് പണം, അഞ്ചുമക്കൾ, നല്ലവീട്, കാറ് എല്ലാം. അവസാനകാലത്ത് തിരി ഞ്ഞു നോക്കാൻ മാത്രം ആരുമില്ല. ആരുമില്ല". കണ്ണീർ പെയ്ത്തുകൾ നിലക്കുന്നില്ല. ഒരു സംശയം മാത്രം ബാക്കിയാകുന്നു. വൃദ്ധമാതാപിതാക്കളുടെ കണ്ണീരിന്റെ നീർച്ചാലുകൾ ഒഴുകി പരക്കുമ്പോൾ എല്ലാ സൗഭാഗ്യങ്ങളും ആ പ്രളയത്തിൽ മുങ്ങിപ്പോ വില്ലേ? ആ കണ്ണീരിന്റെ അഗ്നി മഴയിൽ വെണ്ണീറാ കാത്ത എന്ത് ബാക്കിയുണ്ടാകും? ആ ആസിഡ് മഴയിൽ എന്ത് സൗഭാഗ്യം ശേഷിക്കും? കണ്ണീരു ണങ്ങാത്ത ആർത്തനാദങ്ങൾക്ക് മുന്നിൽ ദൈവം ക്ഷമയുള്ള വ്യക്തിയാണോ?

**സാധാരണാനന്തരകാല സഭയും ദൗത്യവും**

സമകാലീന പശ്ചാത്തലത്തിൽ വാർദ്ധക്യം നേരി ടുന്ന പ്രതിസന്ധി 'ഭവനം ഒരു ഒഴിഞ്ഞ കൂട്' (empty nest syndrome) എന്ന തോന്നലാണ്. പ്രായമാകുന്ന കുടുംബങ്ങളിൽ മക്കൾ ഉപേക്ഷിച്ചുപോയ പ്രതീതി സർവസാധാരണമാണ്. മിക്ക വീടുകളിലും വാർദ്ധ ക്യത്തിലെത്തുന്നവർ ഒറ്റപ്പെടുന്നു എന്നത് യാഥാർ ത്ഥ്യമാണ്. കോവിഡ് കാലത്ത് അതിന്റെ തീവ്രത വർദ്ധിച്ചിരിക്കുന്നു. ക്രിസ്തീയ സഭയുടെ ദൗത്യത ലങ്ങൾ കൂടുതൽ വിശാലമാകുന്നു. 'ഒഴിഞ്ഞ കൂട്' എന്നതിലൂടെ രൂപപ്പെടുന്ന ഏകാന്തതയുടെയും വി ഷാദത്തിന്റെയും പശ്ചാത്തലത്തിലാണ് വയോജന പരിപാലന മന്ദിരങ്ങളും, അസിസ്റ്റഡ് ലിവിംഗ് ഹോമും പകൽ വീടുമൊക്കെ പ്രസക്തമാകുന്നത്. ഇതൊക്കെ സമൂഹത്തെ ഗ്രസിച്ച രോഗാതുരതയു ടെ ലക്ഷണമാണ് എന്നതിൽ തർക്കമൊന്നുമില്ല. എന്നാൽ ഏത് രോഗാതുര സാഹചര്യത്തിലും രോ ഗാതുരരെ ശുശ്രൂഷിക്കേണ്ടത് ആവശ്യമാണ്. സഭ യുടെ ശുശ്രൂഷ അത്തരത്തിൽ പ്രസക്തവുമാണ്.

പ്രാദേശിക ഇടവകകൾക്ക് വലിയ ഉത്തരവാദിത്വം സാധാരണാനന്തരതയുടെ ഈ കാലഘട്ടത്തിൽ നിർവഹിക്കുവാനുണ്ട്. ആരും ഒറ്റയ്ക്കാകാതിരി ക്കാൻ ജാഗ്രത പുലർത്തേണ്ടതുണ്ട്. നിരന്തരമായ ആശയസംവേദനം നിലനിർത്തേണ്ടത് ആവശ്യ മാണ്. ആശയസംവേദനത്തിനും കൂട്ടായ്മയ്ക്കും ആവശ്യമായ ആധുനിക സംവിധാനങ്ങൾ ലഭ്യ മാക്കുന്നതും അഭികാമ്യമാണ്. കുടുംബങ്ങളിൽ വാർദ്ധക്യകാല പരിചരണം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കണം. കോവിഡ്/ മറ്റ് അസുഖങ്ങൾ മൂലം ഒറ്റപ്പെടാതെ അവർക്കുവേണ്ട സഹായം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. മാന സിക പിൻബലം നൽകുന്നതിനുതകുന്ന കൗൺസി ലിംഗ് ലഭ്യമാക്കാനും ശ്രദ്ധിക്കേണ്ടതുണ്ട്. ഇടവക കളിൽ സപ്പോർട്ടീവ് ഗ്രൂപ്പുകൾ രൂപീകരിച്ച് വേണ്ട പരിചരണം ലഭ്യമാക്കുന്നത് ഏറെ പ്രയോജനകരമാ കും. ക്രിയാത്മകമായി സമയം വിനിയോഗിക്കുന്ന തിന് സഹായകരമാകുംവിധം ഇത്തരം ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നത് ഉചിതമാണ്. നവമാധ്യമ ആഗോ ളശൃംഖലയിൽ നിന്നന്യമാകുന്നവരെ കണ്ടെത്തി കൂടുതൽ ശ്രദ്ധ നൽകുവാൻ ശ്രമിക്കുക എന്നതും സഭയുടെ ദൗത്യമാണ്.

**ഒരു വാക്കുകൂടി**

അഞ്ചാം കല്പന ഒരിക്കലും മറന്നുപോകരുത്: "നിനക്ക് ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനേ യും അമ്മയേയും ബഹുമാനിക്ക" (പുറ. 20:12). ആശങ്കകൾ വർദ്ധിക്കുന്ന സമകാലീന പശ്ചാത്ത ലത്തിൽ ഉത്തരവാദിത്വം ഏറുകയാണ്. എല്ലാ വർഷവും സെപ്റ്റംബർ മാസം മൂന്നാം ഞായറാഴ് ചത്തെ ആചരണം മാത്രമായി ഒതുങ്ങാനുള്ളതല്ല. ജീവിതചര്യയിൽ ഉൾച്ചേരേണ്ട പ്രമാണമാണിത്. ആദരവോടെ കാണേണ്ടവരാണ് വയോധികർ. ആരോഗ്യകരമായ സമൂഹത്തിൽ സമാധാനപൂർണ്ണ വും സന്തോഷപൂർണ്ണവുമായ ജീവിതത്തിന്റെ ഉടമ കളായിരിക്കും ഓരോ വൃദ്ധമാതാപിതാക്കളും. അത് ഉറപ്പാക്കേണ്ടത് സഭയുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്വമാണ്. ഇനി കണ്ണീർവീണ് പൊള്ളി ക്കുന്നതാകാതിരിക്കട്ടെ ഓരോ വൃദ്ധമാതാപിതാ ക്കളും. ഉള്ളുരുക്കത്തിന്റെ സ്നേഹപാഠങ്ങൾ നമുക്ക് വെളിച്ചം പകരട്ടെ.

**ജസ്റ്റിസ് കെ. റ്റി. തോമസ്**
(സുപ്രീം കോടതി മുൻ ജഡ്ജി)



# മുതിർന്ന പൗരന്മാരും ക്ഷേമസംരക്ഷണ നിയമങ്ങളും

മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ഇന്ത്യൻ പാർലമെന്റ് 2007 -ൽ പാസാക്കിയ നിയമമാണ് The Maintenance and Welfare of Parents and Senior Citizens Act. 60 വയസ്സ് പൂർത്തിയാക്കിയ ഇന്ത്യൻ പൗരന്മാരെയാണ് 'മുതിർന്ന പൗരന്മാർ' എന്നതുകൊണ്ട് ബില്ലിൽ അർത്ഥമാക്കുന്നത്. ഈ നിയമം കൊണ്ടുവരുന്നതിന്റെ കാരണങ്ങളും പശ്ചാത്തലവും ലക്ഷ്യവും വിവരിച്ചുകൊണ്ട് പാർലമെന്റിൽ വിശദമായ പ്രസ്താവനയും നടത്തിയിരുന്നു. മുതിർന്നവരെ സംരക്ഷിക്കുകയെന്നത് ഇന്ത്യയിൽ പരമ്പരാഗതമായി പുലർത്തിവന്ന സമ്പ്രദായമാണെങ്കിലും, കൂട്ടുകുടുംബ വ്യവസ്ഥിതി നിന്നതുമൂലം വയോധികർക്ക് മതിയായ സംരക്ഷണം എല്ലായിടത്തും ഇല്ലാതെവന്നു. കേരളത്തിൽ 1976-ൽ കൂട്ടുകുടുംബം നിയമം മൂലം നിർത്തലാക്കി (Joint Hindu Family System [Abolition] Act). അതോടെ മരുമക്കത്തായ സമ്പ്രദായം അവസാനിച്ചു. ഹൈന്ദവ സമൂഹത്തിലെ വിവാഹ നിയമങ്ങൾക്കും, ദായക്രമത്തിനും വന്ന മാറ്റങ്ങളും മുതിർന്ന പൗരന്മാരുടെ ക്ഷേമവും സംരക്ഷണവും ഉറപ്പാക്കാൻ പ്രത്യേക നിയമം കൊണ്ടുവരാൻ ഇന്ത്യൻ നിയമനിർമ്മാണസഭയെ പ്രേരിപ്പിച്ചു.

വിധവമാർ (പ്രത്യേകിച്ചും വൃദ്ധരായവർ) ഏകാന്തതയിലും ഉപേക്ഷിക്കപ്പെട്ട നിലയിലും ആയിത്തീരുന്നതും, ശാരീരികവും സാമ്പത്തികവുമായ ക്ലേശങ്ങൾ നേരിടേണ്ടിവരുന്നതും സാധാരണ കാഴ്ചയായി മാറിക്കഴിഞ്ഞു. ക്രിസ്ത്യൻ സ്ത്രീകൾക്ക് ഭർത്താവിന്റെ സ്വത്തിൽ അവകാശം ലഭിച്ചത് 1985-ൽ സുപ്രീം കോടതിയിൽ നടന്ന മേരി റോയി കേസിനു ശേഷമാണ്. അതിനു മുമ്പ് നിലവിലിരുന്നത് Travancore Succession Act, Cochin Succession Act എന്നിവയാണ്. അതുകൊണ്ട് വിധവമാർ ഉപേക്ഷിക്കപ്പെട്ടാൽ അവരുടെ നില പരിതാപകരമായിരുന്നു. അതുകൊണ്ടായിരിക്കാം വിധവകളെ പ്രത്യേകമായി നിയമത്തിൽ ഉൾപ്പെടുത്തിയത്.

വാർദ്ധക്യം സാമൂഹിക വെല്ലുവിളിയായി കഴിഞ്ഞതുകൊണ്ട് അവരെ കരുതുന്നതിനും സംരക്ഷിക്കുന്നതിനും സംവിധാനം ആവശ്യമായി വന്നു; അതു നടപ്പിലാക്കാൻ നിയമനിർമ്മാണവും. ഈ പശ്ചാത്തലത്തിലാണ് The Maintenance and Welfare of Parents and Senior Citizens Act പാർലമെന്റ് പാസാക്കിയത്.



തന്നെ സംരക്ഷിക്കാൻ മക്കളിൽ നിന്ന് അമ്മ ക്വൊട്ടേഷൻ ക്ഷണിച്ചു!

കുറഞ്ഞ തുക 10 ലക്ഷം, പറഞ്ഞ ഇളയ മകന് ക്വൊട്ടേഷൻ ഉറപ്പിച്ചു..!

സി.ജി. സുനിൽകുമാർ

തൃശൂർ:പെറ്റമ്മയെ മരണം വരെ പോറ്റാനുള്ള അവകാശത്തിന് വേണ്ടി എട്ട് ആൺമക്കൾ ലേലം വിളിച്ചു. അമ്മ തന്നെയാണ് ആ ഓഫർ മക്കൾക്ക് മുന്നിൽ വച്ചത്. എന്നെ നോക്കാൻ നിങ്ങൾക്ക് എത്ര ലക്ഷം രൂപ വേണം? ഏറ്റവും കുറഞ്ഞ തുക ചോദിച്ചത് ഇളയമകനാണ്-പത്ത് ലക്ഷം രൂപ! ആ പണം മകന് നൽകി അമ്മ ഒപ്പം പോയി...

കൈ വളരുന്നോ കാൽ വളരുന്നോ എന്ന് നോക്കി, താഴത്തും തലയിലും വയ്ക്കാതെ തേന്നും

ന്ന സിനിമ. ആ സിനിമയിൽ നി

യും മറ്റു ബിസിനസുകളുമുള്ള സമ്പന്നകുടുംബം. തന്റേടിയായ അപ്പനും പഞ്ചപാവമായ അമ്മയും. ഒമ്പതു മക്കളിൽ ഒന്ന് മാത്രമാണ് പെൺതരി. ആൺസിംഹങ്ങളിൽ നാല് പേർ ജുവലറിയുടമകൾ, രണ്ടു പേർ സ്വർണത്തിന്റെ മൊത്തവ്യാപാരികൾ. രണ്ടു പേർ കേരളത്തിനു പുറത്ത്. മകളും പ്രമുഖ ബാങ്കിന്റെ മാനേജരായ മരുമകനും കോയമ്പത്തൂരിൽ.

അപ്പൻ രണ്ട് വർഷം മുമ്പ് മരിച്ചതോടെയാണ് അമ്മയുടെ ജീവിതം വിലപേശലിലെത്തിയത്.

യായിരുന്നു അമ്മ. മക്കളുടെ മനസിലിരിപ്പ് അറിഞ്ഞപ്പോഴാണ് തന്നെ നോക്കുന്നവർക്ക് പണം നൽകാമെന്ന ഓഫർ അമ്മ മുന്നോട്ടുവച്ചത്. അതോടെ ലേലം വിളി തുടങ്ങി. ഒമ്പതു മക്കളും തുക പറഞ്ഞു. ഏറ്റവും കുറഞ്ഞ തുക നിശ്ചയിച്ചത് സ്വർണക്കടക്കാരനായ ഇളയമകനാണ്. പത്ത് ലക്ഷം രൂപ. 20 ലക്ഷം വരെ ആവശ്യപ്പെട്ട മകനുമുണ്ട്. ഇളയമകന്റെ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ അമ്മ അംഗീകരിച്ചു. പണം കൈയോടെ കൊടുക്കുകയും ചെയ്തു. ഒരാഴ്ച മുമ്പ് അമ്മ മകനൊപ്പം താമ

പുതിയ നിയമത്തിലെ 4, 5 വകുപ്പുകൾ അനുസരിച്ച് സീനിയർ സിറ്റിസൺ ആയ ഒരാൾക്ക് സ്വന്തമായി ചെലവുകൾ നടത്താനുള്ള വരുമാനമില്ലെങ്കിൽ അതിലേക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഒരു ട്രൈബ്യൂണൽ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഓരോ ജില്ലയിലും ഇത്തരം ട്രൈബ്യൂണലുകൾ സ്ഥാപിക്കാനുള്ള ചുമതല സംസ്ഥാന സർക്കാരുകളെ ഏൽപ്പിച്ചിരിക്കുന്നു. പല സ്ഥലങ്ങളിലും ആർ. ഡി. ഒ. മാരാണ് ട്രൈബ്യൂണലുകളുടെ അധ്യക്ഷന്മാർ. ഒരു മുതിർന്ന പൗരന്റെ അവകാശികൾ (മകൻ/മകൾ) ആരെന്ന് നിർണ്ണയിക്കുന്നത് സ്വത്തുക്കൾ ദായക്രമം അനുസരിച്ച് ആർക്ക് കിട്ടുമെന്നതിനെ ആശ്രയിച്ചിരിക്കുന്നു. ആ അവകാശികൾക്കാണ് സ്വന്തമായി വരുമാനം ഇല്ലാത്ത സീനിയർ സിറ്റിസനെ സംരക്ഷിക്കാൻ ചുമതലയുള്ളത് എന്ന് Act-ൽ പറയുന്നു. അപേക്ഷ കിട്ടുന്നതനുസരിച്ച് ട്രൈബ്യൂണൽ മേൽപ്പറഞ്ഞ അവകാശികൾക്ക് നോട്ടീസ് അയക്കും. അവരുടെ ഭാഗവും കേട്ടതിനുശേഷം മൂന്നു മാസത്തിനകം അപേക്ഷയിന്മേൽ തീർപ്പ് കല്പിക്കണം. പ്രതിമാസം നിശ്ചിത സംരക്ഷണതുക നൽകാൻ ട്രൈബ്യൂണലിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്. 2007- ലെ ബില്ല് അനുസരിച്ച് പരമാവധി 10,000 രൂപയായിരുന്നു സംരക്ഷണ തുക. (എന്നാൽ 2019 -ലെ ഭേദഗതിയിൽ 'പരമാവധി' എന്ന ceiling നീക്കി). ഉത്തരവുകൾ നടപ്പിലാക്കാനുള്ള അധികാരം ജില്ലാ മജിസ്ട്രേട്ടിനാണ് (വകുപ്പ് 11). വൃദ്ധസദനങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടു പോകുവാനുമുള്ള ചുമതല സംസ്ഥാന ഗവൺമെന്റുകൾക്കാണ് (വകുപ്പ് 19). അത് എവിടെ? എത്ര? എന്നു നിർണ്ണയിക്കേണ്ട ചുമതലയും ഗവൺമെന്റിനുണ്ട്. അതിലേക്ക് ഗവൺമെന്റ് ഒരു സ്കീം തയ്യാറാക്കി നിർദേശിക്കണം.

2007-ലെ ബില്ലിലെ പ്രധാനപ്പെട്ടത് 23-ാം വകുപ്പാണെന്ന് ഞാൻ കരുതുന്നു: "Where any senior citizen who, after the commencement of this Act, has transferred by way of gift or otherwise, his property, subject to the condition that the transferee shall provide the basic amenities and basic physical needs to the transferor and such transferee refuses or fails to provide such amenities and physical needs, the said transfer of property shall be deemed to have been made by fraud or coercion or under undue influence and shall at the option of the transferor be declared void by the Tribunal''. ഒരു മുതിർന്ന പൗരൻ അയാളുടെ സ്ഥാവരവസ്തുക്കൾ ആർക്കെങ്കിലും ഇഷ്ടദാനമായി കൊടുക്കുകയും, തന്നെ സംരക്ഷിക്കാനുള്ള ചുമതലയ്ക്കാണ് ഇത് കൊടുക്കുന്നതെന്ന് പറയുകയും, ആ വ്യവസ്ഥ അനുസരിക്കാതിരിക്കുകയും ചെയ്താൽ, സ്വത്തുക്കൾ അനർഹമായി നേടിയതാണെന്ന് കണ്ടെത്തി കൈമാറ്റം അസാധുവാണെന്ന് പ്രഖ്യാപിക്കാനുള്ള അധികാരം ട്രൈബ്യൂണലിനുണ്ട്.


## ട്രിനിറ്റി മാർത്തോമ്മാ ചർച്ച്, ഹൂസ്റ്റൻ

### ഭവന നിർമ്മാണ സഹായം

ഹൂസ്റ്റൻ ട്രിനിറ്റി മാർത്തോമ്മാ ഇടവകയുടെ ജീവ കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഭവന രഹിതരും സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവിക്കുന്നവരുമായ 2 കുടുംബങ്ങൾക്ക് (10 Lakhs Each) ഭവനം നിർമ്മിച്ചു നൽകുന്നു.

**നിബന്ധനകൾ:**

1. മാർത്തോമ്മാ സഭ അംഗങ്ങൾ ആയിരിക്കണം. 2. മാർത്തോമ്മാ സഭയുടെ സുവിശേഷകർക്കും, ഇടവക ശുശ്രൂഷകർക്കും, വിധവകൾക്കും മുൻഗണന ഉണ്ടായിരിക്കും. 3. സ്വന്തമായി ഭൂമി ഉണ്ടായിരിക്കേണ്ടതാണ്.

### വിദ്യാഭ്യാസ സഹായം

സഭാ/മത വ്യത്യാസമെന്യേ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിൽ നിന്നുള്ള B.Sc. നഴ്സിംഗ് വിദ്യാർഥിനികൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

അർഹതപ്പെട്ടവർ ആവശ്യമായ രേഖകൾക്കും ഇടവക വികാരിയുടെ സാക്ഷ്യ പത്രത്തോടുമൊപ്പം assistantvicar@trinitymtc.org & secretary@trinitymtc.org എന്ന E-mail അഡ്രസ്സിലേക്ക് ഒക്ടോബർ 10നു മുൻപായി scan ചെയ്ത അപേക്ഷ അയക്കേണ്ടതാണ്. ഈമെയിൽ അയക്കുമ്പോൾ Subject ആയി Trinity MTC : Housing Aid/Education Aid എന്ന് രേഖപ്പെടുത്തേണ്ടതാണ്.

എന്ന് ഇടവകക്കു വേണ്ടി,

**റവ. റോഷൻ വി. മാത്യുസ്** (വികാർ - ഇൻ - ചാർജ്)
+17134087394

**റെജി ജോർജ്** (സെക്രട്ടറി)
+17138066751

# ‘വൈകിയും പുഷ്പിക്കാം’: അമ്മമാർക്കൊരു ലുത്തിനിയ

റോസ് ജോർജ്ജ്



1902-ൽ നിഷ്നിയോ നോവിന്റെ പ്രാന്തപ്രദേശത്തിലെ സൊർമോവ എന്ന തൊഴിലാളി കേന്ദ്രത്തിൽ നടന്ന മെയ്ദിന പ്രകടനമാണല്ലോ *അമ്മ* എന്ന കൃതി എഴുതാൻ മാക്സിം ഗോർക്കിയെ പ്രേരിപ്പിച്ചത്. വാസ്തവത്തിൽ ‘അമ്മ’യിലേക്ക് കണ്ണുകൂർപ്പിക്കുമ്പോൾ മഹത്തായ അതിന്റെ ഇതിവൃത്തത്തിൽ സജീവ സാന്നിദ്ധ്യമായി നിറഞ്ഞുനില്ക്കുന്ന ‘തൊഴിലാളിയുടെ വിധവ’ എന്ന് സ്വയം അഭിമാനിച്ച പിലാഗേയ നിലോവ്നയെ പ്രത്യേകമായി ഓർത്തെടുക്കുകയാണിവിടെ.


കലഹപ്രിയനായ മിഖായിൽ വ്ലാസോവ് എന്ന മെക്കാനിക്, നൃത്തവും സംഗീതവും കൂടിക്കലർന്ന ഒരു ഇരുണ്ട ഇടനാഴിയിൽ വച്ചു ഭിത്തിയോട് ചേർത്ത് പിടിച്ചുനിർത്തി നേടിയെടുത്തൊരു മൗനാനുവാദമാണ് പിലാഗേയ നിലോവ്നയുടെ ജീവിതമെന്ന് ഗോർക്കി എഴുതുന്നു. കുത്തഴിഞ്ഞ ജീവിതവും മദ്യപാനവും ഭർത്താവിനെ മരണത്തിലേക്ക് തള്ളിവിട്ടപ്പോൾ, അവരിൽ ജ്വലനമുണർത്താൻ പാവേൽ വ്ലാസോവ് എന്ന ക്ഷുഭിത യൗവനം ചോദിച്ച ഒരു ചോദ്യം ഉണ്ട്. “അമ്മ എന്തു സുഖമാണ് അറിഞ്ഞിട്ടുള്ളത്? ഓർമ്മിക്കാനായി എന്താണ് കൈവശമുള്ളത്?” ഇത് കാലപ്പഴക്കത്താൽ തേഞ്ഞുപോയൊരു ചോദ്യമല്ല. കേർക്കാനും കാണാനും തുറവിയുള്ള ഇക്കാലത്തും ഏതൊരാൾക്കും പരസ്പരം ചോദിക്കാവുന്നൊരു ചോദ്യമാണിത്. നിലോവ്നക്ക് ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സ്ത്രീകളോട് ഏറെ പറയാനുണ്ട്.

അസംതൃപ്തിയുടെ മർമ്മരത്താൽ തള്ളി നീക്കിയ ജീവിതത്തിന്റെ ഏകപ്രകാരതയിൽ നിന്ന് മൂരി നിവർത്തിയ നിലോവ്ന വെറുമൊരു കണ്ണീരിന്റെ അമ്മയല്ല. മകൻ പാവേൽ കൈമാറിയ നീതിയെക്കുറിച്ചുള്ള സ്വപ്നങ്ങളിലേക്കുള്ള അവരുടെ പ്രയാണത്തിന് നിരവധി മാനങ്ങളുണ്ട്. അനിവാര്യമായ ഉയിർത്തെഴുന്നേൽപ്പ് അവർ തോളിൽ നിന്നിറക്കിവച്ച മൂന്ന് ഭാരങ്ങൾ – ഗോർക്കി പരാമർശിക്കുന്നവ – തൊഴിലാളി വർഗ്ഗത്തിന്റെ, കുടുംബത്തിന്റെ, പിന്നെ സ്വന്തം ആത്മാവിന്റെ – കാരണം അവർ ഒരേ സമയം മതത്തിന്റെ അധീനതയിൽപ്പെട്ടവളും അടിച്ചമർത്തപ്പെട്ടവരുടെ ഭാഗവും ആയിരുന്നു.

മകനും കൂട്ടുകാരും വായിക്കുന്ന പുസ്തകങ്ങൾ നേര് പറയുന്നതായതുകൊണ്ടാണ് വിലക്കപ്പെട്ടതാവുന്നത് എന്ന് അവർ തിരിച്ചറിഞ്ഞൊരു നിമിഷമുണ്ട്. നിശബ്ദമായ ഒരു അകൽച്ചയോടെ അതിലേറെ ഹൃദയത്തോടടുത്ത ഒരു അടുപ്പത്തോടെ അന്നുമുതൽ അവർ തിളങ്ങുന്ന പിച്ചള സമോവറിൽ മാറുന്ന അവരുടെ മുഖച്ഛായ നോക്കിയിരുന്നു. മനോഹരമായ ഒരു രൂപാന്തരീകരണം!! എങ്ങനെ ജീവിച്ചിരുന്നു എന്നല്ല ഇനിയും എങ്ങനെ ജീവിക്കണമെന്ന് അവർ ഉറപ്പിച്ച നിമിഷങ്ങൾ.

അവർ പാട്ട് പാടി, വാ തുറന്ന് സംസാരിച്ചു, സ്വന്തം വാക്കുകൾ കേട്ട് വിസ്മയപ്പെട്ടു. പുക നിറഞ്ഞ വായുവിൽ തന്നെ ചലിപ്പിക്കുന്ന ഒരു ശക്തി അവർ കണ്ടെത്തി.

നീതിയെക്കുറിച്ചുള്ള സ്വപ്നങ്ങളിൽ ജ്വലിച്ചു. എല്ലാ അവിശ്വാസങ്ങളുടെ പിന്നിലും ഒരു വിശ്വാസമുണ്ടെന്ന് ആശ്വസിച്ചു. നികൃഷ്ടമായ തന്റെ ഭൂതകാലത്തിൽ തന്നെ മറന്നതോർത്തു അവർ ലജ്ജിച്ചു. വിപ്ലവകാരിയായ മകന്റെ കാലടികളെ പിന്തുടർന്നപ്പോൾ അർത്ഥസമ്പുഷ്ടമായ ഒരു ജീവിതം അവരും സ്വപ്നം കണ്ടു. നിലോവ്നയും ചിന്തിച്ചു തുടങ്ങി ചുറ്റുമുള്ള സഹജർക്കുവേണ്ടി. അത് കണ്ടു



പാവേൽ വ്ലാസോവ് എന്ന മകൻ പറയുന്നു: "ഒരാളുടെ അമ്മ അയാളുടെ ആദർശത്തിൽ വിശ്വസിക്കുക കൂടി ചെയ്യുമ്പോൾ അയാൾക്കത് ഒരു അപൂർവ്വ ഭാഗ്യമാകുന്നു".

സ്വതന്ത്ര മനുഷ്യരുടെ വിശേഷ ദിവസമായ മെയ്ദിന ജാഥയിൽ ന്യായത്തിന്റെയും നീതിയുടെ യും സ്വാതന്ത്ര്യത്തിന്റെയും പതാകയുമായി പാവേൽ ലാസോവ് നടന്നുനീങ്ങുമ്പോൾ അമ്മ ക്കൊരു അന്തർഗതമുണ്ട്, 'അവരുടെ ലക്ഷ്യം പരിശുദ്ധമാണ്.' മകന്റെ അറസ്റ്റിനു ശേഷം ഒസ്യ ത്തായി കിട്ടിയ ആത്മീയതയിൽ ഒടിഞ്ഞ കൊടിക്ക് കാലിൽ മുറുകെ പിടിച്ചുകൊണ്ട് അവർ ആത് മഗതം നടത്തുന്നു; "ആളുകൾ തനിക്ക് വേണ്ടി മരിക്കാൻ ഉണ്ടായിരുന്നില്ലെങ്കിൽ ക്രിസ്തു തന്നെ കാണുമായിരുന്നില്ല". സാർവത്രിക സ്നേഹത്തിന്റെ പ്രഭാവലയത്തിൽ അവരുടെ അധരങ്ങളിൽ നിന്ന് പ്രവഹിക്കുന്നത് ദൈവവചനങ്ങളാണെന്ന് പോലും ആളുകൾക്ക് തോന്നിപ്പോവുന്നു.

നല്ല മനുഷ്യർ സഹതപിക്കുമോ? ഇല്ലാ എന്ന് ഗോർക്കി പറയുന്നു. പഴയത് മാഞ്ഞുപോയിരിക്കു ന്നു. തീവ്രമായ ഒരു ആഗ്രഹത്തിന്റെ കുടുക്കിലേക്ക് നിലോവ്നയെ ഗോർക്കിയുടെ അക്ഷരങ്ങൾ ഉയർ ത്തുന്നു. മനോഹരമായ ഒരു വാങ്മയ ചിത്രം. പുറത്തൊരു ഭാണ്ഡവും കയ്യിലൊരു വടിയുമായി കാടുകളും ഗ്രാമങ്ങളും കടന്ന് നാട് ചുറ്റാനൊ രു മോഹം. ദാക്ഷിണ്യമില്ലാതെ തന്നോട് തന്നെ ആലോചിക്കാനാവുക, പഴയതിലും അല്പം കൂടി ഉയർന്നു ചാടാനുള്ള മോഹങ്ങൾ, വേഷപ്പകർ ച്ചകൾ. മാനവരാശിയുടെ വെളിച്ചമാകാൻ ഓടി നടന്നൊരു സ്ത്രീ.ഓരോ യാത്രകളിലും മടങ്ങിവര വുകളിലും അവരുടെ ചിന്താമണ്ഡലത്തിൽ സത്യ ത്തിന്റെ വിത്തുകൾ മുളച്ചു. ഒരുക്കമുള്ള മണ്ണിൽ തന്നാലാവുന്നതു
പോലെ അവരത് വിതച്ചു. മകന്റെ കാരാഗൃഹവാസ

> **"ONLY MOTHERS CAN THINK OF THE FUTURE - BECAUSE THEY GIVE BIRTH TO IT IN THEIR CHILDREN."**
>
> **- Maxim Gorky**

**മാറ്റത്തിനായി കൊതിക്കുന്നൊരു ആന്തരിക തലം സമൂഹത്തിൽ വിദഗ്ധമായി ഒളിഞ്ഞിരിപ്പുണ്ട്. ഇവിടെയാണ് മാക്സിം ഗോർക്കിയുടെ 'പിലാഗേയ നിലോവ്ന' എന്ന ആദർശവതിയായ ചരിത്രനായിക ഉത്തരവുമായെത്തുന്നത്. അവർ പറയുന്നു:**

**"വൈകിയും പുഷ്പിക്കാം, ഒരിക്കൽ ആരായിരുന്നുവെന്ന് ഓർത്തെടുക്കുകയും ചെയ്യാം".**

**സമോവറിൽ നിന്ന് ചായ പകർന്നു തന്ന് ലോകത്തെ അവർ ഉണർത്തുകയാണ്.**

ത്തിൽ അവന്റെ കൈകളാവുകയാണ് പിന്നീടുള്ള ജീവിതത്തിൽ നിലോവ്ന. ലഘുലേഖകളുമായി സഞ്ചരിക്കുമ്പോൾ ചാരന്മാരുടെ സംശയാസ്പദ മായ നോട്ടത്തെ എത്ര സമർത്ഥമായിട്ടാണ് അവർ മറികടക്കുന്നത്.

ആന്തരികമായ ഉണർവാൽ നിലോവ്ന ഭയത്തെ കുടഞ്ഞുകളയുന്നത്. മഹാമാരിയുടെ ഇരുണ്ട നാളുകളിൽ ശൈശവം മുതൽ വാർദ്ധക്യം വരെ യുള്ള ജീവിതാവസ്ഥകളിലൂടെ കടന്ന് പോകുന്ന എല്ലാവരും ശീലമാക്കേണ്ട ഒന്നാണ് ഭയത്തിനെതി രായ സ്വയം പ്രതിരോധത്തിന്റെ ഈ നിലോവ്ന ടെക്നിക്. "ഇല്ലാ ഞാൻ ഒന്നിനെയും ഭയക്കുന്നില്ല. എന്നാലാവും വിധം ഞാൻ പ്രതിരോധിക്കും". നെ റ്റിയിൽ അത്തരമൊരു മുദ്ര പേറുന്നതാണ് അതിജീ വനതന്ത്രം.

മാറ്റത്തിനായി കൊതിക്കുന്നൊരു ആന്തരിക തലം സമൂഹത്തിൽ വിദഗ്ധമായി ഒളിഞ്ഞിരിപ്പുണ്ട്. ഇവി ടെയാണ് മാക്സിം ഗോർക്കിയുടെ 'പിലാഗേയ നിലോവ്ന' എന്ന ആദർശവതിയായ ചരിത്രനാ യിക ഉത്തരവുമായെത്തുന്നത്. അവർ പറയുന്നു. 'വൈകിയും പുഷ്പിക്കാം, ഒരിക്കൽ ആരായിരുന്നു വെന്ന് ഓർത്തെടുക്കുകയും ചെയ്യാം'. സമോവറിൽ നിന്ന് ചായ പകർന്നു തന്ന് ലോകത്തെ അവർ ഉണർത്തുകയാണ്. വീണിടത്തുനിന്നും എഴുന്നേറ്റ് തങ്ങളുടെ തളർന്ന കാൽമുട്ടുകൾക്ക് ബലം കൊ ടുത്തു മുന്നോട്ട് മാൻപേടയെ പോലെ കുതിക്കാൻ സ്നേഹവും സമരവും ഇഴചേർന്നൊരു ജീവിത കാവ്യം അനുഭവിപ്പിച്ചുകൊണ്ട്. പുനർവായന യിൽ നോവലിന്റെ മുഴുവൻ ഇതിവൃത്തത്തിന്റെ അന്തസത്ത ഉൾക്കൊള്ളുമ്പോഴും മനസ്സ് ബാല്യ ത്തിൽ വായിച്ച ആ വരികൾ ഓർത്തെടുത്തു; "തറയിൽ ഈർപ്പമില്ലാതിരുന്നിട്ടും അവർ മഴ ചെരിപ്പ് ഇട്ടു, മഴക്കോളില്ലാഞ്ഞിട്ടും കൂടെയുള്ളവർ കുടയെടുത്തു".

# കോവിഡ് 19ന്റെ കാലത്ത് വയോജനങ്ങൾ



**ഡോ. മർക്കോസ് അറയ്ക്കൽ**
മെഡിക്കൽ സൂപ്രണ്ട്, മാങ്ങാനം മന്ദിരം ആശുപത്രി

കോവിഡ് 19 എന്ന മഹാമാരി ലോക ജനതയെ മുഴുവൻ ദുരിതത്തിലാക്കുവാൻ തുടങ്ങിയിട്ട് ഒന്നര വർഷത്തിലധികമായി. 2019ന്റെ അവസാനഘട്ടത്തിൽ ന്യുമോണിയ പോലെയുള്ള അസുഖം ചൈനയിലെ വുഹാൻ നഗരത്തിൽ കാണപ്പെട്ടു. 2019 ഡിസംബർ ആയപ്പോൾ ഈ രോഗം ജനിതകമാറ്റം വന്ന കൊറോണ വൈറസ് മൂലമാണെന്നു സ്ഥിതീകരിക്കപ്പെട്ടു. ലോകാരോഗ്യ സംഘടന ആദ്യം ഈ വൈറസ് രോഗത്തെ സാർസ് കോവിഡ്-2 എന്ന് വിളിച്ചു. പിന്നീട് ഇതിനെ കോവിഡ് 19 എന്ന് നാമകരണം ചെയ്യപ്പെട്ടു.

കോവിഡ് 19ന്റെ പ്രധാന ലക്ഷണങ്ങൾ പനി, വരണ്ടചുമ, മറ്റ് ലക്ഷണങ്ങളായി രുചി, ഗന്ധം എന്നിവ തിരിച്ചറിയാതിരിക്കുക, മൂക്കടപ്പ്, കണ്ണുകൾ ചുവക്കുക, തലവേദന, തൊണ്ടവരൾച്ച, ശരീരവേദന, ത്വക്കിൽ തടിപ്പ്, ഛർദ്ദി, വയറിളക്കം, വിറയൽ മുതലായവയും കണ്ടേക്കാം.

തീവ്രരോഗമുള്ളവരിൽ ശ്വാസതടസം, നെഞ്ചുവേദന, ഉയർന്ന ശരീരോഷ്മാവ് മുതലായവയും കൂടാതെ ക്ഷീണം, വ്യാകുലത, ഉറക്കകുറവ്, പക്ഷാഘാതം, തലച്ചോറിൽ വീക്കം തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകാം.

നേരത്തെ സാർസ് കോവിഡ് രോഗം ഉണ്ടായിട്ടുണ്ടെങ്കിലും കോവിഡ് 19 ന്റെ രോഗവ്യാപ്തി അതിലും വളരെ കൂടുതലാണ്. രോഗ വ്യാപനം ഏറ്റവും കൂടുതലുള്ളത് ഒരാൾ രോഗിയാകുന്നതിന് മുമ്പുള്ള സമയത്താണ്. അതുകൊണ്ട് പ്രതിരോധവും എളുപ്പമല്ല.

രണ്ടുവ്യക്തികൾ തമ്മിലുള്ള അകലം ഏറ്റവും കുറഞ്ഞത് രണ്ട് മീറ്ററെങ്കിലും ആയിരിക്കുകയാണ് ഏറ്റവും സുരക്ഷിതമായ പ്രതിരോധമാർഗ്ഗം. ഈ വൈറസിന് ഘനം കൂടുതലുള്ളതിനാൽ വായുവിൽ അധികനേരം തങ്ങി നിൽക്കുവാനുള്ള സാധ്യത കുറവാണ്. ഈ രോഗം ഭക്ഷണശാലകളിൽ നിന്നോ, പ്രാർത്ഥനാലയങ്ങളിൽ നിന്നോ, ഒത്തുചേരലുകൾ, ആഘോഷങ്ങൾ എന്നുവേണ്ട എവിടെ നിന്നുവേണമെങ്കിലും ആകാം.

ബ്രിട്ടീഷ് ഗവേഷകരുടെ അഭിപ്രായത്തിൽ ഈ വൈറസിന് മനുഷ്യകോശങ്ങളുടെ പ്രകൃതിദത്തമായ പ്രതിരോധത്തെ തടസപ്പെടുത്തുവാൻ സാധിക്കും. ജീവജാലങ്ങൾ സൃഷ്ടിക്കുന്ന ഇന്റർഫെറോൺ എന്ന വസ്തുവിന് വൈറസിന്റെ പ്രവർത്തനത്തെ തടയുവാൻ കഴിയും. പക്ഷേ ഇന്റർഫെറോൺ ഉണ്ടാക്കുവാനുള്ള കോശങ്ങളുടെ കഴിവിനെ ഈ വൈറസ് മന്ദീഭവിപ്പിക്കുന്നു.


അമേരിക്കൻ ഐക്യനാടുകളിലെ രോഗപ്രതിരോധവും നിയന്ത്രണവും നിരീക്ഷിക്കുന്ന ഏജൻസിയുടെ പഠനത്തിൽ ഈ രോഗം മൂലം മരിക്കുന്ന 10 പേരിൽ 8 പേരും 65 വയസിന് മുകളിലുള്ളവരാണ്. ബ്രിട്ടനിലെ മാഞ്ചസ്റ്റർ സർവകലാശാലയിലെ ഗവേഷകർ പറയുന്നത് പ്രായക്കൂടുതൽ ആണ് രോഗത്തിന്റെ കാഠിന്യത്തിന് പ്രധാനകാരണം എന്നാണ്. ഏതുപ്രായത്തിലുള്ളവരെയും ഈ രോഗം ബാധിക്കാം. പക്ഷേ പ്രായക്കൂടുതൽ ഉള്ളവർക്ക് രോഗത്തിന്റെ തീവ്രത കൂടുതലായിരിക്കും.

പ്രായം കൂടും തോറും മറ്റ് രോഗങ്ങളുടെ സാന്നിധ്യത്തിനുള്ള സാധ്യതയും കൂടുതലാണ്. പ്രമേഹം, രക്താതിമർദ്ദം, കാൻസർ, ഹൃദ്രോഗം, വൃക്ക, കരൾ രോഗങ്ങൾ ഇവയെല്ലാം പ്രായം കൂടുതലുള്ളവരിൽ കൂടുതൽ കാണുന്നു. ഇതോടൊപ്പം അവർ കഴിക്കുന്ന മരുന്നുകളും ഒരളവുവരെ രോഗം പിടിപെടുവാൻ കാരണമായേക്കാം.

നമ്മുടെ രക്തത്തിലുള്ള മാക്രോഫാജസ് (ഒരുതരം ശ്വേതാണുക്കൾ) ആണ് രോഗങ്ങളെ പ്രതിരോധിക്കുന്നതിന് മുൻപിലുള്ളത്. പ്രായമായ



വരിൽ മേൽപ്പറഞ്ഞ കോശങ്ങളുടെ പ്രവർത്തനം ചെറുപ്പക്കാരിൽ ഉള്ളതിലും കുറവാണ്. തൈമസ് എന്ന ഗ്രന്ഥി ഹൃദയത്തിന്റെ മേൽ ഭാഗത്തു സ്ഥിതിചെയ്യുന്നു. ഈ ഗ്രന്ഥിയാണ് റ്റി സെൽസ് എന്ന മറ്റൊരുതരം ശ്വേതാണുക്കളെ ഉണ്ടാക്കുന്നത്. റ്റി സെൽസ് ആണ് വൈദേശിക ആക്രമികളായ വൈറസ്, ബാക്ടീരിയ എന്നിവയെ തിരിച്ചറിയുന്നതും മാക്രോഫാജഡിന് അവയെ ആക്രമിക്കുവാനും സഹായിക്കുന്നത്.



പ്രായമാകുമ്പോൾ ഈ ഗ്രന്ഥി ചുരുങ്ങുന്നു. അതോടൊപ്പം റ്റി സെൽസ് ഉണ്ടാകുന്നതും കുറയുന്നു. ഇതുമൂലം നമ്മുടെ പ്രതിരോധശേഷിയും കുറയുന്നു. നമ്മൾ വാക്സിനുകൾ സ്വീകരിക്കുമ്പോൾ വൈറസിനെ പ്രതിരോധിക്കുവാനുള്ള ആന്റി ബോഡിസ് ശരീരത്തിൽ ഉണ്ടാകുന്നു. പക്ഷേ പ്രായമുള്ളവരിൽ ഈ പ്രവർത്തനം മന്ദീഭവിക്കുന്നു. മേൽപറഞ്ഞ പലകാരണങ്ങൾ മൂലം പ്രായം കൂടുതലുള്ള ആളുകളിൽ വൈറസിനെ പ്രതിരോധിക്കുവാനുള്ള ശക്തി തുലോം കുറവാണ്. മുൻപറഞ്ഞ രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ ആരോഗ്യപ്രവർത്തകരുമായി ഫോണിൽ കൂടെയോ, നേരിട്ടോ ബന്ധപ്പെടുക. അവരുടെ നിർദ്ദേശം അനുസരിച്ച് നിങ്ങൾക്ക് ആവശ്യമായ ചികിത്സക്ക് ഏറ്റവും യോജിച്ച സ്ഥലം തിരഞ്ഞെടുക്കുക.

കോവിഡ് 19 ബാധിക്കുന്ന രോഗികളിൽ 85% പേർക്കും ആശുപത്രി ചികിത്സ ഒരു പക്ഷേ വേണ്ടിവരില്ല. 15% പേർക്ക് രോഗം ഗുരുതരമാവുകയും ശ്വാസത്തിന് ഓക്സിജൻ വേണ്ടിവരികയും ചെയ്യുന്നു. 5% രോഗികളിൽ രോഗം വളരെ ഗുരുതരമാവുകയും ഐ.സി.യുവിൽ ചികിത്സിക്കേണ്ടിവരികയും ചെയ്യും.

രോഗത്തിന്റെ കാഠിന്യാവസ്ഥയിലേക്കും മരണത്തിലേക്കും നയിക്കാവുന്ന കാരണങ്ങൾ താഴെ പ്പറയുന്നവയാകാം. ഒട്ടും ശ്വാസം കിട്ടാതെ വരിക (respiratory failure), ശരീരത്തിലെയും രക്തത്തിലേയും അണുബാധയും അതുമൂലവുമുണ്ടാകുന്ന അവയവങ്ങളുടെ പരാജയം (multi organ failure), രക്തം കട്ടിപിടിക്കൽ മുതലായവ. കോവിഡ് 19 വന്നുപോയശേഷവും ചില ആളുകൾക്കെങ്കിലും പക്ഷാഘാതവും ഹൃദയസ്തംഭനവും ഉണ്ടാകാറുണ്ട്. ചില ആളുകളിൽ രോഗലക്ഷണങ്ങൾ വളരെ ലഘുവായിരിക്കും. പക്ഷേ ദീർഘനാളുകൾ അവരെ മറ്റുരോഗങ്ങൾ അലട്ടിക്കൊണ്ടിരിക്കും. ഇതിനുള്ള കാരണങ്ങളെപ്പറ്റി ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

**എന്തൊക്കെ ചെയ്യാം**

1. വീടുകളിൽ തന്നെ കഴിയുക. മറ്റുള്ളവർ നിങ്ങളെ സന്ദർശിക്കുന്നത് കഴിവതും ഒഴിവാക്കുക.
2. കൈയ്യും മുഖവും സോപ്പും വെള്ളവും ഉപയോഗിച്ച് ഇടവേളകളിൽ കഴുകുക.
3. തുമ്മുകയോ ചുമയ്ക്കുകയോ ചെയ്യുമ്പോൾ മുഖം ടിഷ്യു കൊണ്ടോ തൂവാല കൊണ്ടോ മറയ്ക്കുക.
4. സമീകൃതാഹാരം വീട്ടിൽ ഉണ്ടാക്കിയത് ചൂടോടെ കഴിക്കുവാൻ ശ്രദ്ധിക്കുക. രോഗപ്രതിരോധശേഷി കൂട്ടുവാൻ പഴങ്ങൾ ജ്യൂസ് എന്നിവ കഴിക്കുക.
5. വ്യായാമവും ധ്യാനവും പതിവാക്കുക.
6. ഉപയോഗിച്ചുപോന്ന മരുന്നുകൾ പതിവായി ഉപയോഗിക്കുക.
7. കുടുംബാംഗങ്ങളുമായും ദൂരെയുള്ള സുഹൃത്തുക്കളുമായും ഫോണിൽ ബന്ധപ്പെടുക.
8. നേത്രശസ്ത്രക്രിയ, കാൽമുട്ട് മാറ്റിവയ്ക്കൽ മുതലായ ശസ്ത്രക്രിയകൾ മാറ്റിവയ്ക്കുക.
9. നമ്മൾ സ്ഥിരമായി സ്പർശിക്കുന്ന സ്ഥലങ്ങൾ അണുവിമുക്തമാക്കുക.
10. നിങ്ങളുടെ ആരോഗ്യനില പതിവായി നിരീക്ഷിക്കുക. എന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടാൽ ഡോക്ടറുടെ നിർദ്ദേശം തേടുക.

**ചെയ്യരുതാത്തത്**

1. തുമ്മുകയോ ചുമയ്ക്കുകയോ ചെയ്യുമ്പോൾ കൈകൾ ഉപയോഗിക്കരുത്.
2. രോഗലക്ഷണങ്ങൾ സംശയിച്ചാൽ മറ്റുള്ളവരുമായി ഇടപഴകാതിരിക്കുക.
3. കൈകൊണ്ട് കണ്ണ്, മൂക്ക്, വായ്, നാക്ക് എന്നിവിടങ്ങളിൽ സ്പർശിക്കാതിരിക്കുക.
4. രോഗിയുടെ അടുത്തുപോകരുത്.
5. സ്വയം ചികിത്സ പാടില്ല.
6. ഹസ്തദാനം നടത്തരുത്.
7. ആശുപത്രിയിൽ കഴിയുന്നത്ര പോകാതിരിക്കുക.
8. ഭക്ഷണശാലകൾ, പ്രാർത്ഥനാലയങ്ങൾ, സിനിമാതീയറ്ററുകൾ തുടങ്ങി ആളുകൾ കൂടുതലുള്ള സ്ഥലങ്ങളിൽ പോകരുത്.
9. അത്യാവശ്യ സന്ദർഭങ്ങളിൽ ഒഴികെ പുറത്തുപോകുന്നത് ഒഴിവാക്കുക.
10. എല്ലാവരും വാക്സിൻ സ്വീകരിക്കുക.

Poem

# The Silver Stars in the Autumn Sky

## – An ode to our parents and grand parents



Dr. Mary Abraham

Look yonder and further
The bright stars shining in earnest fervour,
Sparkling a billion years
Embellishing the void darkness of fears,
With eons adorned with heavenly grace
and ornaments of silver lace.

The celestial bodies smile
As seasons sojourn the vast skies,
The fiery floral of the radiant spring
beckons the golden beauty of the autumn twig,
Washing away the pain from the wintry frost
The rustic fall balms the soul, weary and lost.

The fragile leaves shed and
carpet the forest walk
As the bark stands mighty and tall,
Flashing the wrinkles, deep and aristocratic
Crowned with a tiara, silver and enigmatic
Cloaked in regal attire
Covering all feeble and frail,

Wealth of sweat and blood
Shed on the winds of sail,
Behold, clouds pass by
As the lone leaf explodes
into a vibrant display of a new tale.

The night breeze whispers
to the break of the dawn,
As a new life is born,
The beginning of a youthful voyage
In this glorious ripe age,
Singing and praising
Sharing and offering,
Leaving footprints on the sands of time
Relishing the tranquil moments sublime.

Look yonder and further,
The dusk in all purple glitter
Twinkling in the crisp autumn sky
Is a galaxy, new and bright,
Sparkling in every hue and light.

**ഷാർജാ മാർത്തോമ്മാ യുവജനസഖ്യം ചികിത്സാ സഹായം**

ഷാർജാ മാർത്തോമ്മാ യുവജനസഖ്യത്തിന്റെ സ്നേഹ സ്പർശം പ്രൊജെക്റ്റിൽ നിന്നും കാൻസർ, കിഡ്നി, ഹൃദയം സംബന്ധമായി രോഗബാധിതരായ കുട്ടികളുടെ ചികിത്സാ സഹായത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു.

**നിബന്ധനകൾ**: 1. അപേക്ഷിക്കുന്ന കുട്ടിയുടെ പ്രായപരിധി 18 വയസ്സിൽ താഴെ ആയിരിക്കണം. 2. ഡോക്ടറുടെ ഒറിജിനൽ സാക്ഷ്യപത്രം ഉണ്ടായിരിക്കേണ്ടതാണ്. 3. സമീപ മാർത്തോമ്മാ ഇടവക വികാരിയുടെ സാക്ഷ്യപത്രം ഉണ്ടായിരിക്കേണ്ടതാണ്. അപേക്ഷകളുടെ ഒറിജിനൽ താഴെ പറയുന്ന മേൽവിലാസത്തിൽ 2021 ഡിസംബർ മാസം 31- ന് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്.

വിലാസം: The President, Sharjah Mar Thoma Yuvajana Sakhyam, Mar Thoma Parish, Sharjah, P.O Box: 2106, Sharjah, U.A.E.
യുവജനസഖ്യത്തിനു വേണ്ടി,

**റവ. മാത്യു എബ്രഹാം** (പ്രസിഡന്റ്) **ശ്രീ. സജു എബ്രഹാം** (കൺവീനർ)

കവിത




റവ. തോമസ് പി. കോശി

(കുഴിക്കാല)


# ഗുരുദക്ഷിണ



അറിവിന്റെ വിസ്മയലോകം മലർക്കെ തുറന്നു തന്നതും
അക്ഷരപ്പൂക്കളാൽ മുൻപിലുദ്യാനം തീർത്തതും ഗുരു
വിദ്യയിൻ വിളക്കു കൊളുത്തി കൈപിടിച്ചേൽപ്പിച്ചതും
പാഠപുസ്തകങ്ങൾക്കപ്പുറം വാതായനം തുറന്നിട്ടു
ഇരുളല്ല വെളിച്ചമാണു വിദ്യയെന്നോതിയതും
ഉള്ളിലെ ദൈവത്തെ ഉൾക്കണ്ണാൽ കാണാൻ
ദൈവത്തിലേക്കുള്ള ചൂണ്ടുപലകയായതും ഗുരു
തെറ്റിലേക്കിടറിയപ്പോൾ വിലക്കിയതും പിന്നെ
കൈപിടിച്ചുയർത്തി ശരിയിൻ നന്മ ചൊല്ലി
നേരിന്റെ വഴിയിൽ മുൻപിൽ നടന്നതും ഗുരു
ശിക്ഷിച്ചതും ശേഷം നെറുകയിൽ കരം ചേർത്ത്
അനുഗ്രഹം കൂടിരിക്കട്ടെയെന്നാശീർവദിച്ചതും
അറിവിന്നതിരുകളില്ലെന്നും ആകാശത്തിൻ
താഴെയീകാണും പ്രപഞ്ചത്തിലൊക്കെയും
തുല്യമതിനൊന്നുമില്ലെന്നു പാടികേൾപ്പിച്ചതും ഗുരു
ആകാശ താരങ്ങൾക്കും സാഗര തിരകൾക്കും മേലെ
അനന്തമവർണ്ണനീയമറിവിന്റെ ലോകമെന്നു ചൊല്ലി
അത്ഭുത കാഴ്ചകൾ വെളിവാക്കിത്തന്നതും ഗുരു
ജ്ഞാനത്തിൻ രശ്മികൾ ഉള്ളിലേക്കേറ്റുവാൻ
അതിന്നൊളികൾ ശിഷ്യരിൽ പ്രതിഫലിപ്പിച്ചതും ഗുരു
വിളക്കുകൾ കൊളുത്തിടാം അണയാതെ വഴികളിൽ
അകലട്ടെ അജ്ഞതയിൻ ഇരുളെവിടെയും പാരിൽ
പുലരട്ടെ സത്യവും നീതിയും ധർമ്മവും സ്നേഹവും
ഗുരുവന്ദനം ചൊല്ലാമാസ്മരണകൾക്കു മുൻപിലിന്നു
ഗുരുദക്ഷിണകളാതാവട്ടെ ഗുരുപാദത്തിങ്കലെന്നും.


## MAR THOMA COLLEGE, TIRUVALLA

(Re-Accredited with 'A' Grade by NAAC)

Kuttapuzha, Kerala, 689 103, Ph: 0469 - 2630342 • E-mail: mtcofficetvla@gmail.com

### WANTED ASSISTANT PROFESSORS

English - 3 (1 Open, 2 Community), Botany - 1 (Community), Zoology - 1 (Community), Physical Education - 1 (Community)

Age and Qualifications as per UGC / University / Govt. rules. Vacancies and appointments are subject to approval from University / Government.

Apply to Principal before 24th September 2021 in the prescribed form which can be had from the College office on payment of Rs. 1000/- (Rs. 1100/- by post).

**Principal**

## CARE & COMPASSION IN PERFECT HARMONY

The Madras Medical Mission (MMM) is a not-for-profit tertiary-care mission hospital established in the year 1987 with a vision to provide quality health care to people. The MMM hospital & Clinical Laboratory is accreditied by NABH and NABL.

**We require: STAFF NURSES** with 2 years of relevant experience. Freshers also may apply.

Contact : career@mmm.org.in

Mobile : 9841271396/ 9841241417, 044-40128009

**(Interview through Zoom)**

### The Madras Medial Mission

"To Reach the Unreached"

No.4-A, Dr. J.J. Nagar, Mogappair, Chennai - 600 037 • www.madrasmedicalmission.org.in

# വിലയ്ക്കുവാങ്ങുന്ന തടവറകൾ

ഡോ. ലിബൂസ് ജേക്കബ് എബ്രഹാം

കോഴഞ്ചേരി മാർത്തോമ്മാ കോളേജ്



*"ഞങ്ങളിവിടെ മൂന്നു ക്യാറ്റഗറിയിലുള്ള വൃദ്ധ ന്മാരെയാണ് സ്വീകരിച്ചിരിക്കുന്നത്. വലിയ സൗകര്യങ്ങളില്ലാത്ത ഒന്നാം ക്യാറ്റഗറി. പരിചരണവും ഭക്ഷണവും അത്ര മുന്തിയ തായിരിക്കില്ല. സാമാന്യം തെറ്റില്ലാത്ത വേറൊന്ന്. പരിചരണവും ഭക്ഷണവും നന്നായിരിക്കും. എല്ലാവിധ പോഷ് അവസ്ഥകളുമുള്ള മൂന്നാമത്തെ ക്യാറ്റഗറി. അതായത് താങ്കളിപ്പോൾ അനുഭവി ച്ചുകൊണ്ടിരിക്കുന്നത്. സദനത്തിന്റെ രഹസ്യ അലമാരവരെ തുറക്കാൻ ധൈര്യമുള്ള സ്വാതന്ത്ര്യം.".*

–ടി.വി. കൊച്ചുബാവ, *വൃദ്ധസദനം*


മലയാള സാഹിത്യത്തിലേക്ക് ഉത്തരാധുനികതയെ കൂട്ടിക്കൊണ്ടു വന്ന രചനകളെന്ന നിലയിലാണ് കൊച്ചുബാവയുടെ കൃതികൾ ശ്രദ്ധേയമായിട്ടുള്ളത്. *ഖസാക്കിന്റെ ഇതിഹാസം, ആൾക്കൂട്ടം, പാണ്ഡവപുരം* തുടങ്ങിയ നോവലുകൾ നിർമ്മിച്ച ഭൂമികകൾക്കപ്പുറം ശ്രദ്ധേയമായ രചനകളൊന്നുമുണ്ടാകാതിരുന്ന നീണ്ട കാലത്തെ രചനാപരമായ വരൾച്ചയെ അവസാനിപ്പിച്ച കൃതിയാണ് ടി.വി. കൊച്ചുബാവയുടെ *വൃദ്ധസദനം.* വാർദ്ധക്യമെന്ന അവസ്ഥയോടുള്ള പൊതുസമൂഹത്തിന്റെ നിലപാടുകളെ വിമർശനാത്മകമായി പരിശോധിക്കുന്നതിന് ഈ കൃതിക്ക് കഴിഞ്ഞിട്ടുണ്ട്. കാലത്തിന്റെയും സമൂഹത്തിന്റെയും അനിവാര്യതയായി മാറിക്കഴിഞ്ഞ വൃദ്ധസദനം എന്ന ആശയത്തെ സാകൂതം അവതരിപ്പിക്കുന്നതിന് എഴുത്തുകാരൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കേരളത്തിൽ വൃദ്ധസദനമെന്ന ആശയം വ്യാപകമായി പ്രചരിച്ചു തുടങ്ങിയത് എൺപതുകളുടെ അവസാനത്തിലും തൊണ്ണൂറുകളുടെ ആരംഭത്തിലുമാണ്. ആ ഒരു കാലത്തോടു ചേർന്നു നിന്നു കൊണ്ടു തന്നെ നോവലിസ്റ്റ് ഒരു വൃദ്ധസദനത്തെ എഴുതുന്നുണ്ട്.

രണ്ടാം ഭാര്യ സാറയുടെ നിർബന്ധത്തിന് വഴങ്ങി നിർമ്മലഭവനെന്ന വൃദ്ധസദനത്തിലെത്തുന്ന സിറിയക് ആന്റണിയെന്ന അൻപത്തിയഞ്ചുകാരന്റെ കഥയാണ് ഈ നോവൽ. ഡിസംബറിലെ ഒരു തണുത്ത പ്രഭാതത്തിൽ അവിടെയെത്തുന്ന സിറിയക് ആന്റണി തുടർന്നുള്ള പത്തു മാസങ്ങൾ കൊണ്ട് കടന്നു പോകുന്ന അനുഭവങ്ങളെ ആവിഷ്കരിക്കുകയാണ് ഈ കൃതിയിൽ. സിറിയക്കിന്റെ ആത്മഭാഷണമെന്ന രീതിയിലാണ് നോവലിന്റെ ഘടന. വർത്തമാനകാലത്തു നിന്നു കൊണ്ട് കഴിഞ്ഞ ഭൂത-ഭാവി കാലങ്ങളിലേക്ക് അയാൾ നടത്തുന്ന മനോസഞ്ചാരങ്ങൾ ഈ കൃതിയെ സവിശേഷമാക്കുന്നുണ്ട്. താനും അവിടെയുള്ള മറ്റ് അന്തേവാസികളും അവിടെ എത്തിച്ചേരാനിടയായ സാഹചര്യങ്ങളെ സിറിയക് വിവരിക്കുന്നുണ്ട്.ഒടുവിൽ വായനക്കാരുടെ ഹൃദയത്തിൽ ഒരു കണ്ണുനീർതുള്ളിയായി അയാൾ അലിഞ്ഞു ചേരുന്നു.

### കഥാപാത്രങ്ങളും പ്രതിനിധാനങ്ങളും

ശക്തമായ ഒരു സാമൂഹ്യമാറ്റത്തെ പ്രതിനിധാനം ചെയ്യുന്നവരാണ് വൃദ്ധസദനത്തിലെ കഥാപാത്രങ്ങൾ.അവരൊക്കെ സ്വന്തം നിലയിൽ ജീവിതത്തെ നിർണ്ണയിക്കുന്നവരാണ്. പേരുള്ളവരും പേര് കല്പിച്ചു നല്കപ്പെട്ടിട്ടില്ലാത്തവരുമാണ് അവരിൽ പലരും. സിറിയക്കിനെയും സാറയെയും കൂടാതെ വൃദ്ധസദനം നടത്തിപ്പുകാരനായ ഇർവാദീസ്, ക്ലാർക്ക് ഹരിദാസൻ,നഴ്സുമാരായ നിർമ്മല, കത്രീന, സൂസൻ പേരുകൾ കൃത്യമായി നിർവചിക്കപ്പെടാത്തവരാണ് *വൃദ്ധസദന*ത്തിലെ പ്രധാനകഥാപാത്രങ്ങൾ.

ധനികഗൃഹത്തിലെ ജോലിക്കാരനിൽ നിന്നും വൃദ്ധസദനത്തിലെ അന്തേവാസിയിലേക്കുള്ള പരിണാമത്തിനിടയിൽ സിറിയക് താണ്ടുന്ന ദൂരമേറെയാണ്.ആഗ്നസ്, സാറ, നിർമ്മല, കത്രീന തുടങ്ങിയ സ്ത്രീകളിലൂടെ അയാൾ തന്നെത്തന്നെ




നിർണ്ണയിക്കാനുള്ള ശ്രമത്തിലാണ്. സാറ തന്നെ വൃദ്ധസദനത്തിന്റെ ചിട്ടകളുടെ അതിരുകളിലേക്ക് വലിച്ചെറിഞ്ഞു പോയതാണെന്നു തിരിച്ചറിഞ്ഞിട്ടും അവളെ തീർത്തും നിരാകരിക്കാൻ അയാൾക്ക് കഴിയുന്നില്ല. സാറ സമൂഹത്തിന്റെ പ്രതിനിധിയാണ്. കാലത്തിന്റെ മാറ്റത്തെ സൂചിപ്പിക്കുന്നതാണ് സാറയുടെ പെരുമാറ്റരീതികൾ.സിറിയക്കിനെക്കുറിച്ച് നിർമ്മലഭവന്റെ ചുമതലക്കാർക്ക് അവളെഴുതിക്കൊടുത്ത വാക്കുകൾ അതിനെ ശരി വെക്കുന്നുണ്ട്.

ഇർവാദീസ് കരുണയെ വില്പനച്ചരക്കാക്കുന്ന വ്യവസായിയാണ്. സമൂഹത്തിന്റെ ആവശ്യങ്ങളെ മുൻകൂട്ടിക്കണ്ടു കരുക്കൾ നീക്കുന്ന പ്രായോഗിക ബുദ്ധിയാണ് അയാളുടെ കൈമുതൽ. അതെപ്പോൾ എങ്ങനെ പ്രയോഗിക്കണമെന്നയാൾക്കറിയാം. അമ്മാമ്മയുടെ മരണത്തെ അയാൾ സമർത്ഥമായി വിനിയോഗിക്കുന്നതിനെക്കുറിച്ച് നോവലിസ്റ്റ് വിവരിക്കുന്നുണ്ട്. ഫോട്ടോ എടുക്കുന്ന സമയത്ത് സിറിയക് അടക്കം രണ്ട് അന്തേവാസികളെ അയാൾ ഒഴിവാക്കുന്നത് ഇതിന് ഉദാഹരണമാണ്. കലക്ടറെയും അതിസമ്പന്നരായ ആളുകളെയും ഒരുപോലെ തന്റെ ഇടപാടുകാരാക്കി മാറ്റുന്നതിന് അയാൾക്ക് കഴിയുന്നുണ്ട് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**വാർദ്ധക്യം ഒരു സമീപനമാണ്**

വാർദ്ധക്യം ഒരു ശാരീരികാവസ്ഥ മാത്രമല്ലെന്നും അതൊരു മാനസികാവസ്ഥ കൂടിയാണെന്നും നോവലിസ്റ്റ് സമർത്ഥിക്കുന്നുണ്ട്. വാർദ്ധക്യത്തിലെത്തിയവരോടു സമൂഹം വച്ചു പുലർത്തുന്ന സമീപനത്തിനു നേർക്ക് ഒന്നു ചുണ്ടു കോട്ടിച്ചിരിക്കുന്നുണ്ടെന്നും പറയാം. കുടുംബ വ്യവസ്ഥയിലും സാമൂഹ്യഘടനയിലും സംഭവിച്ച മാറ്റങ്ങളുയർത്തി വിട്ട പ്രധാന ചിന്ത വാർദ്ധക്യം ഒരു ശാപമോ ഭാരമോ ഒക്കെയാണ് എന്നുള്ളതാണ്. ഉല്പാദനക്ഷമത നഷ്ടപ്പെട്ട ഒരു കൂട്ടം എന്ന നിലയിലോ നിശ്ചലമായ യന്ത്രമെന്ന നിലയിലോ ഒക്കെയാണ് സമൂഹം വൃദ്ധരെ കാണുന്നത്. പുതിയ കാലത്തിന്റെ സമീപനത്തിൽ വിപണനസാധ്യത നഷ്ടമായ ഒരു കൂട്ടരാണ് വൃദ്ധർ. വാർദ്ധക്യം ഒരു ബാധ്യതയാണ് എന്ന ചിന്ത ശക്തിയാർജ്ജിച്ചു. അതനുസരിച്ച് ഉപയോഗശൂന്യമായി മാറിയ പഴഞ്ചൻ വസ്തുക്കൾ കൂട്ടിയിടുന്ന ഒരു മുറിയായി വേണം വൃദ്ധസദനങ്ങളെ കാണാൻ. മലിനമാക്കപ്പെട്ട ഒരു സമൂഹമനസിന്റെ സൂചകങ്ങളാണ് വൃദ്ധസദനങ്ങളെന്നർത്ഥം.

മത്സരക്ഷമത നഷ്ടപ്പെട്ട ഒരു കൂട്ടമായി വൃദ്ധർ മാറുമ്പോൾ അവർ മുഖ്യധാരയിൽ നിന്നും പുറത്താവുകയോ നിർബന്ധമായി പുറത്താക്കപ്പെടുകയോ ചെയ്യുന്നു.അതാകട്ടെ രോഗാതുരമായ ഒരു കുടുംബഘടനയുടെയോ സാമൂഹ്യവ്യവസ്ഥയുടെയോ ഫലമാണെന്നും പറയാം.




നിത്യജീവിതക്രമത്തിന്റെ സ്വാഭാവികതയോ ഒഴുക്കോ നിലനിർത്താനാവാതെ വരുമ്പോൾ വൃദ്ധജനങ്ങൾ പൊതുവിടങ്ങളിൽ നിന്നും അന്യവത്കരിക്കപ്പെടുന്നു. അത്തരത്തിൽ അവർക്ക് നിഷേധിക്കപ്പെടുന്ന പൊതുജീവിതം സാംസ്കാരികമായ ശൂന്യതയെയും പൊള്ളയായ വിചാരങ്ങളെയുമാണ് തുറന്നു കാട്ടുന്നത്.ഒരു വൃദ്ധസദനവും വൃദ്ധരായവർ തങ്ങൾക്കു വേണ്ടി നിർമ്മിച്ചവയല്ല.വാർദ്ധക്യത്തെ ഒരു രോഗമോ ശാപമോ ആയി കാണുന്ന വ്യവസ്ഥയാണ് അവ പടുത്തുയർത്തിയത്.

ഒരുപാടു നിഗൂഢതകൾ നിറഞ്ഞ വ്യവസ്ഥയുടെ സൂചനയായാണ് നിർമ്മലഭവൻ നോവലിൽ ഇടപെടുന്നത്. ആ നിഗൂഢമായ ഇടങ്ങളിലൂടെ കടന്നു പോകുന്ന ചിരപരിചിതനായ ഒരു വഴികാട്ടിയുടെ വേഷമാണ് നോവലിസ്റ്റ് അണിയുന്നത്. സമൂഹത്തിലെ ഇരുണ്ട ഇടങ്ങളിലേക്കൊക്കെ ആ ചുവടുകൾ കടന്നു ചെല്ലുന്നുണ്ട്. അതിനിടയിൽ ഉപഭോഗാസക്തിക്കു മുമ്പിൽ കണ്ണഞ്ചി നിന്നു പോയ മധ്യവർഗ്ഗമലയാളി സമൂഹത്തെ വ്യക്തമായി കാട്ടിത്തരുന്നുണ്ട്. അവരുടെ പൊങ്ങച്ച സംസ്കാരത്തിന്റെയും സ്വത്തിനോടുള്ള ഒടുങ്ങാത്ത ആർത്തിയുടെയും പുറംകുപ്പായങ്ങൾ വലിച്ചു കീറുന്നുമുണ്ട്. തന്റേതല്ലാത്ത സ്വത്ത് കയ്യടക്കി വച്ചിരുന്ന സിറിയക്കും അയാളെ പുറത്താക്കി അതു സ്വന്തമാക്കുന്ന സാറയും ഈ വ്യവസ്ഥയുടെ സൂചകങ്ങൾ തന്നെയാണ്. ഈ നോവലിൽ കണ്ടു

മുട്ടുന്ന കഥാപാത്രങ്ങളിലധികവും ഇത്തരം വ്യവസ്ഥകളുടെ ഇരകളായി മാറിയവരാണെന്നു കാണാം.

ഒരു വൃദ്ധസദനവും വാർദ്ധക്യം കടന്നു പോകുന്ന ആകുലതകളെയും വ്യഥകളെയും ശരിയാം വിധം അഭിമുഖീകരിക്കുകയോ ശാശ്വതമായി പരിഹരിക്കുകയോ ചെയ്തിട്ടില്ല. വാർദ്ധക്യത്തിലെ ഏകാന്തത, തങ്ങളെ തേടി വരാൻ പോകുന്ന മൃത്യുവിനെക്കുറിച്ചുള്ള വിചാരങ്ങൾ, ഒരു കാലത്ത് സർവപ്രതാപികളായി നിന്ന ഇടങ്ങളിൽ മൗനിയായി, വെറും കാഴ്ചക്കാരനായി നിൽക്കേണ്ടി വരുന്നതടക്കമുള്ള സ്വത്വവിചാരങ്ങൾ ഇവയൊക്കെ ഗൗരവമായി ചർച്ച ചെയ്യേണ്ട പ്രശ്നങ്ങളാണ്. മിക്ക വൃദ്ധസദനങ്ങളും ഇത്തരം സമസ്യകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതേയില്ല. മറിച്ചു അവിടങ്ങളിൽ ചില ചട്ടങ്ങൾ ചമച്ചു തങ്ങൾക്കനുസരണമായ വിധത്തിൽ അവരെ പരുവപ്പെടുത്തുകയാണ് ചെയ്യുന്നത്.

വൃദ്ധസദനത്തിലെ അന്തേവാസികളുടെ താല്പര്യങ്ങളെയും നിത്യജീവിതക്രമങ്ങളെയും ചിട്ടപ്പെടുത്തുന്നത് അവരല്ല. അവരിൽ നിന്നും ഏറെ അകന്നു നിൽക്കുന്ന ഒരു പുറംലോകമാണ് അതു ചെയ്യുന്നത്. അതു കൃത്യമായി അവതരിപ്പിക്കുന്നതിന് നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്. അകാലവാർദ്ധക്യം ബാധിച്ച ഒരു സമൂഹത്തിന്റെ മനസ്സ് കെട്ടിയുയർത്തിയ പെയ്ഡ് തടവറകളാണ് വൃദ്ധസദനങ്ങളെന്ന് സമർത്ഥിക്കുന്നതിൽ കൊച്ചുബാവ വിജയിച്ചിട്ടുണ്ട്. സ്വത്തു മുഴുവൻ രണ്ടാം ഭാര്യയുടെ പേരിൽ എഴുതിവച്ച സിറിയക് വാർദ്ധക്യം ബാധിക്കുന്നതിന് മുൻപു തന്നെ വൃദ്ധസദനത്തിൽ അടയ്ക്കപ്പെടുന്നതിനെയും തുടർന്ന് അയാൾ കടന്നു പോകുന്ന ആത്മനിന്ദയെയും സാമ്പത്തികബന്ധങ്ങളുടെയും വ്യക്തിബന്ധങ്ങളുടെയും പശ്ചാത്തലത്തിൽ വായിക്കേണ്ടതുണ്ട്. അതിനെ സമർത്ഥമായി വിപണനം ചെയ്യുന്നുണ്ട് നടത്തിപ്പുകാരനായ ഇർവാദീസ്.

രോഗാതുരമായ ഒരു സമൂഹത്തിന്റെ ലക്ഷണമാണ് വൃദ്ധസദനങ്ങളെന്നു നോവലിസ്റ്റ് പറഞ്ഞു വെക്കുന്നുണ്ട്. കൊച്ചുബാവയുടെ ഈ നോവൽ കാലത്തിന് മുൻപെ സഞ്ചരിച്ച ഒന്നാണ്.കരുണയും സാമൂഹികതയും വിപണിവത്കരിക്കപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നിടത്തോളം കാലം നിർമ്മല ഭവനുകൾ ഉയരുകയും വളരുകയും ചെയ്യും. അതിനുള്ളിൽ ആത്മനിന്ദയോളമെത്തുന്ന മാനസികാവസ്ഥയിൽ കഴിയുന്ന സിറിയക്കുമാർ തടവിലാക്കപ്പെട്ടുകൊണ്ടുമിരിക്കും.


**MAR THOMA COLLEGE FOR THE HEARING IMPAIRED**

CHERKALA, CHENGALA P. O., KASARAGOD 671 541

(Self Financing College-Affiliated to Kannur University) marthomacollegeforhi2012@gmail.com

**ADMISSION 2021-2022**

**താഴെ പറയുന്ന കോഴ്സുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു**

1. ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് : ബി.കോം. (കമ്പ്യൂട്ടർ അപ്ലിക്കേഷൻ)
2. സാധാരണ പെൺകുട്ടികൾക്ക് : ബി.കോം. (ഫിനാൻസ്)

**ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്**

**For details contact: Rev. Jithin Mathew Thomas 9847160804**

**Dr. Biju Thomas Mathew** (Principal) 9447027935 **Rev. Mathew Baby** (Administrator) 9747245926


## അനുസ്മരണം



**പ്രൊഫ. സൂസമ്മ ചാക്കോ**

ഇടനാട് തെക്കേപ്പുറത്ത് പാരൂർ പരേതനായ റവ. കെ. ജി. ചാക്കോയുടെ സഹധർമ്മിണി റിട്ട. പ്രൊഫ. സൂസമ്മ ചാക്കോ (81) ജൂൺ മാസം 8-ാം തീയതി കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാര ശുശ്രൂഷ ജൂൺ 10-ാം തീയതി അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ ഇടനാട് ശാലേം മാർത്തോമ്മാ പള്ളിയിൽ നടത്തപ്പെട്ടു. ഭവനത്തിലെ ശുശ്രൂഷകൾക്ക് അഭിവന്ദ്യ ഡോ. യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തയും അഭിവന്ദ്യ ഡോ. ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പയും നേതൃത്വം നൽകി. ആനിക്കാട് കരിമ്പനാമണ്ണിൽ പരേതനായ റവ. എം. മത്തായിയുടെ മകൾ ആണ്. മക്കൾ: ഡോ. ജോർജ്ജ് പി. ജേക്കബ് (സുജിത്ത്), മേരി ജേക്കബ്, സൂസൻ ജേക്കബ്. മരുമക്കൾ: ഡോ. ജ്യോതി തോമസ്, റവ. മാത്യു ജോസഫ് (വികാരി. അസൻഷൻ മാർത്തോമ്മാ ചർച്ച്, ഹൈദരാബാദ്).

റവ. സന്തോഷ് തോമസ് (വികാരി)

# 'DEATH CLEANING': GROWING OLD, LIVING RESPONSIBLY



**Deepa Rachel Thomas**

Research Scholar, The English and Foreign Languages University, Hyderabad (Karamvely Jerusalem MTC)

*"The difference between death cleaning and just a big cleanup is the amount of time they consume. Death cleaning is not about dusting or mopping up; it is about a permanent form of organization that makes your every day life run more smoothly."*

- Magnusson Margareta


*The Gentle Art of Swedish Death Cleaning*

To order or arrange, in spatial dimensions, is a complex activity that is intertwined with time and its durability. The order is not only the material homogeneity or regularity but the order in the psychological and emotional realm which need not be necessarily homogenous, but with some method in madness too. Regular detoxing and re-ordering of human life and space are essential to make it easy to live and leave. Cultivation of the habit of ordering will enable the individual to economically engage with the material belongings.

Cleaning, discarding, reusing, donating, and destroying possessions that no longer serve one's purpose to make life hassle-free is what *The Gentle art of Swedish Death Cleaning* by Magnusson Margareta discusses. Döstädning, the Swedish term refers to the preparatory cleaning done to clear the house of unnecessary things and leaving it clean and orderly before dying, which could be done once in a while. If we look around, we can see rice cookers and vessels received for house warming lying abandoned in the darker corner of the storerooms, empty Macintosh or butter cookies boxes rusting, broken glassware, and plastic boxes which we have not disposed of for the reason that they might become handy one day. It takes a while to realise that the place is becoming crowded with random things. These, when we die, become an emotional and material burden for the ones we love, imparting trauma, confusion, and conflict.

### The Practice of Readiness

Order in life is the outcome of readiness with which one yearns for or looks forward to something appealing. The readiness that one practices acts on multiple levels: physical, spiritual, and emotional. In the contemporary socio-political scenario, fundamentalism, parochialism, and extremism take the centre stage that humaneness is waning. Now, readiness to embrace faith amidst the uncertain, the brutal, the inhuman is what the world asks for. To be ready is to be vigilant of space and time and to be organized before time. This readiness requires clarity of what one aspires for, how it will influence oneself, etc. Aging should make each one of us realise the grace that is abounded in us and also the hope in Christ's salvific scheme.



### Beyond Ageism

The barrier of age needs to be lifted to enable people of the wider spectrum of life to contribute to society. The denigration of young age ideas and the disregard for old age wisdom have to be renounced. The process of aging is gradual, slow, and steady and this should be treasured. Growing responsibly, considering the locus in which we are placed, and leading independent life yet thoughtful and caring approach is the need of the hour. Again, death is not something that a specific age group has to deliberate but a human phenomenon that calls for us to live in fullness.

In the Biblical context, this fulness is through performing Christic acts. Compassionate ageism, gerontophobia, stereotypes, and generalisations, etc. widen the gap between people of different age groups and thereby cause communication and productivity gaps. Todd D Nelson compiles the problems associated with ageism in his edited work, Ageism: Stereotyping and Prejudice Against Older Persons. The readiness to grow beyond the limited and narrowed human understanding to broader and wider wisdom is what revolutionary front-runners fought for.




The human tendency to connect death with a specific age group has to change and ageism has to be resisted by trying to become independent individuals, developing the culture of orderliness and readiness, and thereby becoming supportive to kith and kin even after one's death.

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ
## പ്രതിനിധി മണ്ഡലം – 2020, 2021

**2021 ഒക്ടോബർ 13,14,15 (ബുധൻ, വ്യാഴം, വെള്ളി)**

മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ 2019-2020, 2020-2021 വർഷങ്ങളിലെ വാർഷിക പ്രതിനിധി മണ്ഡലയോഗം 2021 ഒക്ടോബർ 13,14,15 (ബുധൻ, വ്യാഴം, വെള്ളി) തീയതികളിൽ സഭാ ഭരണഘടന 104, 390 (A) വകുപ്പുകൾക്ക് വിധേയമായി സഭയുടെ ദൈനംദിന നടത്തിപ്പിന് അടിയന്തിര ആവശ്യമുള്ള ആലോചന വിഷയങ്ങൾ മാത്രം പരിഗണിക്കുന്നതിനായി **തിരുവല്ല ഡോ.അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ഓഡിറ്റോറിയത്തിൽ** വച്ച് **ഓൺ ലൈൻ പ്ലാറ്റ്ഫോമിൽ** നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. യോഗ നടപടികൾ **2021 ഒക്ടോബർ 13-ാം തീയതി ബുധനാഴ്ച്ച വൈകിട്ട് 4 മണിക്ക് അഭിവന്ദ്യ ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനി**യുടെ മഹനീയ അദ്ധ്യക്ഷതയിൽ ആരംഭിക്കുന്നതാണ്. യോഗത്തിൽ സംബന്ധിക്കുന്നതിനുള്ള ക്രമീകരണങ്ങളെ സംബന്ധിച്ച് മണ്ഡലാംഗങ്ങളെ പുറകാലെ അറിയിക്കുന്നതാണ്

തിരുവല്ല
14.07. 2021

**റവ. കെ.ജി.ജോസഫ്**
സഭാ സെക്രട്ടറി

## അനുമോദനങ്ങൾ

ആഷ മറിയം ജേക്കബ്



**ആഷ മറിയം ജേക്കബ്** കേരള യൂണിവേഴ്സിറ്റിയിൽ നിന്നും B.Ed ന് (മലയാളം) മൂന്നാം റാങ്ക് നേടി. കുണ്ടറ ശാലേം മാർത്തോമ്മാ ഇടവകയിൽ മുക്കൂട് മേലതിൽ പാലവിള പുത്തൻ വീട്ടിൽ ശ്രീ.ജേക്കബ് തോമസിന്റെയും ശ്രീമതി. ലീലാമ്മ ജേക്കബിന്റെയും മകളാണ്.

റവ. മാത്യു കെ. ജാക്സൺ (വികാരി)

കഥ



തോമസ് മാത്യു, വടവാതൂർ

# ഓർമ്മയിലെ പൂമരം

(കടപ്പാട്: *ഭാഷാപോഷിണി*, 1995 ഡിസംബർ)

പണ്ട് ഒരു വേനലൊഴിവു കാലത്താണ് പെട്ടെന്നൊരു ദിവസം ഞങ്ങളുടെ വല്യപ്പച്ചനെ കാണാതായത്. അതിരാവിലെ മാവില കൊണ്ട് പല്ലു തേച്ച് കാച്ചെണ്ണ തേച്ചു കുളിച്ച് വെണ്ണ ചേർത്ത ചൂടുകഞ്ഞി പ്ലാവില കൊണ്ട് കോരിക്കുടിച്ച് ഒറ്റമുണ്ടും ടർക്കിത്തോർത്തുമായി ചിത്രപണി ചെയ്ത സവാരിവടിയും പിടിച്ച് ചന്തയ്ക്കുപോയ വല്യപ്പച്ചൻ അന്ന് ഉച്ചതിരിഞ്ഞിട്ടും മടങ്ങി വന്നില്ല.

ഉച്ചമയക്കത്തിലമർന്ന പറങ്കിമാവുകളുടെ പരന്ന തണലിലെ ഏതോ സ്വപ്നത്തിൽ നിന്നും എന്നെ ഉണർത്തിയ വല്യമ്മച്ചി, പതിവുസമയം കഴിഞ്ഞിട്ടും വല്യപ്പച്ചൻ ചന്തയിൽ നിന്നും തിരിച്ചെത്തിയില്ലെന്നു വേവലാതി പൂണ്ടു അറിയിച്ചു. വായിച്ചു കിടന്നിരുന്ന മുട്ടത്തുവർക്കിയുടെ ഫിഡിൽ എന്ന പുസ്തകം അടച്ചുവച്ച് മേയാൻ വിട്ടിരുന്ന പശുക്കളെ അഴിച്ചുതെളിച്ചു വീട്ടിലേക്കു നടക്കുമ്പോൾ ഞാൻ പറഞ്ഞു.

“വല്യപ്പച്ചൻ എവിടെ പോകാനാ? നേരം പോയതറിയാതെ വെടി പറഞ്ഞു കുറിയാക്കോയുടെ പീടികയിലോ പള്ളിമേടയിലോ മറ്റോ ഇരിക്കുന്നുണ്ടാകും.”

പക്ഷെ വല്യമ്മച്ചിയുടെ കണ്ണുകളിൽ അപ്പോൾ മണിമലയാറ്റിലെ നീലക്കയങ്ങളായിരുന്നു. “ആറ്റുതീരത്തുകൂടി വരുന്ന വഴി കാലു തെറ്റിയോ മറ്റോ?.....” വല്യമ്മച്ചിയുടെ ചിന്തകളിൽ അപകടം മണത്തു. ആ ചുണ്ടുകൾ അന്നേരം പ്രാർത്ഥന ചൊല്ലുന്നതുപോലെ വിറച്ചിരുന്നു.

വല്യമ്മച്ചിയുടെ ദുഷ്ടചിന്തകൾ എന്നെയും അലട്ടാതിരുന്നില്ല! ദൈവമെ.... അങ്ങനെയൊന്നും! അപ്പോൾ ഞാനും പ്രാർത്ഥിച്ചിരുന്നു.

ആയിടയ്ക്ക് വിചിത്രമായൊരു രോഗം വല്യപ്പച്ചനെ ബാധിച്ചിരുന്നു. വല്ലാത്തൊരു മറവി.

പറഞ്ഞു കഴിഞ്ഞ കാര്യങ്ങൾ പിന്നെയും പറയുക, ചെയ്തു തീർത്ത കാര്യങ്ങൾ പിന്നെയും ചെയ്യുക, കേട്ടറിഞ്ഞ കാര്യങ്ങൾ ഉടനെ പിന്നെയും തിരക്കുക. ഇങ്ങനെയൊക്കെയായിരുന്നു തുടക്കം. പുതിയ അനുഭവങ്ങൾ, അറിവുകൾ, പരിചയങ്ങൾ ഒക്കെ കേൾക്കുന്ന മാത്രയിൽ തന്നെ മനസ്സിൽ തങ്ങാതെ മാഞ്ഞു പോവുകയായിരുന്നു. അതോ ഓർമ്മയുടെ തൂവലുകൾ ഒന്നൊന്നായി ആ പഴയമനസ്സ് പൊളിച്ചു കളിയുകയായിരുന്നോ?

പക്ഷെ തന്റെ ഈ ബലഹീനത സമ്മതിച്ചുതരുവാൻ വല്യപ്പച്ചൻ ഒരുക്കമല്ലായിരുന്നു. വല്യമ്മച്ചി അതെപ്പറ്റി പറയുമ്പോഴൊക്കെ ‘നീ പോടീ കിറുക്കു പറയാതെ’ എന്നോ മറ്റോ പറഞ്ഞ് വല്യപ്പച്ചൻ ദേഷ്യപ്പെട്ടിരുന്നു.

വിചിത്രമെന്നു പറയട്ടെ പോയ കാലത്തെ ഓർമ്മകൾ ആ മനസ്സിൽ ഒന്നുകൂടി കഴുകി വെളിപ്പിച്ചതുപോലെ തെളിമയാർന്നിരുന്നു.... തൊണ്ണൂറ്റൊൻപതിലെ വെള്ളപ്പൊക്കത്തിന്റെ വിശദാംശങ്ങൾ കൃത്യമായി പറയുന്ന വല്യപ്പച്ചൻ താൻ രാവിലെ പശുക്കളെ മേയാൻ കെട്ടിയ മരച്ചുവടുകൾ മറക്കുന്നു.

എൺപതുകളിലെത്തിയിട്ടും ആ ശരീരത്തിനു കാര്യമായ ഊനമൊന്നും പറ്റിയിരുന്നില്ല. പക്ഷെ ഓർമ്മകൾ മാത്രം വരുതിയിൽ നിൽക്കാതെ എവിടെയൊക്കെയോ അലഞ്ഞു നടന്നു.

ഞങ്ങൾ വീട്ടിലെത്തുമ്പോൾ ഇത്താക്കച്ചായനും അയലത്തുള്ള മറ്റു ചിലരും എവിടുന്നോ വിവരമറിഞ്ഞു മുറ്റത്തുണ്ടായിരുന്നു. ഇത്താക്കച്ചായൻ നാട്ടിലെ ഒരു പൊതുക്കാര്യതൽപരനും ഞങ്ങളുടെ അകന്നൊരു ബന്ധുവുമായിരുന്നു. ഒട്ടും താമസിയാതെ ഞാനും ഇത്താക്കച്ചായനും കൂടി വല്യപ്പച്ചനെ തിരക്കി ചന്തമുക്കിലേക്കു പുറപ്പെട്ടു.

എവിടെപ്പോയാലും ഇത്താക്കാച്ചായന്റെ കയ്യിൽ ഒരു നീണ്ട ടോർച്ചുണ്ടാവും. ചീട്ടുകളിക്കുന്നിടത്ത് അരികെ കുത്തിനിർത്തിയും കിടക്കുമ്പോൾ കൈപ്പൊങ്ങിന് അരികെ കിടത്തിയുമൊക്കെ തന്റെ ഒരവയവം പോലെ അച്ചായൻ അതിനെ പരിഗണിച്ചിരുന്നു. ആറ്റു കടവിലെത്തിയപ്പോൾ അച്ചായൻ പറഞ്ഞു. “നമുക്കു കടവിലൊന്നു തിരക്കാം.”

ഒതുക്കു കല്ലിനരികെ പെണ്ണുങ്ങൾ തുണി അലക്കുകയും അവരുടെ കുട്ടികൾ തോർത്തു കൊണ്ടു മീൻ പിടിക്കുകയും ചെയ്തിരുന്നു. നനഞ്ഞ തോർത്തുടുത്ത പെണ്ണുകൾ ഞങ്ങളെ കണ്ട് വെള്ളത്തിലേക്കിറങ്ങിയിരുന്നു.

“കടവിലെന്ന ഇത്താക്കച്ചാ തിരയുന്നത്? വല്ലതും കളഞ്ഞു പോയോ?” വെള്ളത്തിലിരുന്ന പെണ്ണുങ്ങൾ തിരക്കി.

വല്യപ്പച്ചനെ കാണാതായ വിവരം ഞങ്ങൾ അവരോടു പറഞ്ഞു.

അവരാരും അന്ന് വല്യപ്പച്ചനെ

കണ്ടിരുന്നില്ല. വരുന്ന വഴി കുള ക്കടവിലെത്തുമ്പോൾ പെണ്ണുങ്ങ ളോട് എന്തെങ്കിലും കൊച്ചു വർ ത്തമാനം പറഞ്ഞു നിൽക്കുന്നത്. ആ പ്രായത്തിലും വല്യപ്പച്ചന്റെ ഒരു ബലഹീനതയായിരുന്നു. വേനൽക്കാലമായിരുന്നതിനാൽ ആറ്റിൽ വെള്ളക്കുറവായിരുന്നു. പലയിടത്തും നീളെ മണൽതിട്ട കൾ തെളിഞ്ഞിരുന്നു. ഇടയ്ക്കി ടെയുള്ള കയങ്ങളിൽ മാത്രമാ യിരുന്നു നിലയില്ലാത്ത വെള്ളം. മണൽത്തിട്ടയിലൂടെ നടക്കു മ്പോൾ ആറ്റുവഞ്ചികൾ നിഴൽ വീഴ്ത്തിയ ഓരോ നീലക്കയങ്ങ ളിലും ഞങ്ങളുടെ കണ്ണുകൾ ആശ ങ്കയോടെ എന്തോ തിരഞ്ഞിരുന്നു.

'ആലംബമില്ലാതെ പൊങ്ങി യൊഴുകി നടക്കുന്ന ചിത്രപ്പണി ചെയ്ത ഒരു വടി?" ഇല്ല, അങ്ങ നെയൊന്നും ഞങ്ങൾ കണ്ടെത്തി യില്ല.

ഇടയ്ക്കിടെ ഞാനും വല്യപ്പച്ച നും ചില വൈകുന്നേരങ്ങളിൽ ഇളംചൂടുള്ള ആ മണൽത്തിട്ട യിൽ വന്നിരിക്കാറുണ്ടായിരുന്നു. അപ്പോഴാണ് വല്യപ്പച്ചൻ പഴങ്കഥ കളുടെ മടിശ്ശീല അഴിക്കാറുള്ള ത്. ഓരോ വേനലൊഴിവി നും സ്കൂൾ പൂട്ടുമ്പോൾ ആ പഴങ്കഥകൾ കേൾക്കുവാനായി ഒരു ദേശാടന പക്ഷിയെപ്പോലെ പതിവായി ഞാൻ കുടുംബവീട്ടി ലെത്തിയിരുന്നു. എന്റെ കൗമാര മനസ്സിനെ കഥകൾകൊണ്ടു നിറ ച്ചിരുന്നത് വല്യപ്പച്ചനായിരുന്നു. മുഴക്കമുള്ള പരുക്കൻ ശബ്ദ ത്തിൽ വല്യപ്പച്ചൻ പറഞ്ഞിരുന്ന പഴങ്കഥകളിൽ പലതും വേദ പുസ്തകത്തിൽ നിന്നുമായിരു ന്നു. സ്വപ്നക്കാരനായ ജോസ ഫിന്റെ, കുഷ്ഠരോഗം മാറിയ നയമാന്റെ, ശൂലേംകാരത്തിയു ടെയും ശലോമോന്റെയും ഒക്കെ കഥകൾ.

ഞങ്ങൾ ചന്തയിലെത്തുമ്പോൾ വെയിലാറിയിരുന്നു. ചന്ത പിരി ഞ്ഞ് പീടികകളൊക്കെ ഒഴിഞ്ഞി രുന്നു.

ചന്തയുടെ നടുക്ക് പടർന്നുനിന്ന പൂവരശിന്റെ തണലിൽ വണ്ടി യിൽ നിന്നഴിച്ച, ക്ഷീണിച്ച കാള കൾ അയവെട്ടിക്കിടന്നിരുന്നു.

ചെല്ലമ്മയുടെ ചായക്കടയിൽ മാത്രം ആൾപ്പെരുമാറ്റം കണ്ടു. ചന്ത പിരിഞ്ഞാലും അവിടെ ആളൊഴിയാറില്ല. ചന്തയിലെ ത്തുന്ന ആണുങ്ങൾ ചെല്ലമ്മയു ടെ ഒരു ചായ കുടിക്കാതെ പേ ാവാറില്ല. ഇത്താക്കച്ചായനും അവിടുത്തെ ഒരു പറ്റുപടിക്കാര നായിരുന്നു. പൂവരശിന്റെ ചുവട്ടിൽ എന്നെ നിർത്തി 'ഞാ നിപ്പോ വരാം' എന്നു പറഞ്ഞ് അച്ചായൻ ചായക്കടയുടെ അടു ക്കളിയിലേക്കു കയറി തീയു തിക്കൊണ്ടിരുന്ന ചെല്ലമ്മയെ ഉരു മ്മിക്കൊണ്ട് അടുപ്പിൽ നിന്നും ഒരു കൊള്ളിയെടുത്തു ബീഡി കത്തിച്ചു. പിന്നെ അവരോടു രഹസ്യത്തിൽ വിവരം പറഞ്ഞു. അടുപ്പിലെ തീവെട്ടത്തിൽ ചെല്ല മ്മയുടെ വേർപ്പു പൊടിഞ്ഞ മുഖ ത്ത് മിന്നിമാറിയ ഭാവങ്ങൾ കൗതുക ത്തോടെ ഞാൻ നോക്കിനിന്നു.

ഞങ്ങൾ മലഞ്ചരക്കു പീടികയി ലേക്കു ചെല്ലുമ്പോൾ കുരുമുളക് മണക്കുന്ന മുറിയിൽ പഴയൊരു ഫാനിനുകീഴെ കുറിയാക്കോ മുതലാളി നല്ല ഉറക്കത്തിലായി രുന്നു. ഞങ്ങൾ കാത്തുനിന്നിട്ടും അയാൾ ഉണരുന്ന ലാക്കുകണ്ടില്ല.

ചന്തയിലെ പരിചയക്കാരാരും തന്നെ അന്ന് ഉച്ചതിരിഞ്ഞതിനു ശേഷവും വല്യപ്പച്ചനെ കണ്ടിരു ന്നില്ല.

പിന്നീട് ഞങ്ങൾ പള്ളിമേടയിലേ ക്കു ചെന്നു. അച്ചൻ മട്ടുപ്പാവിലെ ചാരുകസേരയിൽ ഏതോ പുസ് തകം വായിച്ചു കിടന്നിരുന്നു. ഞങ്ങളെ അക്കലനിന്നേ കണ്ട് അച്ചനിറങ്ങിവന്ന് സ്വീകരണമുറി യിലിരുത്തി വിവരങ്ങൾ തിരക്കി. എല്ലാം കേട്ടശേഷം അച്ചൻ ധ്യാ നിക്കുന്നതുപോലെ അൽപനേര മിരുന്നു. പിന്നീട് സാവധാനം കണ്ണുകൾ തുറന്ന് ഒരു വെളി പാടുപോലെ പറഞ്ഞു.

"നിങ്ങൾ ആറ്റിനരികെ പോയി തിരക്കുക. സന്ധ്യയോടെ അവനെ കണ്ടെത്തും."

അതു പറയുമ്പോൾ അച്ചന്റെ കണ്ണുകളിൽ ഒരു വല്ലാത്ത തി ളക്കമുണ്ടായിരുന്നു. ഇപ്രകാരം ചില സിദ്ധികളൊക്കെ അച്ചനു ള്ളതായി ഞങ്ങൾ നാട്ടുകാർ വി ശ്വസിച്ചിരുന്നു. പുറപ്പെട്ടുപോയ വർ, കെട്ടഴിഞ്ഞുപോയ പശു ക്കൾ, കാണാതെപോയ ആടു കൾ ഇവയൊക്കെ പോയ ദിക്കുകളും ചെന്നെത്തിയ ഇട ങ്ങളും അച്ചൻ കൃത്യമായി പറഞ്ഞിരുന്നു. അച്ചന്റെ വാക്കിന് അക്കരക്കുപോകുവാൻ ഞങ്ങൾ കടവിലേക്കു ചെന്നു. കടത്തിറ ങ്ങുവാൻ അവിടെ കടത്തുവള്ളം ഏർപ്പെടുത്തിയിരുന്നു.

വള്ളത്തിന്റെ അമരത്ത് ബീഡി വലിച്ചിക്കൊണ്ടിരുന്നു കടത്തു കാരൻ, പാപ്പു. ഒഴുക്കു കുറവായി രുന്നതിനാൽ പാപ്പുവിന് തുഴ ച്ചിൽ ആയാസകരമായിരുന്നില്ല.

അയാൾ തുഴച്ചിലിനൊപ്പം ഒരു പാട്ടു പാടുവാൻ തുടങ്ങി.

"കറുത്തപെണ്ണേ... കരിങ്കുഴലീ...
നിനക്കൊരുത്തൻ കിഴക്കു
ദിച്ചു....."

അപ്പോൾ തെങ്ങിൻ കള്ളിന്റെ മണം കാറ്റിൽ പരന്നു.

ഇളകുന്ന വള്ളത്തിൽ മുഖത്തോ ടുമുഖം നോക്കിയിരുന്നപ്പോൾ ഞങ്ങളുടെ ചിന്ത വല്യപ്പച്ചന് അക്കരെയുമായുള്ള ബന്ധത്തെ ക്കുറിച്ചായിരുന്നു.

എന്റെ അറിവിൽ ആറ്റിനക്കരെ ഞങ്ങളുടെ ബന്ധുക്കളാരും തന്നെ ഉണ്ടായിരുന്നില്ല. വല്യപ്പച്ച ന്റെ സുഹൃത്തുക്കളും അക്കരെ ഉണ്ടായിരുന്നതായറിയില്ല, അങ്ങ നെയൊന്നും വല്യപ്പച്ചൻ ഒരിക്ക ലും പറഞ്ഞു കേട്ടിരുന്നില്ല.

യാത്രയിലുടനീളം ഇത്താക്ക ച്ചായൻ അകലേക്കു നോക്കി എന്തോ ഗാഢമായി ആലോചി ക്കുന്നതുപോലെ തോന്നിയിരു ന്നു. ഒടുവിൽ ഒരു മുഖവുരപേ ാലെ അച്ചായൻ എന്നോടിങ്ങനെ പറഞ്ഞു തുടങ്ങി..... "കുഞ്ഞേ ഞാൻ പഴയൊരു കഥപറയാം." അച്ചായൻ പറഞ്ഞ കഥ ഞാനി തുവരെ കേട്ടിട്ടില്ലാത്തതായി രുന്നു.

പത്തൻപതുകൊല്ലം മുമ്പ് അക്കരെ നിലം പാട്ടത്തിനെടുത്തു വല്യപ്പച്ചൻ കരിമ്പുകൃഷി ചെയ്തിരുന്നു. പണിക്കാരുമൊത്ത് ഏറുമാടം കെട്ടി താമസിച്ചായിരുന്നു കൃഷിപ്പണികൾ നോക്കി നടത്തിയിരുന്നത്.

അവിടടുത്ത് ഒരു കൊല്ലക്കുടിലിലാണ് പണിയായുധങ്ങൾ പണിതിരുന്നതും നന്നാക്കിയിരുന്നതും മറ്റും. അവിടെ മൂത്തകൊല്ലന്റെ ഇളയമകൾ നാണിയെന്നൊരു സുന്ദരിപ്പെണ്ണുമായി വല്യപ്പച്ചന് അന്ന് അടുപ്പമുണ്ടായിരുന്നതായി കേട്ടിരുന്നു. അവളെ കണ്ടാൽ നിലവിളക്കു കൊളുത്തിയതുപോലെ ആയിരുന്നെന്നും വല്യപ്പച്ചൻ അവളിൽ വല്ലാതെ ഭ്രമിച്ചു പോയിരുന്നെന്നും, ഇതറിഞ്ഞ വല്യമ്മച്ചി പിണങ്ങി ഏറെ നാൾ തന്റെ വീട്ടിൽ പോയി നിന്നിരുന്നുവെന്നു മൊക്കെ ആയിരുന്നു ആ കഥ.

പിന്നീട് ആ കഥ എല്ലാവരും മറന്നു. എങ്കിലും നാണി ഇപ്പോഴും അക്കരെയുണ്ട് എന്നായിരുന്നു ഇത്താക്കച്ചായന്റെ അറിവ്. "വയസ്സുകാലത്ത് വല്ല ദുർബ്ബുദ്ധിയും തോന്നി ഇനി അങ്ങോട്ടെങ്ങാനും?" ഇത്താക്കച്ചായൻ അർദ്ധശങ്കയോടെ പറഞ്ഞു നിർത്തി.

വല്യപ്പച്ചന് പെട്ടെന്നങ്ങനെ ഒരു തോന്നലുണ്ടാവാൻ കാരണമൊന്നും ഞാൻ കണ്ടില്ല. പക്ഷെ, ഓർമ്മകൾ ഒളിച്ചു കളിക്കുന്ന ആ മനസ്സിന്റെ നിഗൂഢതകൾ ഓർത്തപ്പോൾ അൽപം സംശയം തോന്നാതെയുമിരുന്നില്ല.

നിനച്ചിരിക്കാതെ മനസ്സിന്റെ ആഴങ്ങളിൽ നിന്നും ശക്തമായ ഏതെങ്കിലുമൊരോർമ്മ പെട്ടന്നു നുരയിട്ടു പൊന്തി. വല്യപ്പച്ചനെ അവിടെ എത്തിച്ചിരിക്കുവാനുള്ള സാദ്ധ്യത തീരെ തള്ളിക്കളയുവാൻ പറ്റുമായിരുന്നില്ല.

വള്ളമിറങ്ങി, ആദ്യം കണ്ട ചായപ്പീടികയിൽ കയറി, ഞങ്ങളോരോ ചായ വരുത്തി. എവിടേക്കു പോകണമെന്ന് ഒരൂഹവും ഞങ്ങൾക്കില്ലായിരുന്നു. ഇത്താക്കച്ചായൻ ഒരു ബീഡിക്കു കൂടി തീ കൊളുത്തി.

പരിചിതരല്ലാത്ത ഞങ്ങളെ കണ്ട് ചായക്കടക്കാരൻ വിവരങ്ങൾ തിരക്കി. അയാൾ പറഞ്ഞ വിവരങ്ങൾ ഞങ്ങളെ അതിശയിപ്പിച്ചു. വല്യപ്പച്ചനെപ്പോലൊരാൾ ഉച്ചയോടെ അവിടെ കടത്തിറങ്ങിയെന്നും ആരോടും ഒന്നും ഉരിയാടാതെ നേരെ പടിഞ്ഞാറോട്ടുള്ള വഴി പോയി പാടം മുറിച്ചു കടന്നു വടക്കോട്ടു പോയിട്ടുണ്ട് എന്നായിരുന്നു അത്.

ചായക്കടയിലിരുന്നു നോക്കിയാൽ പാടത്തിനക്കരെയുള്ള വഴി നേരിയ ഒരു രേഖപോലെ കാണാമായിരുന്നു.

ചായകുടിച്ച് ഞങ്ങൾ ആ വഴിക്കു നടന്നു. പാടത്തിനക്കരെ നിരനിരയായി നിന്നിരുന്ന തെങ്ങിൻ തലപ്പുകൾക്കിടയിലൂടെ സൂര്യൻ താണിറങ്ങിക്കഴിഞ്ഞിരുന്നു.

പാടത്തുനിന്നും തവളകളുടെ കൂട്ടപ്രാർത്ഥന ഒരാരവം പോലെ ഉയർന്നു താണിരുന്നു. പാടം മുറിച്ചു കടന്നു ചെമ്മൺപാതയിലെത്തുമ്പോൾ നേരം നന്നായി ഇരുട്ടിയിരുന്നു. മരക്കൂട്ടങ്ങളിൽ നിന്നും ചീവീടുകൾ കരഞ്ഞു.

ഇത്താക്കച്ചായൻ ടോർച്ചു തെളിച്ചു. ഇരുട്ടിലൂടെ വഴിയറിയാതെയുള്ള നടപ്പ് ഞങ്ങളെ തളർത്തി.

വാഴക്കൂമ്പുകളിൽ തേൻ തേടിയിറങ്ങിയ നരച്ചീറുകൾ ഞങ്ങളെ ഭയപ്പെടുത്തിക്കൊണ്ട് തൊട്ടും തൊടാതെയും ശരംപോലെ പാറിപ്പോയിരുന്നു.

എതിരേ വന്നുപെട്ട ഒരു നാട്ടുകാരനോട് നാണിയമ്മയുടെ വീട് ഞങ്ങൾ ചോദിച്ചറിഞ്ഞു...

വഴി പിന്നെയും നീണ്ടു. രാത്രിയുടെ നിഗൂഢസംഗീതം ഞങ്ങൾക്കു ചുറ്റും മുറുകിക്കൊണ്ടിരുന്നു.

ഒടുവിൽ കുന്നിൻ ചരുവിലായി മരങ്ങളുടെ മറവിൽ ഒരു രഹസ്യം പോലെ ആ വീടു ഞങ്ങൾ കണ്ടെത്തി. മൺചുവരുകളുള്ള ഓലമേഞ്ഞ ഒരു ചെറിയവീട്. വീടിന്റെ തിണ്ണയിൽ ഒരു വിളക്കെരിഞ്ഞിരുന്നു. വഴിയിൽ നിന്നും പറമ്പിലേക്കു കയറി മുറ്റത്തിനുതാഴെയുള്ള ഇരുട്ടിൽ യാത്രയുടെ സഫലതയോർത്തു പ്രാർത്ഥനയോടെ അൽപനേരം ഞങ്ങൾ നിന്നു.

കണ്ണുതുറന്നപ്പോൾ കണ്ട ചിത്രം ഇന്നും എന്റെ മനസ്സിൽ സജീവമായി ഒളിമങ്ങാതെ നിൽക്കുകയാണ്.

എരിയുന്ന നിലവിളക്കിന്റെ അപ്പുറവും ഇപ്പുറവുമായി അലൗകികമായൊരു പ്രകാശത്തിൽ മുങ്ങിയ രണ്ടുരൂപങ്ങൾ. ഒരു സ്ത്രീയും ഒരു പുരുഷനും. പുരുഷൻ എന്റെ വല്യപ്പച്ചനായിരുന്നു. കാതിൽ തോടയണിഞ്ഞ് മാറിൽ റൗക്ക കെട്ടിയിരുന്ന സ്ത്രീരൂപം നാണിയായിരുന്നുവെന്ന് ഞാൻ മനസ്സിലാക്കി. വല്യപ്പച്ചന്റെ ആദ്യത്തെയും അവസാനത്തേതുമായ കാമുകി. നാണി വെറ്റിലയിൽ ചുണ്ണാമ്പു തേച്ച് വല്യപ്പച്ചനു കൊടുക്കുന്നതും പറയാൻ ബാക്കിവച്ചിരുന്ന എന്തൊക്കെയോ കഥകൾ കൊതിയോടെ അവർ പറഞ്ഞു തീർക്കുന്നതും ഒരു ചലച്ചിത്രത്തിലെന്നപോലെ കണ്ടുകൊണ്ട് വാഴക്കൂട്ടങ്ങൾക്കിടയിൽ ഞങ്ങൾ മറഞ്ഞുനിന്നു.

ഏറെക്കഴിഞ്ഞ് മടിച്ച് ഞങ്ങൾ മുറ്റത്തേക്കു കയറി.

വിളക്കിന്റെ വെട്ടത്തേക്കുവന്ന ഞങ്ങളെ മറ്റേതോ ലോകത്തു നിന്നെന്നപോലെ അവർ നോക്കി.

അൽപനേരം കഴിഞ്ഞ് വായിലെ മുറുക്കാൻ മുറ്റത്തരികിലേക്കു നീട്ടിത്തുപ്പിക്കൊണ്ട് വല്യപ്പച്ചൻ ചോദിച്ചു;

"ആരാ? എവിടുന്നാ? മനസ്സിലായില്ലല്ലോ?"

ഇടിവെട്ടേറ്റതുപോലെ മരവിച്ച് ഞങ്ങൾ അവിടെ നിന്നുപോയി.

വല്യപ്പച്ചൻ ഞങ്ങളെ, എന്നെപ്പോലും മറന്നുപോയിരുന്നു.

മനസ്സിലാക്കുവാനുള്ള ഞങ്ങളുടെ എല്ലാ ശ്രമങ്ങളും വിഫലമാവുകയായിരുന്നു.

നാണിയെ ഒഴികെ മറ്റെല്ലാവരെയും വല്യപ്പച്ചൻ എപ്പോഴോ മറന്നു പോയിരുന്നു.

My ~~The~~ Story

# ദൗത്യ യാത്രയുടെ കനൽ ദൂരങ്ങൾ




**പി.റ്റി.തോമസ്**

ഹ്യൂസ്റ്റൺ


"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു." (അപ്പൊ 1 :8)

നടന്നു തുടങ്ങുമ്പോൾ നീളമേറുന്ന വഴികൾ, അനന്തമായി നീളുന്ന റെയിൽ പാളങ്ങൾ പോലെ. സതേൺ റെയിൽവേയിലെ ജോലിയുപേക്ഷിച്ചു തൊള്ളായിരത്തി എഴുപതുകളിൽ ന്യൂയോർക്കിലേക്ക് കുടിയേറുമ്പോൾ , ഭാവിയിൽ താണ്ടേണ്ട ദൂരങ്ങളെ പറ്റി എനിക്കറിയില്ലായിരുന്നെങ്കിലും എന്നോടൊപ്പം നിരന്തരം യാത്രചെയ്യുന്നുണ്ടെന്നു ഞാൻ വിശ്വസിച്ച എന്റെ ദൈവത്തിന് അറിയാമായിരുന്നു. പ്രവാസജീവിതത്തിന്റെ പാതിവഴിയിൽ ദൈവം നിയോഗിച്ച പാത തെരഞ്ഞെടുത്തു മറ്റൊരു പ്രദേശത്തു താമസമായിട്ടു ഇത് പതിനെട്ടാം വർഷം. തിരിഞ്ഞു നോക്കുമ്പോൾ നന്ദി മാത്രം. ആദ്യകാലകുടിയേറ്റക്കാർ കുപ്പായവും ധൂപക്കുറ്റിയും അൾത്താരയിലേക്കു വേണ്ട സാമഗ്രികളുമായി ആരാധിക്കാൻ ഒരു സ്ഥലം തേടി അലഞ്ഞിരുന്നു എന്നത് നമ്മുടെ യുവതലമുറക്ക് അവിശ്വസനീയമായി തോന്നാം. അവർ അന്ന് എക്യുമിനിക്കൽ കൂട്ടായ്മകളായി ഭവനങ്ങളിൽ കൂടി ആരാധിച്ചു. ആയിരത്തി തൊള്ളായിരത്തി എഴുപത്തിനാലിൽ ആദ്യത്തെ മാർത്തോമ്മാ കോൺഗ്രിഗേഷൻ ന്യൂയോർക്കിൽ സ്ഥാപിതമായി. എൺപതുകളുടെ മധ്യപാദത്തിൽ അഭിവന്ദ്യ അലക്സാണ്ടർ മെത്രാപ്പോലീത്തയുടെ ദീർഘ വീക്ഷണത്തിന്റെയും അനേകരുടെ അർപ്പണ ബോധത്തിന്റെയും ഫലമായി ന്യൂയോർക്കിൽ നാല് പള്ളികൾ രൂപം കൊണ്ടു. അതിനു ശേഷം സ്ഥാപിതമായ എപ്പിഫനി മാർത്തോമാ ഇടവകയിലെ അംഗങ്ങളായി ഞാനും കുടുംബവും. കഴിഞ്ഞ പതിനെട്ടു വർഷമായി ഭാര്യയുമൊത്തു മെക്സിക്കൻ ബോർഡർ ആയ മെക്-അലൻ പ്രവിശ്യയിൽ സ്ഥിരതാമസം. ന്യൂയോർക്കിൽ നിന്നും ഇപ്പോൾ ആയിരിക്കുന്ന ഇടത്തേക്ക് പറിച്ചു നടപ്പെട്ടതിന്റെ പിന്നിലെ ദൈവവിളി പൂർണമായി മനസിലാക്കുന്നു. 'കൊളോണിയ മാർത്തോമാ' എന്ന മെക്സിക്കോ മിഷൻ ഫീൽഡിന്റെ പ്രവർത്തനങ്ങളുമായി ചേർന്ന് പ്രവർത്തിക്കാൻ സാധിക്കുന്നതിനു ദൈവത്തിന് നന്ദി കരേറ്റുന്നു.

**ഇന്നലെ**

അഭിവന്ദ്യ യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്താ തിരുമേനി നോർത്തമേരിക്കൻ ഡയോസീഷ്യൻ ബിഷപ്പ് ആയിരുന്നപ്പോൾ, അമേരിക്കയിലെ രണ്ടാം തലമുറക്ക് വേണ്ടി ഒരു മിഷൻ ഫീൽഡ് എന്ന ചിന്തയിൽ നിന്നാണ് രണ്ടായിരത്തിൽ മെക്സിക്കോമിഷൻ എന്ന ആശയത്തിന് തുടക്കമായത്. ശ്രീ.ജോർജ് കുര്യനും, ഭാര്യ ശ്രീമതി സൂസൻ കുര്യനും പ്രവർത്തിച്ചിരുന്ന ഗൾഫ് ഓഫ് മെക്സിക്കോയിലെ മിഷൻ പ്രവർത്തനങ്ങളെ കുറിച്ച് അറിഞ്ഞു ആ മേഖലയിലെ സാധ്യതകളെ കുറിച്ച് പഠിച്ച തിരുമേനി പ്രിയപ്പെട്ട ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്തായുടെയും, അഭിവന്ദ്യ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെയും അനുഗ്രഹാശിസുകളോടെ രണ്ടായിരത്തി മൂന്നു ഫെബ്രുവരിയിൽ ഔദ്യോഗികമായി മെക്സിക്കോ മിഷൻ എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. ഈ പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കാൻ ഞാനും കുടുംബവും തീരുമാനിക്കുകയും ആരംഭത്തിൽ കുറച്ചു നാൾ ന്യൂയോർക്കിൽ താമസിച്ചു



കൊണ്ട്, മെക്സിക്കോയിലേക്കു നിരവധി തവണ യാത്ര ചെയ്യുകയാണുണ്ടായത്. എന്നാൽ 2004 ആയപ്പോഴേക്കും ഞാൻ മിഷൻ ഫീൽഡിനടുത്തേക്കു താമസം മാറ്റി. തുടക്കത്തിൽ പോൻ്റിയോ നേർത്ത്, ഫൈലേഷ്യാ എന്നീ ദ്വീപുകളിലായി എഴുപത്തി അഞ്ചോളം ഭവനങ്ങൾ നിർമ്മിക്കുകയും ജീവിതനിലവാരം ഉയർത്തുന്നതിനായി ടൈലറിംഗ് യൂണിറ്റുകളും ആട്, കോഴി മുയൽ വളർത്തലും ആരംഭിച്ചു. മൂന്ന് സ്കൂൾ കെട്ടിടങ്ങൾ, താത്കാലിക ആരാധനാലയം, പൈപ്പ് ലൈൻ വഴി കുടിവെള്ളം, സൗരോർജ സ്രോതസുകൾ എന്നിവയും അതിനോടനുബന്ധിച്ചു പ്രവർത്തിച്ചിരുന്നു. എന്നാൽ രണ്ടായിരത്തി നാലിൽ ഉണ്ടായ അതിശക്തമായ ചുഴലിക്കാറ്റിൽ പെട്ട് ഈ മിഷൻ ഫീൽഡ് പ്രവർത്തനക്ഷമമല്ലാതായി മാറി.

**'കൊളോണിയ മാർത്തോമാ' ഇന്ന്**

പ്രകൃതിക്ഷോഭത്തിനു ശേഷം , രണ്ടായിരത്തി അഞ്ചിൽ പ്രിയപ്പെട്ട കൂറിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ എട്ടര ഏക്കർ സ്ഥലം വാങ്ങി ചുഴലിക്കാറ്റിനെ പ്രതിരോധിക്കാനുതകുന്ന എഴുപത്തി രണ്ടു ഭവനങ്ങൾ നിർമിച്ചു. വളരെ വൃത്തിഹീനമായ ചുറ്റുപാടിൽ ഏറ്റവും ദാരിദ്ര്യം നിറഞ്ഞ ഒരവസ്ഥയിൽ ജീവിക്കുന്ന മുക്കുവ സമൂഹത്തിന്റെ ഉന്നമനത്തിനായാണ് ഈ പ്രദേശം തിരഞ്ഞെടുത്തത്. ഭവനങ്ങൾ രണ്ടായിരത്തി എട്ടിൽ ഭവനരഹിതരായ തദ്ദേശവാസികൾക്കു നൽകി. കൂറിലോസ് തിരുമേനിക്ക് ശേഷം നോർത്തമേരിക്കൻ ഡയോസിസിന്റെ ചുമതലയേറ്റത് നമ്മുടെ അഭിവന്ദ്യ തിയോഡോഷ്യസ് മാർത്തോമാ മെത്രാപ്പോലീത്താ ആയിരുന്നു. അദ്ദേഹം ആദ്യം ചെയ്തത് വീടുകളോട് ചേർന്ന് ബാത്റൂമുകളും അടുക്കളകളും നിർമ്മിക്കുക എന്നതാണ് . അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന തുടർനിർമ്മാണ പ്രവർത്തങ്ങളുടെ ഭാഗമായി രണ്ടായിരത്തി പതിനാലിൽ ഇരുനൂറു പേർക്കിരിക്കാവുന്ന ഒരു ദേവാലയം പണിതീർത്തു പ്രതിഷ്ഠ നടത്തി. മുപ്പത്തിയഞ്ചു കുടുംബങ്ങൾ അംഗത്വം എടുക്കുകയും ആരാധനാ സ്പാനിഷ് ഭാഷയിൽ ആരംഭിക്കുകയും ചെയ്തു. നമ്മൾ നിർമിച്ച സ്കൂളുകളിൽ പഠിച്ച ധാരാളം കുട്ടികൾ ഉന്നത വിദ്യാഭ്യാസം നേടുകയും അവർ എന്ന് നഴ്‌സസ് , ഡോക്ടർസ്, എഞ്ചിനിയേർസ്, ചാർട്ടേഡ് അക്കൗണ്ടന്റ്, ടീച്ചേർസ് ഒക്കെ ആയി ജോലി ചെയ്യുന്നു. ദിവസേനെ 'മന്നാ' എന്ന പേരിൽ പോഷകാഹാരവിതരണം നടത്തുന്നുണ്ട്. അമേരിക്കയിലെ യൂത്ത് ഫെലോഷിപ്പ് മിഷൻഫീൽഡിലെ കുഞ്ഞുങ്ങളുടെ പുനരധിവാസത്തിനായി അവിടെ രണ്ടര ഏക്കർ ഭൂമി വാങ്ങിയിട്ടുണ്ട്. ഇപ്പോഴത്തെ ഡയോസിഷ്യൻ ബിഷപ്പ് ആയിരിക്കുന്ന ഫിലെക്സിനോസ് തിരുമേനിയുടെ പ്രത്യേക കരുതൽ എടുത്തു പറയേണ്ടതാണ്. ബഹുമാനപെട്ട സോനു വറുഗീസ് അച്ചനെ മിഷനറി ആയി നിയമിച്ചിട്ടുണ്ട്. മാസത്തിൽ ഒരു കുർബാന എന്നാണു ആഗ്രഹിക്കുന്നത്. എന്നാൽ മഹാമാരിമൂലം അതിർത്തി കടക്കാൻ പരിമിതികൾ ഉണ്ട്. കാലാകാലങ്ങളായി ബഹുമാനപെട്ട പുരോഹിത സമൂഹവും വോളന്റിയേഴ്സും ഈ മിഷൻ പ്രവർത്തങ്ങളിൽ സജീവപങ്കാളിത്തം വഹിച്ചിട്ടുണ്ട്. സഹോദരന്മാരായ ജോർജ് കുര്യൻ. ഡോ. തോമസ് കുര്യൻ, എബ്രഹാം കുര്യൻ ഇവരുടെ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു.



**നാളെ**

എന്റെ പ്രവാസ നാളുകൾ അർധ ശതകത്തോടടുക്കുന്നു. മിഷൻ ഫീൽഡിൽ അടിക്കടി ഓടിയെത്താനായി ശരീരം സഹകരിക്കുന്നില്ല. എങ്കിലും ഓരോ നിമിഷവും പൊതിഞ്ഞു പിടിക്കുന്ന ദൈവകൃപയുടെ തണലിൽ മുന്നോട്ടു നീങ്ങുന്നു. ഏറെ പ്രതീക്ഷയുള്ള ഒരു മിഷൻ ഫീൽഡ് ആണ് 'കൊളോണിയ മാർത്തോമ്മാ'. മഹാമാരിക്കാലം കഴിഞ്ഞു പുത്തൻ ദിശാബോധത്തോടെ ഈ മിഷൻഫീൽഡിനെ ദൈവമാഗ്രഹിക്കുന്ന ഇടങ്ങളിലേക്ക് നയിക്കാൻ ഇതിന്റെ നേതൃത്വത്തിന് സാധിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. ക്രിസ്തീയ നിയോഗങ്ങൾ തിരിച്ചറിയാനും അതിലേക്കു യാത്രചെയ്യാനും നമുക്ക് കഴിയുമെന്ന് പൂർണമായി വിശ്വസിക്കുന്നു. ബലഹീനനായ അടിയനോടൊപ്പം സഞ്ചരിക്കുന്ന ബലവാനായ ക്രിസ്തു നിങ്ങളോടൊപ്പവുമിരിക്കട്ടെ.

## M.T. & E.A. SCHOOLS CORPORATE MANAGEMENT, TIRUVALLA

UNDER THE MANAGEMENT - MARCH 2021

### SSLC RESULT OF SCHOOLS

| Sl. No. | Name of the school | No. of students appeared | Qualified for Higher Studies | Full A+ | Percentage |
|---|---|---|---|---|---|
| 1 | MTHSS PATHANAMTHITTA | 255 | 255 | 80 | 100 |
| 2 | GURUKULAM HS EDAKULAM | 01 | 101 | 13 | 100 |
| 3 | AMMHS KARAVALOOR | 126 | 126 | 29 | 100 |
| 4 | MTHSS VENMONY | 112 | 112 | 35 | 100 |
| 5 | ASRAM HSS PERUMBAVOOR | 98 | 98 | 15 | 100 |
| 6 | SCS HSS THIRUVALLA | 204 | 204 | 43 | 100 |
| 7 | AMMHS OTHARA | 51 | 51 | 7 | 100 |
| 8 | MTSGHS ANAPRAMBAL | 16 | 16 | 5 | 100 |
| 9 | TMTHS THALAVADY | 16 | 16 | 4 | 100 |
| 10 | MTVHS KUNNAM | 59 | 59 | 10 | 100 |
| 11 | MTGHS KOTTARAKKARA | 289 | 288 | 159 | 99.6 |
| 12 | MTHS CHANNAPETTA | 106 | 105 | 24 | 99.6 |
| 13 | MTHS VALAKOM | 197 | 196 | 71 | 99.4 |
| 14 | MTSHS KOTTAYAM | 102 | 101 | 14 | 99.2 |
| 15 | ST.THOMAS HSS KEEZHILLAM | 53 | 52 | 16 | 98 |
| | **Total Full A+ :- 525** | | | | |
| | **State Average:- 99.47%** | | | | |

## VOCATIONAL HIGHER SECONDARY&HIGHER SECONDARY RESULT – MARCH 2021

| Sl.No | Name of the school | Nos.Appeared | Nos. Passed | Percentage | A+ for all subjects | Aggregate Average |
|---|---|---|---|---|---|---|
| 1 | MTVHSS Kunnam<br>Computer Application<br>MLT | <br>22<br>23 | <br>17<br>23 | <br>77<br>100 | <br>-<br>- | <br><br>88.89 |
| 1 | SCSHSS,Thiruvalla<br>Science<br>Commerce | <br>163<br>56 | <br>159<br>54 | <br>97.55<br>96.43 | <br>25<br>13 | <br><br>97.26 |
| 2 | MTHSS, Pathanamthitta<br>Science<br>Commerce | <br>118<br>56 | <br>118<br>55 | <br>100<br>98.2 | <br>45<br>15 | <br><br>99.43 |
| 3 | St.Thomas HSS, Keezhillam<br>Science<br>Commerce | <br>139<br>55 | <br>114<br>50 | <br>82<br>91 | <br>5<br>2 | <br><br>85 |
| 4 | MTHSS Venmony<br>Science<br>Commerce | <br>91<br>92 | <br>89<br>83 | <br>97.80<br>90.22 | <br>10<br>8 | <br><br>94.53 |
| 5 | AsramHSS Perumbavoor<br>Science (Biology)<br>Computer Science<br>Humanities | <br>57<br>56<br>65 | <br>57<br>51<br>58 | <br>100<br>91<br>89 | <br>10<br>2<br>4 | <br><br><br>93.25 |
| 6 | Valakom MTHSS<br>Science<br>Commerce | <br>45<br>54 | <br>40<br>43 | <br>92.45<br>79.63 | <br>6<br>6 | <br><br>83.83 |
| 7 | MTSHSS Kottayam<br>Science<br>Commerce | <br>149<br>57 | <br>128<br>48 | <br>86.00<br>89.30 | <br>2<br>15 | <br><br>85.10 |
| 8 | GurukulamHSS, Edakkulam<br>Computer Science<br>Commerce | <br>25<br>42 | <br>18<br>32 | <br>72.00<br>76.00 | <br>-<br>- | <br><br>75.00 |
| | **TOTAL Full A+ - 168<br>(Science - 103<br>Commerce -59<br>Computer Science - 2<br>Humanities - 4)** | | | | | |
| | STATE AVERAGE – 87.94 | | | | | |

# അനുമോദനങ്ങൾ




**സെറിൻ മറിയം ഏബ്രഹാം** കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിൽ നിന്നും കമ്പ്യൂട്ടർ സയൻസ് & എൻജിനീയറിംഗിൽ പി.എച്ച്.ഡി. നേടി. ആനിക്കാട് കരിമ്പനാമണ്ണിൽ പ്രൊഫ. & അഡ്വ. ഏബ്രഹാം ജോസഫിന്റെയും ഡോ. ജോയിസ് ജേക്കബിന്റെയും മകളും, തിരുവനന്തപുരം കണ്ടത്തിൽ പ്രശാന്ത് ഫിലിപ്പ് വർഗീസിന്റെ സഹധർമ്മിണിയും, മുത്തൂറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി & സയൻസ് കോളേജിലെ അസി. പ്രൊഫസറും, കളമശ്ശേരി സെന്റ് തോമസ് മാർത്തോമ്മാ ഇടവക ഗായകസംഘാംഗവുമാണ്.

റവ. ബിജു കെ. ജോർജ്ജ് (വികാരി)

---




**അനു. റ്റി. ഫിലിപ്പ്** കൊമേഴ്സിൽ പി.എച്ച്.ഡി. (എം.ജി. സർവകലാശാല, കോട്ടയം) നേടിയ (അസിസ്റ്റന്റ് പ്രൊഫ. റാന്നി സെന്റ് തോമസ് കോളേജ്), ചാത്തന്നൂർ ക്രിസ്തോസ് മാർത്തോമ്മാ ഇടവകയിൽ വിള യിൽ എ.എ. ഭവനിൽ പരേതരായ സി.കെ. ഫിലിപ്പിന്റെയും സൂസമ്മ ഫിലിപ്പിന്റെയും മകളും ഓയൂർ സെന്റ് തോമസ് മാർത്തോമ്മാ ഇടവകയിൽ കോലേത്തുകോണത്തു പുത്തൻവീട്ടിൽ റോബിൻ ജി. അലക്സിന്റെ (പ്രിൻസിപ്പാൾ, എം.റ്റി.വി.എച്ച്.എസ്.എസ്. കുന്നം) ഭാര്യയുമാണ്. ഇപ്പോൾ മന്ദമരുതി ബഥേൽ മാർത്തോമ്മാ ഇടവകാംഗമാണ്.

റവ. സോണി തോമസ് (വികാരി)

---




**Sneha Noble** D/o. Rev. A.P. Noble and Reny Noble (Vicar, Nilamel Marthoma Church, Kizhakkekallada), a member of All Saints Marthom Church, Kampamcodu, has secured Ist Rank in Btech (Honors) Degree, Bio medical Engineering (TKM Institute of Technology Karuvelil, Kollam).

Rev. Sunil M. John (Vicar)

---




**Thomas George** (Kalayil House, Aranmula) a member of Laka St.Thom MTC,Edayaranmula, working as Associate Professor at M.A.College of Engineering, Kothamangalam, has been awarded Ph. D. from M.G. University in Electronics and Communication Engineering. He is married to Mrs. Resi Titus (St.Thomas HSS, Keezhillam).

Rev. Abey T. Mammen (Vicar)

---




**വിൻസി ഫിലിപ്പ്** ഓൾ ഇന്ത്യ അവാർഡീ ടീച്ചേഴ്സ് ഫെഡറേഷന്റെ 2020 - 21ലെ ഗുരുശ്രേഷ്ഠ അവാർഡിന് അർഹയായി. തലവടി റ്റി.എം.റ്റി.ഹൈസ്കൂൾ മുൻ പ്രഥമ അധ്യാപികയും, ചെങ്ങന്നൂർ മുപ്പറയിൽ എം.ഒ.ഫിലിപ്പിന്റെയും അന്നമ്മ ഫിലിപ്പന്റെയും മകളും, ഓതറ സെന്റ് പോൾസ് മാർത്തോമ്മാ ഇടവക വികാരി കല്ലിശ്ശേരി തേക്കാട്ടിൽ റവ.ഡോ.റ്റി.റ്റി.സഖറിയയുടെ സഹധർമ്മിണിയുമാണ്.

റവ. ജോർജ് ജോസ് (വികാരി)

---




**ജോബി വൈ. ഡാനിയേൽ** ചേപ്പാട് മാർത്തോമ്മാ ഇടവകാംഗമായ കളയ്ക്കാട്ട് ജോയി വില്ലയിൽ Lt. Col. യോഹന്നാൻ ഡാനിയേൽ (Retd.), ശ്രീമതി രമണി വൈ. ഡാനിയേൽ എന്നിവരുടെ മകനാണ്. ടച്ച് സ്ക്രീനിൻ ഡിവൈസിൽ എഴുതുകയോ, വരയ്ക്കുകയോ ചെയ്യുവാൻ ഉതകുന്ന ഏറ്റവും ചെറിയ 'സ്റ്റൈലസ് പേന' സ്വയമായി നിർമ്മിച്ച് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിലും, ഏഷ്യ ബുക്ക് ഓഫ് റെ ക്കോർഡ്സിലും ഇടം നേടി. ഇയർബഡ്സും അലുമിനിയം ഫോയിലും ഉപയോഗിച്ചാണ് ഏറ്റവും ചെറിയ (1.35 cm) 'സ്റ്റൈലസ് പേന' ജോബി നിർമ്മിച്ചത്.

റവ.ജോൺ റ്റി.ജോർജ് (വികാരി)



അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത സീഹോറാ ആശ്രമ കുടുംബത്തോടോപ്പം. വികാരി ജനറാൾ വെരി. റവ. തോമസ് ചെറിയാൻ സമീപം.



അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഡൽഹി ധർമ്മജ്യോതി വിദ്യപീഠ് കുടുംബത്തോടോപ്പം. വികാരി ജനറാൾ വെരി. റവ. തോമസ് ചെറിയാൻ, പ്രിൻസിപ്പൽ റവ.ഡോ. സണ്ണി ഇ. മാത്യു എന്നിവർ സമീപം.





അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തയും അഭിവന്ദ്യ തോമസ് മാർ തിമൊഥെയോസ് എപ്പിസ്കോപ്പായും, ജനപ്രതിനിധികളും, റാന്നി- നിലക്കൽ ഭദ്രാസന ചുമതലക്കാരും തടിയൂർ പുല്ലേലിമണ്ണിൽ ചുഴലിക്കാറ്റുമൂലം നാശനഷ്ടമുണ്ടായ സ്ഥലങ്ങൾ സന്ദർശിക്കുന്നു.


Registered with the Registrar of Newspapers of India under Licence No.7958/57 Postal Registration No.
KL/TLA/13/2021-23 Licenced to post without prepayment of postage
Published on 01-09-2021 Licence No. KL/TLA/WPP/22/2021-23

## ശതാബ്ദി നിറവിലായിരിക്കുന്ന

# തിരുവനന്തപുരം പാറ്റൂർ സെന്റ് തോമസ് മാർത്തോമ്മാ സുറിയാനി പള്ളി



**അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ കൂദാശ ചെയ്ത പുതുക്കി പണിത ദേവാലയം**



**പുതുക്കി പണിത ദേവാലയത്തിന്റെ ഉൾവശം**



അഭിവന്ദ്യ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ മുമ്പാകെ ഇടവക ട്രസ്റ്റി അഡ്വ.മൃദുൽ ജോൺ മാത്യു ഉടമ്പടി വായിക്കുന്നു.



ദേവാലയ പ്രതിഷ്ഠാ ശുശ്രൂഷയോടനുബന്ധിച്ച് നടന്ന പൊതുസമ്മേളനം മന്ത്രി ശ്രീ.വി.ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു. അഭിവന്ദ്യരായ ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പോലീത്താ, ആർച്ച് ബിഷപ്പ് സുസപാക്യം, സി.എസ്.ഐ. മോഡറേറ്റർ ധർമ്മരാജ് റസാലം, ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, മന്ത്രി ആന്റണി രാജു, ഡോ.ശശി തരൂർ എം.പി., വികാരി ഫിലിപ്പ് ജോർജ്, മുൻ വികാരി എം.ഒ.ഉമ്മൻ, പള്ളിപണി കൺവീനർ ഏബ്രഹാം തോമസ് പനച്ചമൂട്ടിൽ എന്നിവർ സമീപം.

**റവ. ഫിലിപ്പ് ജോർജ്**
(വികാരി)

Printed and Published by Rev. Mammen Samuel on behalf of the Malankara Sabha Tharaka, Tiruvalla.
Owned by The Mar Thoma Syrian Church and printed at Mar Thoma Press, Thiruvalla - 689 101 and published at Mar Thoma Sabha Office, Thiruvalla - 689 101, Kerala. Chief Editor: Rev. Dr. Easow Mathew